بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 8 | ലക്കം 12

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2023 മാർച്ച് 23/ഹി.ശം. 1402 അമാൻ 23/ ഹിജ്റ 1444 ശഅ്ബാൻ 30

## അല്ലാഹുവിന്റെ വചനം

رَبَّنَا لَا تَجۡعَلۡنَا فِتۡنَۃً لِّلَّذِیۡنَ کَفَرُوۡا وَاغۡفِرۡ لَنَا رَبَّنَا ۚ اِنَّکَ اَنۡتَ الۡعَزِیۡزُ الۡحَکِیۡمُ ۶

'ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ സത്യത്തെ നിഷേധിച്ചവർക്ക് ഒരു പരീക്ഷണപാത്രമാക്കരുതേ. ഞങ്ങളുടെ നാഥാ! ഞങ്ങൾക്കു നീ പൊറുത്തുതരേണമേ. തീർച്ചയായും നീ പ്രതാപവാനും അഗാധജ്ഞനുമാണ്.'(60:6)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## ജീവസുറ്റ അനുഗ്രഹങ്ങളും അടയാളങ്ങളും ഇസ്‌ലാമിനു മാത്രമുള്ളതാണെന്ന് ഞാനെന്റെ ശക്തമായ അടയാളങ്ങളാൽ കാണിച്ചിരിക്കുന്നു, വ്യക്തമായ നിലയിൽ കാണിച്ചിരിക്കുന്നു.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ


"നോക്കുകയും ശ്രദ്ധയോടെ കേൾക്കുകയും ചെയ്യുക! ബർക്കത്തുകൾ ഉൾക്കൊള്ളുന്നത് ഇസ്‌ലാം മാത്രമാണ്. മനുഷ്യനെ നിരാശനും അപജയനുമാക്കാൻ അത് വിടുന്നില്ല. ഞാൻ അവന്റെ ബർക്കത്തുകൾക്കും ജീവിതത്തിനും സത്യസാക്ഷ്യത്തിനുംവേണ്ടി മാതൃകയെന്നോണം നില്ക്കുന്നു എന്നതാണ് അതിനുള്ള തെളിവ്. തനിക്ക് എന്തെങ്കിലും ബന്ധം ആകാശവുമായിട്ടുണ്ടെന്ന് കാണിക്കാൻ ഒരു ക്രിസ്ത്യാനിക്കും സാധിക്കുകയില്ല. വിശ്വാസത്തിന്റെ അടയാളമായി പറഞ്ഞിട്ടുള്ളതും സത്യവിശ്വാസിയായ ക്രിസ്ത്യാനിക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ളതുമായ പർവതത്തോടു അതിന്റെ സ്ഥലത്തുനിന്ന് മാറാൻ പറഞ്ഞാൽ മാറുമെന്നുള്ള അടയാളം! അതവിടെ നില്ക്കട്ടെ, തിരിഞ്ഞു മറിഞ്ഞുപോയ പാദുകം നേരെയാക്കിക്കാണിക്കാൻ പോലും ക്രിസ്ത്യാനിക്ക് സാധിക്കുകയില്ല. എന്നാൽ, ജീവസുറ്റ അനുഗ്രഹങ്ങളും ജീവസുറ്റ അടയാളങ്ങളും ഇസ്‌ലാമിനുമാത്രമുള്ളതാണെന്ന് ഞാനെന്റെ ശക്തമായ അടയാളങ്ങളാൽ കാണിച്ചിരിക്കുന്നു, വ്യക്തമായ നിലയിൽ കാണിച്ചിരിക്കുന്നു. ഞാൻ നിരവധി നോട്ടീസുകൾ പ്രസിദ്ധീകരിച്ചു. ഒരു പ്രാവശ്യം പതിനാറായിരം നോട്ടീസുകളാണ് പ്രസിദ്ധീകരിച്ചത്. ഇപ്പോൾ അവരുടെ കൈയിൽ കള്ളക്കേസുകൾ കൊടുക്കലും വധോദ്യമത്തിന്റെ ആക്ഷേപവുമല്ലാതെ മറ്റൊന്നുമില്ല. എന്നെ അപമാനിക്കുന്നതിനുവേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്തു. എന്നാൽ, പ്രതാപവാനായ ദൈവത്തിന്റെ ദാസൻ എങ്ങനെ അപമാനിതനാകാനാണ്. ഏതൊന്നിലാണോ അവർ എന്റെ നിന്ദ്യത ആഗ്രഹിച്ചത് അതേ നിന്ദ്യതയിൽനിന്ന് നമ്മുടെ മാന്യത വെളിച്ചത്തുവന്നു. ദാലിക്ക ഫള്‌ലുല്ലാഹി യുഅ്തീഹി മൻയ്യശാഉ (ജുമുഅ:5). നോക്കൂ! ക്ലാർക്കിന്റെ കേസ്സില്ലായിരുന്നെങ്കിൽ ഇബ്റാഅ്ന്റെ ഇൽഹാം എങ്ങനെ പുലരാനാണ്. അത് കേസ്സു കൊടുക്കുന്നതിനുമുമ്പേ നൂറുക്കണക്കിന് ആളുകളിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞിരുന്നു.ദിവ്യദൃഷ്ടാന്തങ്ങളും തെളിവുകളുമുള്ളത് ഇസ്‌ലാമിൽ മാത്രമാണ്. ഇസ്‌ലാം മറ്റു വിളിക്കിന് ആശ്രയഭുതമല്ല. പ്രത്യുത അതു സ്വയം വിളക്കാണ്. അതിനുള്ള മാതൃക ഒരു മതത്തിലും കാണാത്തതും തെളിഞ്ഞതും ആലോചനയ്ക്കും ചിന്തയ്ക്കും ആവശ്യമില്ലാത്തതുമായ കാര്യങ്ങളാണ്. ചുരുക്കത്തിൽ മാതൃകയില്ലാത്തതായ ഒരു അധ്യാപനവും ഇസ്‌ലാമിലില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 454, പ്രസാധനം ഖാദിയാൻ 2018)

## തിരുനബിയുടെ തിരുമൊഴികൾ

### മാതാപിതാക്കൾക്ക് സേവനം ചെയ്ത് സ്വർഗത്തിൽ പ്രവേശിക്കാത്തവൻ നിർഭാഗ്യനാണ്.

(394)ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. അദ്ദേഹം പറഞ്ഞു: ഒരാൾ നബി(സ)തിരുമേനിയുടെ സന്നിധിയിലെത്തി. അയാൾ ചോദിച്ചു: ''ജനങ്ങളിൽ എന്റെ സൽപെരുമാറ്റത്തിന് കൂടുതൽ അർഹതപ്പെട്ടതാരാണ്?''നബി(സ)തിരുമേനി പറഞ്ഞു: ''നിന്റെ മാതാവ്.'' വീണ്ടും ചോദിച്ചു: ശേഷം ആരാണ്? നബി(സ)തിരുമേനി പറഞ്ഞു: ''നിന്റെ മാതാവ്.'' ആഗതൻ വീണ്ടും ചോദിച്ചു: ശേഷം ആരാണ്? നബി(സ) തിരുമേനി പറഞ്ഞു:''നിന്റെ പിതാവ്.'' അതിനുശേഷം മറ്റു ചാർച്ചക്കാർ, നീയുമായുള്ള അവരുടെ ബന്ധത്തിന്റെ നിലയനുസരിച്ച്. (ബുഖാരി കിതാബുൽ അദബ്)

(395)ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ''പരാജയപ്പെട്ടു, പരാജയപ്പെട്ടു, പരാജയപ്പെട്ടു.'' ആളുകൾ ചോദിച്ചു: ''അല്ലാഹുവിന്റെ റസൂലേ! ആരാണ്?'' നബി(സ)തിരുമേനി പറഞ്ഞു: ''സ്വന്തം മാതാപിതാക്കളെ അവരുടെ വാർധക്യകാലത്ത് പ്രാപിക്കുകയും എന്നിട്ട് അവരിൽ ഒരാൾക്കോ രണ്ടുപേർക്കുമോ സേവനം ചെയ്ത് സ്വർഗത്തിന്നർഹത നേടുകയും ചെയ്യാത്തവൻ.''(മുസ്‌ലിം കിതാബുൽബിർറി വസ്സ്വില)




ജുമുഅ ഖുത്വ്ബ 2023 ഫെബ്രുവരി 10 (സമ്പൂർണ തർജമ)

ജുമുഅ ഖുത്വ്ബ 2023 ഫെബ്രുവരി 17 (സമ്പൂർണ തർജമ)

**എല്ലാ പാപവും യഥാർഥത്തിൽ അന്യാരാധനയുടെ ശാഖകൾ തന്നെയാണ്. പാപത്തിന്നിരയായ മനുഷ്യൻ പാപത്തിൽ അകപ്പെടുന്നത് അവൻ അല്ലാഹുവിന്റെ സത്തയിലും(ദാത്ത്) സവിശേഷ ഗുണങ്ങളിലും(സ്വിഫാത്ത്)പരിപൂർണ വിശ്വാസവും തവക്കുലും ഉൾക്കൊള്ളാത്തതുകൊണ്ടാണ്. തൗഹീദിന്റെ കാര്യം നല്ലവർക്ക് ഒരു ബീജം എന്ന നിലയിലുള്ളതാണ്. എല്ലാ മതങ്ങളും എല്ലാ ഉൽകൃഷ്ട സ്വഭാവങ്ങളും ഇതേ കേന്ദ്രത്തിന്റെ ചുറ്റും വലം വെക്കുന്നു.**

സൂറ ബനീ ഇസ്റായീലിലെ 24-ാം വചനമായ *വഖളാ റബ്ബുക്ക അല്ലാ തഅ്ബു ദൂ ഇല്ലാ ഇയ്യാഹു വബിൽ വാലിദയ്നി ഇഹ്സാനൻ- ഇമ്മാ യബ്ലുഗന്ന യിൻദക്കൽ കിബറ അഹദുഹുമാ ഔ കിലാഹുമാ ഫലാ തഖുല്ലഹുമാ ഉഫ്ഫിൻ വലാ തൻഹർഹുമാ വ ഖുല്ലഹുമാ ഖൗലൻ കരീമൻ.* (തന്നെയല്ലാതെ മറ്റാരേയും നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ നാഥൻ ശക്തമായ ആജ്ഞ നല്കിയിരിക്കുന്നു;മാതാപിതാക്കളോടു നല്ല രീതിയിൽ പെരുമാറണമെന്നും. അവർ രണ്ടുപേരിൽ ഒരാളോ അല്ലെങ്കിൽ രണ്ടുപേരുമോ നിന്റെയടുക്കൽ(നിന്റെ ജീവിതകാലത്ത്)വാർധക്യം പ്രാപിക്കുകയാണെങ്കിൽ നീ അവരോടു 'ഛെ' എന്നു (പോലും) പറഞ്ഞുപോകരുത്. നീ അവർ രണ്ടുപേരോടും കയർത്തു സംസാരിക്കുകയുമരുത്. അവർ ഇരുവരോടും മാന്യമായ വാക്ക് പറയുക) എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: വിശുദ്ധ ഖുർആൻ ഏറ്റവും ആദ്യത്തെ കല്പന തൗഹീദിന്റെ സംസ്ഥാപനവും അന്യാരാധനയുടെ നിഷേധവുമാണ് നല്കിയിട്ടുള്ളത്. ലോകത്ത് ഭരണങ്ങൾ ലഭിക്കുമ്പോൾ അതിനോടൊപ്പം അന്ധവിശ്വാസവും അന്യാരാധനയും ഉണ്ടാകാനും തുടങ്ങുന്നു. അതുകൊണ്ട് എവിടെയാണോ അഭിവൃദ്ധിയെ കുറിച്ചുള്ള പ്രവചനങ്ങൾ ചെയ്യപ്പെട്ടിട്ടുള്ളത് അവിടെ ഭാവിയിലെ അപകടങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള കല്പന നല്കുകയും അവയെ കുറിച്ച് അറിയിപ്പു നല്കുകയും ചെയ്തു. തൗഹീദ് അഥവാ ഏകദൈവത്വ സിദ്ധാന്തത്തെ മുന്തിച്ചുവെച്ചത് ശിർക്ക് അഥവാ അന്യാരാധനകൂടാതെ ഒരു പാപവും ഉണ്ടാകുകയില്ലെന്നതുകൊണ്ടാണ്.

എന്റെ നോട്ടത്തിൽ എല്ലാ പാപവും യഥാർഥത്തിൽ അന്യാരാധനയുടെ ശാഖകൾ തന്നെയാണ്. പാപത്തിന്നിരയായ മനുഷ്യൻ പാപത്തിൽ അകപ്പെടുന്നത് അവൻ അല്ലാഹുവിന്റെ സത്തയിലും(ദാത്ത്)സവിശേഷ ഗുണങ്ങളിലും(സ്വിഫാത്ത്) പരിപൂർണ വിശ്വാസവും തവക്കുലും ഉൾക്കൊള്ളാത്തതുകൊണ്ടാണ്. തൗഹീദിന്റെ കാര്യം നല്ലവർക്ക് ഒരു ബീജം എന്ന നിലയിലുള്ളതാണ്. എല്ലാ മതങ്ങളും എല്ലാ ഉൽകൃഷ്ട സ്വഭാവങ്ങളും ഇതേ കേന്ദ്രത്തിന്റെ ചുറ്റും വലംവെക്കുന്നു. തൗഹീദിന്റെ വിശ്വാസം സ്വീകരിക്കാതിരിക്കുകയാണെങ്കിൽ പ്രകൃതിനിയമത്തിന്റേയും ശരീഅത്ത് നിയമത്തിന്റേയും (ശേഷം പേജ് 7ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**"ആകാശത്തിൻകീഴിൽ യഥാർഥമായ ആ പ്രിയതമന്റെ മുഖം കാണിക്കുന്ന ഒരേയൊരു ഗ്രന്ഥമെയുള്ളു, വിശുദ്ധഖുർആൻ."**
**(ഹദ്റത്ത് മസീഹ് മൗഊദ്(അ))**

മുസ്‌ലിമീങ്ങൾ കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുകയും വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളെ മനസ്സിലാക്കി, അതനുസരിച്ച് കർമങ്ങൾ ചെയ്യുകയുമാണെങ്കിൽ അമുസ്‌ലിമീങ്ങൾക്ക് വിശുദ്ധ ഖുർആനിനെ നിന്ദിക്കാൻ തന്റേടമുണ്ടാകുമായിരുന്നില്ല.

**സന്മാർഗപ്രാപ്തിക്കുള്ള മാർഗം ഇപ്പോൾ വിശുദ്ധഖുർആൻ മാത്രമാണ്.**

ദൈവത്തെ അടുത്ത ലോകത്ത് കാണണമെങ്കിൽ എങ്ങനെയാണ് കാണുകയെന്ന് ആളുകൾ ചോദിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'വിശുദ്ധ ഖുർആനിന്റെ അധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്യുകയാണെങ്കിൽ ഇതേ ലോകത്ത് ദൈവത്തെ കാണുന്നതായിരിക്കും."

**"മുഴുലോകത്തും മറഞ്ഞിരിക്കുന്ന ആ ദൈവം വിശുദ്ധ ഖുർആൻ മുഖേനമാത്രമാണ് ദൃശ്യമാകുന്നത്." (ഹദ്റത്ത് മസീഹ് മൗഊദ്(അ))**

വിശുദ്ധ ഖുർആൻ അനുസരിച്ച് കർമങ്ങൾ ചെയ്യുന്നവൻ ഉദാത്തമായ ശ്രേഷ്ഠതകൾ കൈവരിക്കുകയും അല്ലാഹുവുമായി സത്യപൂർണമായൊരു ബന്ധം ഉണ്ടാകാൻ തുടങ്ങുകയും ചെയ്യുന്നു.

ശാരീരികവും ആത്മീയവുമായ ചികിത്സയ്ക്കും വിശുദ്ധ ഖുർആനിൽനിന്ന് ശരിയായ സഹായം ലഭിക്കുന്നു.

**അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാനുള്ള യഥാർഥ മാർഗം വിശുദ്ധ ഖുർആൻ തന്നെയാണ്.**

അതിൽ ഒരു പ്രബലമായ ശക്തിയുണ്ട്. അതിനെ പിന്തുടരുന്നവർക്ക് അത് അനുമാനപരമായ ഈശ്വരജ്ഞാനത്തിൽനിന്ന് അനുഭവപരമായ ഈശ്വരജ്ഞാനംവരെ കൊണ്ടെത്തിക്കുന്നു."(ഹദ്റത്ത് മസീഹ് മൗഊദ്(അ))

"വിശുദ്ധ ഖുർആനിലെ പ്രബലമായ ശക്തികളിൽ ഒരു ശക്തി എന്നു പറയുന്നത് അതിനെ അനുധാവനം ചെയ്യുന്നവർക്ക് ദിവ്യദൃഷ്ടാന്തങ്ങൾ നല്കപ്പെടുന്നു എന്നതാണ്. അത് എത്രമാത്രം അധികമാണെന്നാൽ ലോകത്തിന് അവയെ നേരിടാൻ സാധിക്കുകയില്ല."(ഹദ്റത്ത് മസീഹ് മൗഊദ്(അ))

ഇക്കാലഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ദൃഷ്ടാന്തങ്ങളോടുകൂടി അയച്ചു. ദൃഷ്ടാന്തങ്ങളുടെ പരമ്പര ഇന്നും നടന്നുവരുന്നു. അല്ലാഹുവിന്റെ ഗ്രന്ഥത്തെ ശരിയായ നിലയിൽ പിൻപറ്റുന്നവർ ആരായാലും അല്ലാഹു അവനേയും എന്തെങ്കിലുമൊക്കെ കുറച്ച് രുചി ആസ്വദിപ്പിച്ചുകൊണ്ടിരിക്കുന്നു.

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജ്ഞാനനിർഭരമായ മാർഗനിർദേശങ്ങളുടെ വെളിച്ചത്തിൽ വിശുദ്ധ ഖുർആനിന്റെ ശ്രേഷ്ഠതയേയും മഹത്വത്തേയും കുറിച്ചുള്ള വിവരണം.**

**ഖുത്ബ ജുമുഅ ഖുത്ബ ജുമുഅ 2023 ഫെബ്രുവരി 10/1401 തബ്‌ലീഗ് 10**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കഴിഞ്ഞ ഖുത്ബയിൽ വിശുദ്ധ ഖുർആനിന്റെ മഹത്ത്വത്തെയും പ്രാധാന്യത്തെയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങളാണ് കേൾപ്പിച്ചിരുന്നത്. ഇന്ന് ഇതേ വിഷയത്തിൽ കുറച്ചു കൂടി കാര്യങ്ങൾ സമർപ്പിക്കാം.

വിശുദ്ധ ഖുർആനിന്റെ മേന്മകളെയും പ്രാധാന്യങ്ങളെയും കുറിച്ച് വിവരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥമായ തുഹ്ഫയെ ഖയ്സരിയയിൽ പറയുന്നു. ഈ ഗ്രന്ഥം വിക്ടോറിയ രാജ്ഞിയുടെ ഡയമണ്ട് ജൂബിലിയുടെ അവസരത്തിൽ ആ മഹാത്മാവ് രചിച്ചതാണ്. ഇതിൽ രാജ്ഞിക്ക് ഇസ്‌ലാമിന്റെ സന്ദേശം നൽകുകയും ചെയ്യുന്നുണ്ട്. ഈ പുസ്തകത്തിൽ ആ മഹാത്മാവ് പറയുന്നു: വിശുദ്ധ ഖുർആൻ അതിസൂക്ഷ്മമായ യുക്തിജ്ഞാനങ്ങളാൽ നിറഞ്ഞിരിക്കുന്നു. ഓരോ അധ്യാപനത്തിലും ഇഞ്ചീലിനെ അപേക്ഷിച്ച് യഥാർഥ നന്മ പഠിപ്പിക്കുന്നതിനുവേണ്ടി അത് ഒരു ചുവടു മുന്നിലാണുള്ളത്. പ്രത്യേകിച്ചും സത്യവാനും മാറ്റമില്ലാത്തവനുമായ ദൈവത്തെ കാണിക്കുന്ന വിളക്ക് വിശുദ്ധ ഖുർആനിന്റെ കൈയിൽ മാത്രമേയുള്ളൂ. ഇത് ലോകത്ത് വന്നില്ലായിരുന്നുവെങ്കിൽ ലോകത്ത് സൃഷ്ടിപൂജയുടെ കണക്ക് എവിടേക്കെത്തുമെന്ന് അല്ലാഹുവിന് മാത്രമേ അറിയൂ. ആയതിനാൽ ഭൂമിയിൽനിന്ന് നഷ്ടമായിരുന്ന ദൈവത്തിന്റെ ഏകത്വം ഭൂമിയിൽ വീണ്ടും സ്ഥാപിക്കുകയുണ്ടായി എന്നതിൽ കൃതജ്ഞത പ്രകടിപ്പിക്കേണ്ട സന്ദർഭമാണിത്." (തുഹ്ഫയെ ഖയ്സരിയ്യ, റൂഹാനീ ഖസാഇൻ വാല്യം 12, പേജ്282)

അക്കാലഘട്ടത്തിൽ ഇത്രയും ധൈര്യത്തോടുകൂടി ഇന്ത്യൻ രാജ്ഞിക്ക് ഇങ്ങനെ സന്ദേശമയക്കുകയും ഇസ്‌ലാമിക പ്രചാരണം നടത്തുകയും ചെയ്ത മറ്റാരെങ്കിലും ഉണ്ടോ

ഇസ്‌ലാമിന്റേയും ഖുർആനിന്റേയും മഹത്ത്വം വിവരിക്കാൻ ഈ ധൈര്യമൊന്നും ഇല്ലാത്ത ഇന്നത്തെ ആളുകൾ നമ്മളെ കുറിച്ച് പറയുന്നത് നഊദു ബില്ലാഹ് ഹദ്റത്ത് മസീഹ് മൗഊദും(അ) അഹ്മദിയ്യാ ജമാഅത്തും വിശുദ്ധ ഖുർആനിനെ അപഹസിക്കുന്നു എന്നാണ്. അമുസ്‌ലിമീങ്ങൾ അവരുടെ നീക്കങ്ങൾ കാണുമ്പോൾ ഇസ്‌ലാം ശത്രുതയിൽ അന്ധരായിത്തീരുന്നു. വിശുദ്ധ ഖുർആനിന്റെ മഹത്ത്വം തിരസ്കരിക്കാൻ കഴിയാത്തതുകൊണ്ട് മനസ്സിന് സമാധാനം കിട്ടാൻ വേണ്ടി വിശുദ്ധ ഖുർആനിന്റെ പ്രതികൾ കത്തിച്ചുകൊണ്ട് തങ്ങളുടെ ഹൃദയത്തിലുള്ള രോഷം പ്രകടിപ്പിക്കുന്നു. സ്വീഡനിലും സ്കാന്റിനേവിയൻ രാജ്യങ്ങളിലും കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായതുപോലെ.

മുസ്‌ലിമീങ്ങൾ കാലത്തിന്റെ ഇമാമിനെ അംഗീകരിക്കുകയും വിശുദ്ധ ഖുർആനിന്റെ പാഠങ്ങൾ മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തിരുന്നെങ്കിൽ അമുസ്‌ലിമീങ്ങൾക്ക് ഒരിക്കലും വിശുദ്ധ ഖുർആനിനെ അപഹസിക്കാൻ തന്റേടമുണ്ടാകുമായിരുന്നില്ല. അല്ലാഹുതന്നെ ഇവർക്ക് ബുദ്ധി നൽകുമാറാകട്ടെ.

വിശുദ്ധ ഖുർആൻ മാത്രമാണ് ഇനി സന്മാർഗസിദ്ധിക്കുള്ള മാർഗം എന്ന് വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: "ഇസ്‌ലാം അനുഗൃഹീതവും ദൈവോന്മുഖവുമായ മതമാകുന്നു. ആരെങ്കിലും സത്യസന്ധമായി അതിനെ പാലിക്കുകയും അല്ലാഹുവിന്റെ സത്യസന്ധമായ ഖുർആനിലുള്ള അധ്യാപനങ്ങളെയും സന്മാർഗ്ഗത്തെയും അനുശാസനകളെയും പ്രാവർത്തികമാക്കുകയുമാണെങ്കിൽ അയാൾ ഈ ലോകത്ത് തന്നെ അല്ലാഹുവിനെ കാണുന്നതായിരിക്കും."

ആളുകൾ ചോദിക്കുന്നത് പരലോകത്ത് എങ്ങനെയാണു ദൈവത്തെ കാണാൻ കഴിയുക എന്നാണ്. ആ മഹാത്മാവ് പറയുന്നു: "വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ പ്രവർത്തികമാക്കുകയാണെങ്കിൽ നിങ്ങൾക്ക് ഇഹലോകത്തുതന്നെ അല്ലാഹുവിനെ കാണാൻ കഴിയുന്നതാണ്. ലോകത്തിന്റെ ദൃഷ്ടിയിൽനിന്ന് ആയിരക്കണക്കിന് ആവരണങ്ങൾക്കകത്തുള്ള ദൈവത്തെ കണ്ടെത്താൻ ഖുർആനിക അധ്യാപനമല്ലാതെ മറ്റൊരു മാർഗവുമില്ല. വിശുദ്ധ ഖുർആൻ ബുദ്ധിപരമായും സ്വർഗീയ ദൃഷ്ടാന്തങ്ങൾ മുഖേനയും വളരെ എളുപ്പത്തിലും സരളമായ മാർഗത്തിലൂടെയും അല്ലാഹുവിലേക്ക് വഴി നടത്തുന്നു."

അതിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ദൈവാസ്തിക്യം മനസ്സിലാകുന്നതിനുള്ള അടയാളങ്ങൾ വെളിപ്പെടുന്നതാണ്. ആ മഹാത്മാവ് പറയുന്നു: "അതിലൊരു അനുഗ്രഹവും ആകർഷണ ശക്തിയുമുണ്ട്. അത്

ദൈവാന്വേഷിയെ അനുനിമിഷം അല്ലാഹുവിലേക്ക് വലിച്ചടുപ്പിക്കുകയും പ്രകാശവും സമാധാനവും സംതൃപതിയും പ്രദാനം ചെയ്യുകയും ചെയ്യുന്നതാണ്. വിശുദ്ധ ഖുർആനിൽ സത്യസന്ധമായ വിശ്വാസമുള്ളയാൾ കേവലം തത്ത്വചിന്തകന്മാരെപോലെ ഈ യുക്തിഭദ്രമായ ലോകത്തെ സൃഷ്ടിക്കാൻ ഒരാളുണ്ടാകണമെന്ന അനുമാനത്തിൽ മാത്രം കഴിയുന്നതല്ല. മറിച്ച് അയാൾ ഒരു വ്യക്തിഗതമായ ഉൾക്കാഴ്ച കരസ്ഥമാക്കുകയും ഒരു പരിശുദ്ധ ദൃഷ്ടിയാൽ അനുഗ്രഹിക്കപ്പെട്ടുകൊണ്ട് ദൃഢവിശ്വാസത്തിന്റെ കണ്ണുകളാൽ യഥാർഥത്തിൽ സൃഷ്ടികർത്താവ് ഉണ്ടെന്ന് കാണുന്നതായിരിക്കും. ആ പരിശുദ്ധ വചനങ്ങളുടെ പ്രകാശം കരസ്ഥമാകുന്നയാൾ കേവലം ഊഷരമായ യുക്തിവാദികളെ പോലെ പങ്കുകാരില്ലാത്ത ദൈവമുണ്ടെന്ന ചിന്തയിൽ മാത്രം ഒതുങ്ങുന്നതല്ല. മറിച്ച് നൂറുക്കണക്കിന് പ്രകാശമാനമായ ദൃഷ്ടാന്തങ്ങൾ, അത് അയാളുടെ കൈപിടിച്ചുകൊണ്ട് അയാളെ ഇരുട്ടിൽ നിന്ന് പുറത്തുകൊണ്ട് വരുകയും യഥാർഥരീതിയിൽ സത്തയിലും സവിശേഷഗുണങ്ങളിലും ദൈവത്തിനു സമാനമായി ആരുമില്ലെന്നും കാണുന്നതാണ്. അത്രമാത്രമല്ല മറിച്ച് കർമഫലമായി ലോകത്തിന് അത് കാണിച്ചുകൊടുക്കുന്നതു പോലെതന്നെ ദൈവത്തെ മനസ്സിലാക്കുകയും ചെയ്യുന്നു. ഏക ദൈവത്തിന്റെ മഹത്ത്വം അവന്റെ ഹൃദയത്തിൽ സന്നിവേശിപ്പിക്കപ്പെടുന്നു. അതായത് അവൻ ദൈവികോദ്ദേശ്യങ്ങൾക്ക് മുന്നിൽ മുഴുവൻ ലോകത്തെയും ചത്ത് കിടക്കുന്ന കീടത്തെപോലെ അല്ലെങ്കിൽ അതിലുമുപരി ഒന്നുമല്ലെന്നും മുഴുവനും വ്യർഥമാണെന്നും മനസ്സിലാക്കുന്നു."(ബറാഹീനെ അഹ്മദിയ്യ ഭാഗം 5, റൂഹാനീ സാഇൻ വാല്യം 21, പേജ് 25–26)

വിശുദ്ധ ഖുർആനിൽ വൈജ്ഞാനികവും കർമപരവുമായ സന്മാർഗത്തിന്റെ സമ്പൂർത്തീകരണമാണുള്ളതെന്ന് വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: 'ഓർക്കുക! വിശുദ്ധ ഖുർആനിൽ വൈജ്ഞാനികവും കർമപരവുമായ സമ്പൂർത്തിക്കുള്ള സന്മാർഗമാണുള്ളത്. പൂർണമായ വിജ്ഞാനങ്ങൾകൊണ്ട് അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു, കർമപരമായ സന്മാർഗ്ഗവും നൽകപ്പെട്ടിരിക്കുന്നു. അതുകൊണ്ട് പറയുന്നു, '*ഇഹ്ദിനസ്സ്വിറാത്ത*'യിൽ വൈജ്ഞാനികമായ സമ്പൂർത്തിയിലേക്കുള്ള സൂചനയാണുള്ളത്. അതായത് വിശുദ്ധ ഖുർആൻ മാത്രമാണ്, അഥവാ അതിന്റെ അധ്യാപനമാണ് ശരിയായ മാർഗത്തിലേക്ക് വഴി നടത്തുന്ന കർമപരമായ സമ്പൂർത്തിയെ സംബന്ധിച്ച് വിവരിച്ച സമ്പൂർണ ഗ്രന്ഥം. *സ്വിറാത്തല്ലദീന അൻ അംത അലയ്ഹിം* എന്ന് അതിൽ പറയുന്നു. പരിപൂർണവും പരിപക്വവുമായ തലങ്ങൾ ഇതുമൂലം ലഭ്യമാകുന്നതാണ്. കർമപരമായ പുരോഗതിക്ക് അനുഗ്രഹസിദ്ധരായ ആളുകളുടെ മാർഗത്തിലൂടെ ചലിക്കാനുള്ള പ്രാർഥന ഉണ്ട്. ആരാണ് സന്മാർഗസിദ്ധരായ ആളുകളെന്ന് കഴിഞ്ഞ ജുമുഅയിൽ പരാമർശിച്ചിരുന്നു. അവർ നബിമാരും സിദ്ദീഖുമാരും ശഹീദുമാരും സ്വാലിഹ്മാരുമാണ്. പിന്നെ അവർക്കുള്ള ഉദാഹരണങ്ങളുമുണ്ട്. ഈ കാലഘട്ടത്തിലും സന്മാർഗസിദ്ധരായ ആളുകളുണ്ട്. അവർക്ക് ദൈവികാനുഗ്രഹങ്ങൾ ലഭ്യമായിക്കൊണ്ടിരിക്കുന്നു. അവിടന്ന് പറഞ്ഞു: ഒരു ചെടി നട്ടു പിടിപ്പിക്കുമ്പോൾ അതിനെ പൂർണമായും പരിപാലിക്കുന്നില്ലെങ്കിൽ ഫലങ്ങളും പുഷ്പങ്ങളും ഉണ്ടാകുന്നതല്ല. അതുപോലെ ഏതെങ്കിലും സന്മാർഗത്തിന്റെ ഉന്നതവും സംമ്പൂർത്തീകരിക്കപ്പെട്ടതുമായ ഫലങ്ങളുണ്ടാകുന്നില്ലെങ്കിൽ ആ സന്മാർഗം മൃതമാകുന്നു. അതിനുള്ളിൽ വളരാനുള്ള കഴിവോ ശക്തിയോ ഇല്ല. വേദങ്ങളുടെ അധ്യാപനങ്ങളനുസരിച്ച് പൂർണമായും കർമങ്ങൾ ചെയ്യുകയാണെങ്കിൽ സ്ഥായിയായ മുക്തി അഥവാ മോക്ഷം കിട്ടുമെന്ന് പ്രതീക്ഷിക്കാൻ വകയില്ല. കൃമികീടങ്ങളാകുന്ന അവസ്ഥയിൽ നിന്ന് പുറത്തുവന്ന് സ്ഥായിയായ സന്തോഷം ലഭ്യമാകണം. പക്ഷേ, അതിന്റെ സന്മാർഗം കൊണ്ട് എന്ത് കിട്ടാനാണ്? എന്നാൽ, വിശുദ്ധ ഖുർആൻ നൽകുന്ന സന്മാർഗത്തെ പ്രാവർത്തികമാക്കുമ്പോൾ ഉന്നത തലത്തിലുള്ള ശ്രേഷ്ഠതകൾ കരസ്ഥമാക്കുന്നു. അല്ലാഹുവുമായി ഒരു സത്യസന്ധമായ ബന്ധമുണ്ടാകാൻ തുടങ്ങുന്നു.

എത്രോത്തോളമെന്നാൽ അയാളുടെ സൽകർമങ്ങൾ ഖുർആനിക അധ്യാപനമനുസരിച്ച് ചെയ്യപ്പെടുമ്പോൾ അത് വിശുദ്ധ ഖുർആൻ ഉദാഹരിക്കുന്ന ഒരു പരിശുദ്ധ വൃക്ഷം പോലെയാകുന്നു. അതു വളരുകയും പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്നു. അതിലൊരു പ്രത്യേകതരം മധുരവും രുചിയുമുണ്ടാകുന്നതായിരിക്കും."(മൽഫൂദാത്ത് വാല്യം 1, പേജ് 188–189, 1984 പതിപ്പ്)

വീണ്ടും പറയുന്നു: വിശുദ്ധ ഖുർആൻ വലിയ വലിയ കുഴപ്പങ്ങൾ വ്യാപിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ ലോകത്തു വന്ന വിശുദ്ധ ഗ്രന്ഥമാകുന്നു. അന്ന് നിരവധി വിശ്വാസപരവും കർമപരവുമായ അബദ്ധങ്ങൾ നിലവിലുണ്ടായിരുന്നു. ഏറെക്കുറെ എല്ലാ മനുഷ്യരും ദുഷ്കർമങ്ങളിലും തെറ്റായ വിശ്വാസങ്ങളിലും ബന്ധിതരായിരുന്നു. അതിലേക്ക് സൂചന നൽകികൊണ്ട് അല്ലാഹു പറയുന്നു: *ളഹറൽ ഫസാദു ഫിൽബർറി വൽബഹ്രി*(അർറൂം:42) അതായത് എല്ലാ ആളുകളും ഗ്രന്ഥാനുസരികളാകട്ടെ മറ്റുള്ള ആളുകളാകട്ടെ സകലരും അബദ്ധവിശ്വാസങ്ങളിൽ അകപ്പെട്ടിട്ടുണ്ടായിരുന്നു. ലോകത്ത് വലിയ കുഴപ്പങ്ങളുണ്ടായിരുന്നു. അക്കാലഘട്ടത്തിൽ അല്ലാഹു എല്ലാ അബദ്ധവിശ്വാസങ്ങളെയും ഇല്ലാതാക്കാൻ വിശുദ്ധ ഖുർആൻ എന്ന സമ്പൂർണ ഗ്രന്ഥം നമ്മുടെ സന്മാർഗത്തിന് അയച്ചു. അതിൽ എല്ലാ പൊയ്മതങ്ങളുടെയും ഖണ്ഡനമുണ്ട്. പ്രത്യേകിച്ചും അഞ്ചുനേര നമസ്കാരങ്ങളിൽ ഓരോ റക്അത്തിലും പാരായണം ചെയ്യുന്ന സൂറ ഫാത്തിഹയിൽ സൂചനയെന്നോണം എല്ലാ വിശ്വാസങ്ങളെയും പരാമർശിച്ചിട്ടുണ്ട്. പറയുന്നു: *അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ.*(ഫാത്തിഹാ:2) അതായത് സകല ശ്രേഷ്ഠതകളും അല്ലാഹുവിന് മാത്രം അനുഗുണമാകുന്നു. അവൻ സകല ലോകത്തെയും സൃഷ്ടിച്ചവനുമാണ്. *അർറഹ്മാൻ.* അവൻ കർമങ്ങളില്ലാതെ നൽകുന്നവനാകുന്നു. അതായത് കർമങ്ങളൊന്നുമില്ലെങ്കിലും അവൻ അനുഗ്രഹിക്കുന്നു. അവടന്ന് പറഞ്ഞു: ഒരു ചെടി നട്ടു പിടിപ്പിക്കുമ്പോൾ അതിനെ പൂർണമായും പരിപാലിക്കുന്നില്ലെങ്കിൽ ഫലങ്ങളും പുഷ്പങ്ങളും ഉണ്ടാകുന്നതല്ല. അതുപോലെ ഏതെങ്കിലും സന്മാർഗത്തിന്റെ ഉന്നതവും സമ്പൂർത്തീകരിക്കപ്പെട്ടതുമായ ഫലങ്ങളുണ്ടാകുന്നില്ലെങ്കിൽ ആ സന്മാർഗം മൃതമാകുന്നു. അതിനുള്ളിൽ വളരാനുള്ള കഴിവോ ശക്തിയോ ഇല്ല. വേദങ്ങളുടെ അധ്യാപനങ്ങളനുസരിച്ച് പൂർണമായും കർമങ്ങൾ ചെയ്യുകയാണെങ്കിൽ സ്ഥായിയായ മുക്തി അഥവാ മോക്ഷം കിട്ടുമെന്ന് പ്രതീക്ഷിക്കാൻ വകയില്ല. കൃമികീടങ്ങളാകുന്ന അവസ്ഥയിൽനിന്ന് പുറത്തുവന്ന് സ്ഥായിയായ സന്തോഷം ലഭ്യമാകണം. പക്ഷേ, അതിന്റെ സന്മാർഗംകൊണ്ട് എന്ത് കിട്ടാനാണ്? എന്നാൽ, വിശുദ്ധ ഖുർആൻ നൽകുന്ന സന്മാർഗത്തെ പ്രാവർത്തികമാക്കുമ്പോൾ ഉന്നതതലത്തിലുള്ള ശ്രേഷ്ഠതകൾ കരസ്ഥമാകുന്നു. അല്ലാഹുവുമായി ഒരു സത്യസന്ധമായ ബന്ധമുണ്ടാകാൻ തുടങ്ങുന്നു.

എത്രേത്തോളമെന്നാൽ അയാളുടെ സൽകർമങ്ങൾ ഖുർആനിക അധ്യാപനമനുസരിച്ച് ചെയ്യപ്പെടുമ്പോൾ അത് വിശുദ്ധ ഖുർആൻ ഉദാഹരിക്കുന്ന ഒരു പരിശുദ്ധ വൃക്ഷം പോലെയാകുന്നു. അതു വളരുകയും പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്നു. അതിലൊരു പ്രത്യേകതരം മധുരവും രുചിയുമുണ്ടാകുന്നതായിരിക്കും." റഹ്മാനിയ്യത്ത് പ്രവൃത്തിക്കുന്നു. *അർറഹീം.* അവൻ കർമങ്ങൾക്ക് ഫലം നല്കുന്നവനാണ്. എന്തെങ്കിലും പ്രവൃത്തിച്ചാൽ അതിന് ഫലമുളവാകുന്നു. പ്രാർഥിക്കുമ്പോൾ അത് സ്വീകരിക്കുന്നു. അവൻ *മാലിക്ക് യൗമിദ്ദീൻ* ആണ്. രക്ഷ ശിക്ഷയുടെ നാളിന്റെ ഉടമസ്ഥനാണ്. രക്ഷാ ശിക്ഷകൾ ഇഹലോകത്തും പരലോകത്തുമുണ്ട്. പറയുന്നു: ഈ നാല് ഗുണവിശേഷങ്ങളിൽ ലോകത്തിലെ സകല കക്ഷികളെ കുറിച്ചും വിവരിച്ചിട്ടുണ്ട്."(മൽഫൂദാത്ത് വാല്യം 10, പേജ് 31–32, 1984 പതിപ്പ്)

ഇനി അവധാനതയോടുകൂടി മനുഷ്യൻ അഞ്ചുനേര നമസ്കാരങ്ങളിൽ ഇത് ഓതുകയാണെങ്കിൽ വലിയ ആധ്യാത്മിക ജ്ഞാനം കരസ്ഥമാക്കാനും കഴിയുന്നതാണ്.

വിശുദ്ധ ഖുർആൻ ഒരു മുഅ്ജിസ അഥവാ അത്ഭുതമാണെന്ന് പറഞ്ഞുകൊണ്ട് ആ മഹാത്മാവ് വിവരിക്കുന്നു: "മുഅ്ജിസ വാസ്തവത്തിൽ അഭൗമികമായ അവസ്ഥയ്ക്കാണ് പറയുന്നത്. അതായത് എതിരാളി അതിന് തത്തുല്യമായത് സമർപ്പിക്കുന്ന കാര്യത്തിൽ നിസ്സഹായനായിത്തീരും. ഒരു ഉദാഹരണം പോലും സമർപ്പിക്കാൻ കഴിയില്ല. അത് പ്രത്യക്ഷത്തിൽ മനുഷ്യശക്തിക്കതീതമായി കാണപ്പെടുന്നതാണ്. ഉദാഹരണത്തിന് വിശുദ്ധ ഖുർആൻ ഒരു മുഅ്ജിസ അഥവാ ദിവ്യാത്ഭുതമാകുന്നു. അത് അറേബ്യൻ രാജ്യത്തിലെ സകല നിവാസികൾക്കു മുന്നിലുമാണ് സമർപ്പിക്കപ്പെട്ടത്. അത് പ്രത്യക്ഷത്തിൽ മനുഷ്യകഴിവിന് ഉള്ളിലാണെന്ന് തോന്നിയേക്കാം. എന്നാൽ, അതിന് സമാനമായത് സമർപ്പിക്കുന്നതിൽ അറേബ്യായിലെ സകല നിവാസികളും നിസ്സഹായരായിരുന്നു. ആകയാൽ മുഅ്ജിസത്തിന്റെ യാഥാർഥ്യം മനസ്സിലാക്കുന്ന കാര്യത്തിൽ വിശുദ്ധ ഖുർആനിന്റെ വചനങ്ങൾ വളരെ പ്രകാശമാനമായ ഉദാഹരണമാകുന്നു. പ്രത്യക്ഷത്തിൽ അത് ഒരു വചനം മാത്രമാണ്. മനുഷ്യവചനങ്ങൾ പോലെതന്നെ! ഗാംഭീര്യമുള്ള പ്രഭാഷണത്തിന്റെ അടിസ്ഥാനത്തിലും വളരെയേറെ സ്വാദിഷ്ടവും പരിശുദ്ധവും വർണ്ണാഭവുമായ വാക്കുകളുടെ കാര്യത്തിൽ അത് എല്ലാ ഇടങ്ങളിലും സത്യവും യുക്തിയും പാലിക്കുന്നതിൽ ബദ്ധശ്രദ്ധമാണ്. മാത്രമല്ല പ്രകാശിതമായ അടയാളങ്ങളുടെ കാര്യത്തിൽ ലോകത്തിന്റെ മുഴുവനും എതിർ തെളിവുകൾക്കുമേൽ അതിജയിച്ചു നിൽക്കുകയും ചെയ്യുന്നു. മാത്രമല്ല ഉഗ്ര പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ അത് മറുപടിയില്ലാത്ത മഹാത്ഭുതമാകുന്നു. അത് ആയിരത്തിമുന്നൂറ് വർഷങ്ങൾ അതായത് ഇതുവരെയായും ഒരെതിരാളിക്കും അതിനെ നേരിടാൻ കഴിഞ്ഞിട്ടില്ല. ആർക്കും തന്നെ അതിന് ശക്തിയുമില്ല. വിശുദ്ധ ഖുർആന് സകല ഗ്രന്ഥങ്ങൾക്കുമേലും ഒരു വേർതിരിവുണ്ട്. അതായത് അത്ഭുതകരമായ പ്രവചനങ്ങളെയും അത്ഭുതാവഹമായ വാക്കുകളിൽ ഉന്നതമായ സാഹിത്യ സമ്പുഷ്ടിയോടുകൂടിയും സത്യവും യുക്തിയും നിറഞ്ഞ നിലയിലും വിവരിക്കുന്നു. ചുരുക്കത്തിൽ അടിസ്ഥാനപരവും ഘനവത്തുമായ ലക്ഷ്യം എന്തെന്നാൽ മുഅ്ജിസകൾ മുഖേന സത്യവും അസത്യവും സത്യവാനും വ്യാജവാദിയും തമ്മിൽ വ്യതിരിക്തത കാണിക്കുകയാണ്. അത്തരം വേർതിരിച്ച് കാണിക്കുന്നതിന്റെ പേരാണ് മുഅ്ജിസത്ത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ ദിവ്യദൃഷ്ടാന്തം. ദിവ്യദൃഷ്ടാന്തമെന്നതു കൂടാതെ അല്ലാഹുവിന്റെ അസ്തിത്വത്തിൽ ദൃഢബോധ്യമുണ്ടാകാൻ സാധ്യമല്ല. മാത്രമല്ല ദൃഢബോധ്യത്തിലൂടെ ലഭ്യമാകുന്ന ഫലങ്ങളും കിട്ടുകയില്ല. മതത്തിന്റെ അടിസ്ഥാനം സത്യവാനായ ദൈവത്തിന്റെ അസ്തിത്വത്തെ തിരിച്ചറിയുന്നതുമായി ബന്ധിതമാണെന്ന കാര്യം വ്യക്തമാണ്.

സത്യമതത്തിന്റെ അനിവാര്യവും പ്രധാനപ്പെട്ടതുമായ കാര്യമെന്തെന്നാൽ അതിൽ അല്ലാഹുവിന്റെ അസ്തിത്വത്തിനുള്ള ഖണ്ഡിതവും ദൃഢഗാഢപരവുമായ തെളിവുകൾ ഉണ്ടായിരിക്കണം.

അതായത് അത്തരം മതം അതിനുള്ളിൽ ദൈവത്തിന്റെ കൈകൾ പിടിക്കാൻ അതിന്റെ അനുയായികളെ പര്യാപ്തരാക്കുന്നു.”

അത്തരമൊരു ബന്ധം അല്ലാഹുവുമായി ഉണ്ടാക്കുക. കേവലം സൃഷ്ടികളെ കണ്ടുകൊണ്ട് സ്രഷ്ടാവിന്റെ ആവശ്യം അനുമാനിക്കുന്നതും അവന്റെ അസ്തിത്വത്തിൽ ദൃഢമായ ബോധ്യം വരാതിരിക്കുന്നതും മതിയായതല്ല. അതായത് സൃഷ്ടിക്കുന്ന ഒരുത്തൻ ഉണ്ടാകണമെന്ന അനുമാനം മാത്രം ഉണ്ടായാൽ പോര.

ഈ പരിധിവരെ എത്തുന്ന ഒരാൾക്ക് അല്ലാഹുവുമായി യഥാർഥ ബന്ധം കരസ്ഥമാക്കാൻ കഴിയില്ല. അയാൾക്ക് തന്റെ ആത്മാവിനെ ദേഹേച്ഛകളിൽനിന്ന് ശുദ്ധമാക്കാനും സാധ്യമല്ല. ഒരു അസ്തിത്വമുണ്ടെന്ന അറിവുകൊണ്ട് മാത്രം ആർക്കും തന്നെ മാനസിക പരിശുദ്ധി കൈവരിക്കാനോ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാനോ കഴിയില്ല. ഇതുകൊണ്ട് അത്ര മാത്രമേ മനസ്സിലാക്കാൻ കഴിയുകയുള്ളു. അതായത് ഈ കൃത്യമായ ക്രമമുള്ള വിധിക്കും സ്പുടമായ കാര്യങ്ങൾക്കും ഒരു സൃഷ്ടികർത്താവ് ഉണ്ടാകേണ്ടതാണ്. അതേസമയം അവൻ യഥാർഥത്തിലുണ്ടെന്നല്ല പറയുന്നത്. ഈ ലോകത്ത് നമുക്ക് കാണപ്പെടുന്നതിനെല്ലാം ഒരു സൃഷ്ടികർത്താവ് ഉണ്ടായിരിക്കേണ്ടതാണ്. ഈ അടിസ്ഥാനപരമായ ജ്ഞാനം വേണ്ടതാണ്. അവൻ ആരാണെന്ന് അറിയുകയും ആ ദൈവത്തെ നമ്മൾ ആരാധിക്കുകയും ചെയ്യുമ്പോൾ ആ ദൈവം യഥാർഥമായ ബന്ധവും ഉണ്ടാക്കുന്നതാണ്. തുടർന്ന് അല്ലാഹുവിന്റെ കല്പനകൾക്കനുസൃതമായി ചുവടുകൾ വെക്കാൻ ശ്രദ്ധയുണ്ടാകുന്നതുമാണ്. അപ്പോൾ മനുഷ്യന് തന്റെ ആത്മാവിന്റെ പരിഷ്കരണത്തിലേക്കും ശ്രദ്ധയുണ്ടാകുന്നതായിരിക്കും.

പറഞ്ഞു, കേവലം ആവശ്യകത ഉണ്ടെന്ന അനുമാനം ഒരിക്കലുംതന്നെ കാണുന്ന സ്ഥാനത്തിന് തത്തുല്യമല്ല. മാത്രമല്ല കാണുന്നതുകൊണ്ടുള്ള പരിശുദ്ധമായ മാറ്റം അതുകൊണ്ട് ഉണ്ടാകുന്നതുമല്ല. അനുമാനിക്കുന്നതും കാണുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഏത് മതമാണോ മനുഷ്യനെ ദൈവം ഉണ്ടാകണമെന്ന അനുമാനത്തിലേക്ക് മാത്രമായി ഒതുക്കുന്നത് അത് കർമപരമായ വസ്തുതയാകുന്നില്ല. അത്തരം മതം മൃതമാകുന്നു. അതുമുഖേന ഏതെങ്കിലും പരിശുദ്ധ മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നത് ഒരു ഭോഷ്കായ പ്രത്യാശ മാത്രമാകുന്നു. കേവലം യുക്തിപരമായ തെളിവുകൾ മതത്തിന്റെ സത്യസാക്ഷ്യത്തിലേക്ക് പൂർണമായ സാക്ഷ്യങ്ങൾ നല്കാൻ സാധ്യമല്ലെന്നത് വ്യക്തമാണ്. ഈ മുദ്ര ഏതെങ്കിലും വഞ്ചകന് ഉണ്ടാക്കാൻ കഴിവില്ല. മറിച്ച് അത്തരം ചിന്താഗതി ബൗദ്ധികമായ തലത്തിൽ ഒരു ഭിക്ഷാടകനെ പ്രതിഫലിപ്പിക്കുന്നു. കേവലം ബൗദ്ധികമായ തെളിവുകൾ നല്കാൻ സാധിക്കുന്നു. ബൗദ്ധികമായി വലിയ വലിയ കാര്യങ്ങളൊക്കെ പറയാൻ കഴിയുമെന്നത് ശരിതന്നെ. എന്നാൽ, അതുമാത്രം മതിയാകില്ല. അല്ലാഹുവിന്റെ ഗുണങ്ങൾ മനസ്സിലാകുന്നതുവരെ മനുഷ്യന് പ്രയോജനമെടുക്കാൻ കഴിയില്ല.

പറഞ്ഞു: ബൗദ്ധികമായ ചില കാര്യങ്ങൾ ഒരു ഗ്രന്ഥത്തിൽ എഴുതിയിട്ടുള്ളത് വാസ്തവത്തിൽ ദൈവവാണികളാണോ അതല്ല ഏതെങ്കിലും ഗ്രന്ഥത്തിൽനിന്ന് മോഷ്ടിച്ച് എഴുതിയതാണോ എന്ന് ആർക്കാണ് തീരുമാനമെടുക്കാൻ കഴിയുക. ഇനി മോഷ്ടിച്ചതല്ലെന്ന് തന്നെ കരുതുക, എങ്കിൽ പോലും അതെങ്ങനെയാണ് ദൈവാസ്തികൃത്തിന് ഖണ്ഡിതമായ തെളിവാവുക? കൂടാതെ ഒരു സത്യാന്വേഷിയുടെ അന്തഃകരണം ബുദ്ധിപരമായ പ്രസ്തുത കാര്യങ്ങൾ മാത്രമാണ് പൂർണമായും ദൈവിക വചനങ്ങളെന്ന് ഉറപ്പിക്കുകയും അതെല്ലാം പൂർണമായും വ്യക്തികൾക്ക് അതീതമാണെന്നും എങ്ങനെ ഉറപ്പിക്കും. അതായത് പ്രസ്തുത അടയാളങ്ങളെല്ലാം അല്ലാഹുവിലേക്ക് കൊണ്ടുപോകുന്നതും എല്ലാ അബദ്ധങ്ങൾക്കും അതീതവുമാണോ? ചുരുക്കത്തിൽ ഒരു മതം കേവലം ചില കാര്യങ്ങളെ യുക്തിക്കും തത്ത്വചിന്തക്കും ചേർത്ത് പറഞ്ഞതുകൊണ്ട് അത് സത്യമാണെന്നതിന് കാരണം പറയുകയും അതേ സമയം ദൈവിക ദൃഷ്ടാന്തങ്ങളും അഭൗമികമായ കാര്യങ്ങളും കാണിക്കാൻ കഴിയാതിരിക്കുകയുമാണെങ്കിൽ അത്തരം മതത്തിന്റെ അനുയായി വഞ്ചനയിൽ പെട്ടവനോ വഞ്ചിക്കുന്നവനോ അതല്ലെങ്കിൽ അന്ധകാരത്തിൽ മരണപ്പെടുന്നവനോ ആയിത്തീരും. ആയതിനാൽ കേവലം യുക്തിപരമായ തെളിവുകളിലൂടെ അല്ലാഹുവിന്റെ അസ്തിത്വവും ദൃഢമായ നിലയിൽ സ്ഥാപിതമാകുന്നില്ല എന്നിരിക്കെ ഏതെങ്കിലും മതത്തിന്റെ സത്യസാക്ഷ്യം എങ്ങനെ സ്ഥാപിതമാകാനാണ്. ഏതുവരെ ഒരു മതം ദൈവാസ്തിക്യം ദൃഢമായി തെളിയിക്കുന്നതിന് ഉത്തരവാദിയല്ലയോ അതുവരെയും ആ മതം ഒന്നും തന്നെയല്ല. അത്തരം മതത്തെ സ്വീകരിക്കുന്നവൻ ദൗർഭാഗ്യവാനാകുന്നു. അവൻ ശാപഗ്രസ്തമായ ഒരു മതത്തിന്റെ അടയാളമാണ് തന്റെ നെറ്റിയിൽ പതിക്കുന്നത്. അതായത് അല്ലാഹുവിൽ എത്തുന്നതിന് ആ അറിവ് മനുഷ്യന് പര്യാപ്തമല്ല.” (ബറാഹീനെ അഹ്മദിയ്യ ഭാഗം 5, റൂഹാനീ ഖസാഇൻ വാള്യം 21, പേജ് 59–61)

ഈ ഉന്നത തലത്തിലേക്ക് എത്തുന്നതിനാണ് നമ്മൾ പരിശ്രമിക്കേണ്ടത്.

ദൈവത്തെ അടയാളങ്ങളിലൂടെ തിരിച്ചറിയാനും വ്യക്തിഗതമായ അനുഭവങ്ങളിലൂടെ തിരിച്ചറിയാനും കഴിയണം. കേവലം യുക്തിപരമായ തെളിവുകളിലൂടെയല്ല. അതിനുശേഷം അല്ലാഹുവിനെ കുറിച്ച് വെളിപ്പെടുന്ന യാഥാർഥ്യമാണ് യഥാർഥ സത്യം.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യ ജമാഅത്തിൽ ഇത്തരം മാതൃകകളുണ്ട്. അന്യമതസ്ഥർക്കും നിർമതവാദിക്കും അല്ലാഹുവിനെ അംഗീകരിക്കുന്നവർക്കും അത് അല്ലാഹുവിന്റെ അസ്തിത്വത്തെ ബോധ്യപ്പെടുത്തിക്കൊടുക്കുന്നു. യുക്തിപരമായ തെളിവുകളും നൽകുന്നു. പിന്നെ അടയാളങ്ങളും നൽകുന്നു. സംഭവങ്ങളും വിവരിക്കുന്നു. അപ്പോൾ അവർ മതത്തെയും ഇസ്‌ലാമിനെയും അംഗീകരിക്കുന്നു. ഇവിടെ പാശ്ചാത്യ നാടുകളിലും അത്തരം ആളുകളുണ്ട്.

ഉദാഹരണമായി ബെൽജിയത്തിൽ ഒരു സുഹൃത്തുണ്ട്. നിരീശ്വരവാദിയായിരുന്നു. ബെൽജിയം ഇന്തൊനേഷ്യനാണ്. അതായത് പിന്നീട് ബെൽജിയത്തിൽ വന്നതാണ്. അവിടുത്തുകാരനായി മാറുകയും ചെയ്തു. അദ്ദേഹം ബയ്അത്ത് ചെയ്തിരിക്കുന്നു. അദ്ദേഹം എന്നോട് പറയുകയുണ്ടായി, ഞാൻ അല്ലാഹുവിന്റെ അസ്തിത്വത്തെ അംഗീകരിച്ചത് യുക്തികൊണ്ട് മാത്രമല്ല, മറിച്ച് സംഭവങ്ങളുടെ തെളിവുകൾ മുഖേനയും അടയാളങ്ങൾ മുഖേനയുമാണ്. അതിനു ശേഷം അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം അംഗീകരിക്കുകയല്ലാതെ വേറെ വഴിയുണ്ടായിരുന്നില്ല. പറയുന്നു, എനിക്ക് അഹ്മദിയ്യത്ത് ആണ് അത് കാണിച്ച് തന്നത്. അതുകൊണ്ട് ഞാൻ അഹ്മദി മുസ്‌ലിം ആയി.

വിശുദ്ധ ഖുർആൻ മുത്തഖീങ്ങൾക്ക് സന്മാർഗ്ഗമാണെന്നു വാദിക്കുന്നു.

ഇത് സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: “ഈ ആയത്തുകളിൽ ഗോപ്യമായ ആധ്യാത്മിക ജ്ഞാനം എന്തെന്നാൽ അല്ലാഹു പറയുന്നു, *അലിഫ് ലാം മീം. ദാലിക്കൽ കിതാബു ലാ റയ്ബ ഫീഹി ഹുദൻല്ലിൽ മുത്തഖീൻ*. അതായത് ഈ ഗ്രന്ഥം അല്ലാഹുവിൽ നിന്നുള്ള അറിവിൽ നിന്നാണ് വെളിപ്പെട്ടിരിക്കുന്നത്. അതിന്റെ അറിവ് അജ്ഞതയ്ക്കും മറവിക്കുമതീതമാകുന്നു. അതുകൊണ്ട് ഈ ഗ്രന്ഥം എല്ലാത്തരം സംശയങ്ങൾക്കും അതീതമാകുന്നു. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ പരിപൂർണതക്കുവേണ്ടി ദൈവികമായ അറിവ് പൂർണമായ കഴിവുള്ളതാകുന്നു. അതുകൊണ്ട് ഈ ഗ്രന്ഥം ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഒരു സമഗ്ര സന്മാർഗമാകുന്നു. അതുമാത്രമല്ല അത് മനുഷ്യനെ മനുഷ്യ പ്രകൃതത്തിന്റെ പുരോഗതിയുടെ ഏറ്റവും അവസാന ഘട്ടംവരെ കൊണ്ടെത്തിക്കുകയും ചെയ്യുന്നു.”

സന്മാർഗം ലഭിക്കുന്ന മുത്തഖി ആരാണെന്ന് വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു. അല്ലാഹു ഈ ആയത്തുകളിൽ മുത്തഖി ആരാണെന്ന് പറയുന്നുണ്ട്. അവൻ അതായത് മുത്തഖി അദൃശ്യനായ അല്ലാഹുവിനെ വിശ്വസിക്കുകയും നമസ്കാരം നിലനിറുത്തുകയും തന്റെ സമ്പത്തിൽനിന്ന് ദൈവമാർഗത്തിൽ കൊടുക്കുകയും വിശുദ്ധ ഖുർആനെയും മുൻകാല ഗ്രന്ഥങ്ങളെയും വിശ്വസിക്കുകയും ചെയ്യുന്നവരാകുന്നു. അവരാണ് സന്മാർഗത്തിലുള്ളവർ. അവർ തന്നെയാണ് മോക്ഷം പ്രാപിക്കുന്നവരും.”(ഹഖീത്തുൽ വഹി, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 136–137) ഇതാണ് മുത്തഖിയുടെ നിർവചനം.

ഇനി വിശുദ്ധ ഖുർആൻ ആണ് സമ്പൂർണമായ മതദർശനം എന്ന് വിശദീകരിച്ച് കൊണ്ട് അദ്ദേഹം പറയുന്നു; വിശുദ്ധ ഖുർആൻ മതത്തെ സമ്പൂർണമാക്കുന്നതിനുള്ള ബാധ്യതയാണ് നിറവേറ്റിയതെന്ന് വ്യക്തമാണ്. അത് സ്വയം പ്രഖ്യാപിക്കുന്നു. *അൽയൗമ അക്മൽത്തുലക്കും ദീനക്കും വ അത്മംത്തു അലയ്ക്കും നിഅ്മത്തീ വറളീത്തു ലക്കുമുൽ ഇസ്‌ലാമ ദീനൻ*(5:4) അതായത് ഇന്നേദിവസം ഞാൻ നിങ്ങളുടെ മതത്തെ സമ്പൂർത്തീകരിക്കുകയും എന്റെ അനുഗ്രഹങ്ങൾ നിങ്ങൾക്കുമേൽ പൂർത്തീകരിക്കുകയും ഞാൻ ഇസ്‌ലാമിനെ നിങ്ങൾക്ക് ഒരു മതമായി നിശ്ചയിച്ചുകൊണ്ട് സന്തുഷ്ടനാവുകയും ചെയ്തിരിക്കുന്നു. ആയതിനാൽ വിശുദ്ധഖുർആനുശേഷം മറ്റൊരു ഗ്രന്ഥത്തിനും ഇനി ഇടമില്ല. കാരണം മനുഷ്യന്റെ ആവശ്യങ്ങളെല്ലാംതന്നെ വിശുദ്ധ ഖുർആൻ വിവരിക്കുന്നു. ഇനി ദിവ്യഭാഷണത്തിന്റെ കവാടങ്ങൾ മാത്രമാണ് തുറന്നു കിടക്കുന്നത്. അത് സ്വയം തുറക്കുന്നതല്ല. അതായത് തെളിഞ്ഞതും തുറന്ന രീതിയിലുമുള്ള ദൈവിക പിന്തുണയുടെ വർണ്ണമുള്ളതും നിരവധി അദൃശ്യ

**• അല്ലാഹുവിന്റെ കലാം: •**

**“എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല.” (വിശുദ്ധ ഖുർആൻ 51:57)**

താലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

**• അല്ലാഹുവിന്റെ കലാം: •**

**“തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?” (വിശുദ്ധ ഖുർആൻ 54:18)**

താലിബെ ദുആ:
ANWAR SADAT AND FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

കാര്യങ്ങളിൽ അധിഷ്ഠിതവുമായ സത്യസന്ധവും പരിശുദ്ധവുമായ ദിവ്യവാണികൾ വിശുദ്ധ ഖുർആനേയും നബി(സ)തിരുമേനിയേയും പിന്തുടരുന്നതിലൂടെ ലഭ്യമാകുന്ന ഹൃദയ പരിശുദ്ധിക്ക് ശേഷമാണ് കരസ്ഥമാകുക."(ചശ്മയെ മഅ്രിഫത്ത്, റൂഹാനീഖസാഇൻ വാല്യം 23, പേജ് 80)

ഖേദകരമെന്ന് പറയട്ടെ, നമ്മുടെ എതിരാളികൾ ഈ അഭൗമിക കാര്യങ്ങൾ കേൾക്കാൻതന്നെ ആഗ്രഹിക്കുന്നില്ല. മാത്രമല്ല നമ്മൾ ഖുർആനിനെ നഊദുബില്ലാഹ് മാറ്റിമറിച്ചു എന്ന് ആരോപിക്കുകയും ചെയ്യുന്നു.

വിശുദ്ധ ഖുർആൻ ആത്മീയമായ ചികിത്സ എന്നതിനെ കുറിച്ച് വിശദീകരിച്ചുകൊണ്ട് അദ്ദേഹം തന്റെ ഗ്രന്ഥമായ ചശ്മയെ മഅരിഫത്തിൽ പറയുന്നു: "വിശുദ്ധ ഖുർആൻ യുക്തിഭദ്രമായ ഗ്രന്ഥമാകുന്നു. അത് ആത്മീയ ചികിത്സയുടെ എല്ലാ ചട്ടങ്ങളും അതായത് ദീനിന്റെ എല്ലാ അടിസ്ഥാന കാര്യങ്ങളുമുള്ളതാകുന്നു. അത് വാസ്തവത്തിൽ ആത്മീയ ശമനൗഷധമാണ്. അതിനെ ഭൗതിക ശമനൗഷധത്തിന്റെ എല്ലാ ചട്ടങ്ങളുമായും സമരസപ്പെടുത്തിയിരിക്കുന്നു. അതിനനുസൃതമായിട്ടാണ് അത് വെച്ചിട്ടുള്ളത്. ഈ താദാത്മ്യം വളരെ സൂക്ഷ്മമാകുന്നു. അത് നൂറുക്കണക്കിന് ദിവ്യജ്ഞാനങ്ങളും യാഥാർഥ്യങ്ങളും തുറക്കുന്നതിനുള്ള കവാടമാകുന്നു. ശരിയായതും സമഗ്രവുമായ ഖുർആൻ വ്യാഖ്യാനം ചെയ്യാൻ, അതായത് ഭൗതികമായ ശമനൗഷധത്തിന്റെ എല്ലാ നിയമങ്ങളെയും പരിഗണിച്ചുകൊണ്ട് വിശുദ്ധ ഖുർആനിൽ വിവരിച്ചിട്ടുള്ള നിയമങ്ങളെ പരിഗണിക്കുന്നവർക്ക് മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. പറയുന്നു: ഒരിക്കൽ ചില ഗവേഷകരുടെയും പ്രതിഭാശാലികളായ ഭിഷഗ്വരന്മാരുടെയും ചില ഗ്രന്ഥങ്ങൾ എനിക്ക് ദിവ്യദർശനത്തിൽ കാണിക്കപ്പെട്ടു. അല്ലാഹു താൻ തന്നെ വഴികാട്ടുന്നു. ചില വൈദ്യശാസ്ത്രിമാരുടെ ഗ്രന്ഥങ്ങൾ ദിവ്യദർശനത്തിൽ കാണിക്കപ്പെട്ടു. അത് ഭൗതികമായ ശമനൗഷധത്തിന്റെ സകല നിയമങ്ങളും അടിസ്ഥാന വിജ്ഞാനങ്ങളും അനിവാര്യമായ മാർഗങ്ങളുമെല്ലാം ചർച്ച ചെയ്യുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ പ്രതിഭാശാലിയായ ഭിഷഗ്വരൻ ഖർശിയുടെ ഗ്രന്ഥവുമുണ്ട്. ഇതിലൊരു ഗ്രന്ഥം ഹക്കീമായ ഖർശിയുടേതായിരുന്നു. ഇതാണ് ഖുർആനിന്റെ തഫ്സീർ എന്നാണ് സൂചന നൽകിയത്. അതിൽ നിന്ന് മനസ്സിലാകുന്നത് ആത്മീയജ്ഞാനത്തിനും ഭൗതിക ജ്ഞാനത്തിനും തമ്മിൽ വളരെ ഗഹനമായ ബന്ധമുണ്ടെന്നാണ്. അത് പരസ്പരം സാക്ഷ്യപ്പെടുത്തുന്നതാകുന്നു. ഞാൻ ഈ ഗ്രന്ഥങ്ങളെയെല്ലാം പരിഗണിച്ചുകൊണ്ട് ഭൗതിക രോഗശമനത്തിനുള്ള ഗ്രന്ഥങ്ങളെയെല്ലാം പരിഗണിച്ച് വിശുദ്ധ ഖുർആനിൽ ദൃഷ്ടി പായിച്ചപ്പോൾ അതിഗഹനമായ ഭൗതിക രോഗശമനത്തിന്റെ സകല നിയമങ്ങളും വളരെ ഉന്നതമായ തലത്തിൽ വിശുദ്ധ ഖുർആനിൽ കാണുകയുണ്ടായി.'(ചശ്മയെ മഅ്രിഫത്ത്, റൂഹാനീസാഇൻ വാല്യം 23, പേജ് 102–103)

അതായത് ഭൗതികപരവും ആത്മീയപരവുമായ ചികിത്സക്കും വിശുദ്ധ ഖുർആനിൽനിന്നു ശരിയായ സഹായം ലഭിക്കുന്നതാണ്. ഇതിൽ പരിചിന്തനം നടത്താനും ദിവ്യജ്ഞാനങ്ങൾ കരസ്ഥമാക്കാനും കാലത്തിന്റെ ഇമാമിന്റെ വാക്കുകൾക്ക് കാതോർക്കേണ്ടതും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കേണ്ടതും അനിവാര്യമാകുന്നു.

അല്ലാഹുവുമായി ബന്ധമുണ്ടാക്കുന്നതിനുള്ള യഥാർഥ മാർഗം വിശുദ്ധ ഖുർആൻ മാത്രമാണെന്ന് വിവരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു:

'ഓർക്കുക, അല്ലാഹു തന്റെ ദൃഷ്ടാന്തങ്ങളിലൂടെ സ്വയം പരിചയപ്പെടുത്താത്തിടത്തോളം മനുഷ്യന് ഒരിക്കലും മറകൾക്കും അപ്പുറത്തുള്ള ആ ദൈവത്തെ തന്റെ കഴിവുകൾകൊണ്ട് മാത്രം തിരിച്ചറിയാൻ സാധ്യമല്ല. അതുപോലെ അല്ലാഹു താൻതന്നെ സവിശേഷമായ ഒരു ബന്ധം ഉണ്ടാക്കാത്തിടത്തോളം മനുഷ്യനു അല്ലാഹുവുമായി ബന്ധമുണ്ടാക്കാനും സാധ്യമല്ല. കൂടാതെ എല്ലാത്തിനും കഴിവുള്ളവനായ അല്ലാഹുവിൽനിന്ന് പ്രകാശത്തിലേക്ക് നയിക്കപ്പെടാതെ ആർക്കുംതന്നെ സ്വേച്ഛകളുടെ മാലിന്യത്തിൽനിന്ന് തന്റെ ആത്മാവിനെ പുറത്തേക്ക് കൊണ്ടുവരാനും സാധ്യമല്ല. നോക്കുക, ഞാൻ അനുഭവിച്ചറിഞ്ഞ കാഴ്ചകളെയാണ് സമർപിക്കുന്നത്. ആ ബന്ധം വിശുദ്ധഖുർആനിനെ പിൻപറ്റുന്നതിലൂടെയാണ് ലഭിക്കുക. മറ്റു ഗ്രന്ഥങ്ങളിൽ ഇപ്പോൾ ജീവിതത്തിന്റെ ഒരു ആത്മാവുമില്ല. ആകാശത്തിൻകീഴിൽ ആ യഥാർഥ പ്രേമഭാജനത്തിന്റെ പരിശുദ്ധ മുഖം കാണിച്ച് തരുന്നത് വിശുദ്ധ ഖുർആൻ എന്ന ഈ ഒരു ഗ്രന്ഥം മാത്രമാകുന്നു."(ഹഖീഖത്തുൽ വഹി, റൂഹാനീ ഖസാഇൻ വാല്യം 22, പേജ് 2)

അതുകൊണ്ട് വിശുദ്ധ ഖുർആനിന്റെ കല്പനകൾ പാലിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ മുഖം ദർശിക്കാൻ കഴിയുന്നതാണ്.

നമ്മൾ അഹ്മദികളെ സംബന്ധിച്ചിടത്തോളം ചിന്തിക്കേണ്ട ഘട്ടമാണിത്. നമ്മളിൽ എത്ര പേർ ഖുർആനിന്റെ അധ്യാപനം പ്രവർത്തികമാക്കുന്നുണ്ടെന്നും പഠിക്കുന്നുണ്ടെന്നും നോക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടി നല്ലപോലെ നമ്മൾ പരിശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നമ്മുടെ അനുഭവവും നമുക്കുമുമ്പേ കഴിഞ്ഞു കടന്ന വിശുദ്ധരുടെ ദൃക്സാക്ഷി വിവരണങ്ങളും അനുഭവ സാക്ഷ്യങ്ങളും വിശുദ്ധ ഖുർആനിനേയും നബി(സ)തിരുമേനിയേയും സത്യസന്ധമായി പിന്തുടരുകയാണെങ്കിൽ, അതായത് ആത്മാർഥതയുടെയും സത്യസന്ധതയുടെയും ചുവടാണെങ്കിൽ പതിയെപ്പതിയെ അത് ഏകനായ ദൈവത്തിന്റെ സ്നേഹത്തെ ഹൃദയത്തിൽ കുടിയിരുത്തുന്നതിനുള്ള സവിശേഷതയുള്ളതാണ്. മാത്രമല്ല ദൈവിക വചനങ്ങളുടെ ആത്മീയശക്തി മനുഷ്യഹൃദയത്തിനു ഒരു പ്രകാശം നൽകുകയും അതുമുഖേന അവന്റെ കണ്ണുകൾ തുറക്കുകയും അങ്ങനെ അവസാനം മറുലോകത്തുള്ള അത്ഭുതങ്ങൾ കാണപ്പെടുകയും ചെയ്യുന്നതായിരിക്കും. ആ ദിവസം മുതൽ അവന് അനുമാനജ്ഞാനമെന്ന(ഇൽമുൽയഖീൻ) നിലയിൽ അല്ലാഹു ഉണ്ടെന്ന അറിയാൻ കഴിയുന്നു. തുടർന്ന് ആ ജ്ഞാനം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയും ഇൽമുൽയഖീൻ അഥവാ അനുമാനജ്ഞാനത്തിൽനിന്ന് അയ്നുൽയഖീൻ അഥവാ ഗോചരജ്ഞാനത്തിലെത്തുകയും ചെയ്യുന്നു. പിന്നീട് ആ അയ്നുൽയഖീൻ അഥവാ ഗോചരജ്ഞാനം ഹഖുൽയഖീൻ അഥവാ അനുഭവജ്ഞാനത്തിൽ എത്തുന്നു. ആരാണോ വിശുദ്ധ ഖുർആനിലും നബി(സ)തിരുമേനിയിലും വിശ്വസിക്കുന്നത് അയാൾക്ക് ആദ്യം ഒരുവിധ ഹൃദയപരിശുദ്ധിയും കിട്ടിയിട്ടുണ്ടാവില്ല. പല തരത്തിലുള്ള തിന്മകളിൽ അകപ്പെട്ടിട്ടുണ്ടാകുകയും ചെയ്യും. പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹം സഹായത്തിനെത്തുകയും അനിതരസാധാരണമായ കാര്യങ്ങളിലൂടെ അവന്റെ വിശ്വാസത്തെ സുദൃഢീകരിക്കുകയും ചെയ്യുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ വാഗ്ദാനം ചെയ്യുന്നു, *ലഹുമുൽ ബുശ്റാ ഫിൽഹയാത്തിദ്ദുൻയാ*(യൂനുസ്:65) അതായത് സത്യവിശ്വാസികൾക്ക് അല്ലാഹുവിൽനിന്ന് സുവാർത്ത നൽകപ്പെടുന്നു. കൂടാതെ അവൻ സ്വയംതന്നെയും തന്റെ അസ്തിത്വത്തെ സംബന്ധിച്ച് നിരവധി സുവാർത്തകൾക്ക് പാത്രമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ സുവാർത്തകൾ മുഖേന അവന്റെ വിശ്വാസം സുദൃഢീകരിക്കുന്നതോടൊപ്പം അവൻ തിന്മകളിൽ നിന്ന് വിട്ടുമാറുകയും നന്മകളിൽ മുന്നേറുകയും ചെയ്യുന്നു."(ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ വാല്യം 23, പേജ് 423–424)

ഇസ്ലാമിന്റെ ശ്രേഷ്ഠതയെ സംബന്ധിച്ച് ഒരു പ്രബന്ധത്തിൽ–ഇത് ആര്യസമാജക്കാരുടെ ഒരു സമ്മേളനത്തിൽ വായിക്കപ്പെട്ടതാണ്– വിശുദ്ധ ഖുർആനിന്റെ വ്യതിരിക്തമായ വിശേഷതകളെ കുറിച്ചു വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: "ദിവ്യഗ്രന്ഥങ്ങളെ തിരിച്ചറിയുന്നതിന് നേർബുദ്ധികൾ അംഗീകരിച്ചിട്ടുള്ള സവിശേഷമായ അടയാളം അല്ലാഹുവിന്റെ പരിശുദ്ധ ഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ മാത്രമേ കാണപ്പെടുന്നുള്ളൂ. ഈ കാലഘട്ടത്തിൽ ദൈവികഗ്രന്ഥത്തെ വ്യതിരിക്തമാക്കാൻ അനിവാര്യമായ അടയാളങ്ങൾ അതായത് പ്രസ്തുത സകല ശ്രേഷ്ഠതകളും മറ്റെല്ലാ ഗ്രന്ഥങ്ങളിൽ നിന്നും തികച്ചും അപ്രത്യക്ഷമായിരിക്കുന്നു. ഒരുപക്ഷേ, ആ ശ്രേഷ്ഠതകൾ ഏതെങ്കിലും കാലത്ത് അതിൽ ഉണ്ടായിട്ടുണ്ടാകും. പക്ഷേ, ഇപ്പോൾ ഇല്ല. അതിലെ ഒരു തെളിവ് നാം നേരത്തെ എഴുതിക്കഴിഞ്ഞതാണ്. അവ ദൈവിക ഗ്രന്ഥങ്ങൾ എന്ന് മനസ്സിലാക്കപ്പെടുന്നു. അവ ദിവ്യവാണികൾ ആണെങ്കിലും ഇപ്പോഴത്തെ അവസ്ഥക്ക് അനുസൃതമായി നോക്കുകയാണെങ്കിൽ അത് ആൾപാർപ്പില്ലാത്ത രാജകൊട്ടാരങ്ങൾ പോലെയാണെന്നത് വ്യക്തമാണ്. സമ്പത്തും സൈനികശക്തിയും എല്ലാം അതിൽനിന്ന് പൊയ്പോയിരിക്കുന്നു."

സവിശേഷമായ ശ്രേഷ്ഠതകളെ കുറിച്ച് ആ മഹാത്മാവ് പറയുന്നു: "മനുഷ്യ കഴിവിന്നതീതമായ വിശുദ്ധ ഖുർആനിന്റെ സവിശേഷമായ ശ്രേഷ്ഠതകൾ താഴെ വിവരിക്കാം. 1. അതിൽ ഒരു വലിയ ശക്തിയുണ്ട്. അത് അതിന്റെ അനുയായികളെ അനുമാനപരമായ ജ്ഞാനത്തിൽനിന്ന് അനുഭവജ്ഞാനംവരെ കൊണ്ടെത്തിക്കുന്നു.

അനുമാനം മാത്രമുണ്ടാകുകയില്ല പ്രത്യുത സുദൃഢവിശ്വാസമുണ്ടാകുന്നു. അനുഭവപരമായ ജ്ഞാനമുണ്ടാകുന്നു. അതെങ്ങനെയാണെന്നാൽ, ഒരു മനുഷ്യൻ പരിപൂർണമായ നിലയിൽ അതിനെ പിൻപറ്റുമ്പോൾ ദൈവിക ശക്തിയുടെ മാതൃകകൾ മുഅ്ജിസത്ത് അഥവാ ദിവ്യദൃഷ്ടാന്തത്തിന്റെ വർണത്തിൽ അവന് കാണിക്കപ്പെടുന്നു. അവൻ അല്ലാഹുവുമായി സംവദിക്കുന്നു. അവൻ തന്റെ വചനങ്ങൾ മുഖേന അദൃശ്യകാര്യങ്ങളെ കുറിച്ച് അവന് അറിവ് നൽകുകയും ചെയ്യുന്നു. ഞാൻ ഈ ഖുർആനിക അനുഗ്രഹങ്ങളെ കുറിച്ച് കഥകൾ എന്ന നിലയ്ക്കല്ല പറയുന്നത്, പ്രത്യുത ഞാൻ എനിക്കു കാണിക്കപ്പെട്ട മുഅ്ജിസത്തുകൾ സമർപ്പിക്കാം. ആ മുഅ്ജിസത്തുകൾ ഒരു ലക്ഷത്തോളം വരും. എന്നല്ല ഏറെക്കുറെ അതിലേറെ ഉണ്ടാകും. ആരെങ്കിലും എന്റെ ഈ വചനങ്ങളെ പിന്തുടരുകയാണെങ്കിൽ അയാൾ ഈ ഗ്രന്ഥത്തിലെ മുഅ്ജിസത്തുകളെ വിശ്വസിക്കുക മാത്രമല്ല ചെയ്യുക, പ്രത്യുത അയാൾക്കും മുഅ്ജിസത്തുകൾ നൽകപ്പെടുന്നതാണെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടുണ്ട്. ആകയാൽ ഞാൻ സ്വയം അത്തരം മുഅ്ജിസത്തുകൾ അല്ലാഹുവിന്റെ വചനങ്ങളുടെ പ്രഭാവത്തിൽ കരസ്ഥമാക്കിയിരിക്കുന്നു. അവ മനുഷ്യശക്തിക്കതീതവും അതെ സമയം ദൈവിക കർമങ്ങൾ മാത്രവുമാകുന്നു. ഭൂമിയിലുണ്ടായ ഭൂകമ്പങ്ങളും ലോകത്തെ തിന്നുകൊണ്ടിരിക്കുന്ന പ്ലേഗും എനിക്ക് നൽകപ്പെട്ട ഈ മുഅ്ജിസത്തുകളിൽ പെടുന്നു."(ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ വാല്യം 23, പേജ് 402––403)

പറയുന്നു: "ഈ മുഅ്ജിസത്തുകൾ എന്റേതല്ല. മറിച്ച് വിശുദ്ധ ഖുർആനിന്റേതാകുന്നു. കാരണം നാം അവന്റെ ശക്തിയും അവൻ നൽകിയ ആത്മാവും മുഖേനയാണ് പ്രവർത്തിക്കുന്നത്."

പറയുന്നു. വിശുദ്ധ ഖുർആനിന്റെ പ്രബല ശക്തികളിലൊന്ന് അതിനെ പിന്തുടരുന്നവർക്ക് അത് മുഅ്ജിസത്തുകളും അഭൗമികമായ ശക്തിയും നൽകുന്നു എന്നതാണ്. അതിൽ എത്രമാത്രം ആധിക്യമുണ്ടാകുന്നുവെന്നാൽ ഭൗതിക ലോകത്തിനു അവയെ നേരിടാൻ സാധ്യമല്ല.

ആകയാൽ ഞാൻ വാദിക്കുകയും ഉറക്കെ പ്രഖ്യാ

പിക്കുകയും ചെയ്യുന്നത് ഇത്ര മാത്രമാണ് ലോകത്തുള്ള സകല എതിരാളികളും അവർ പാശ്ചാത്യരോ പൗരസ്ത്യരോ ആകട്ടെ, ഒരു മൈതാനത്ത് ഒരുമിച്ചുകൂടി അടയാളങ്ങളുടെയും അഭൗമികമായ ദൃഷ്ടാന്തങ്ങളുടെയും കാര്യത്തിൽ ഞാനുമായി മത്സരിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവന്റെ തൗഫീഖുകൊണ്ടും ഞാൻ തന്നെയാണ് എല്ലാവരെയും അതിജയിച്ച് നിൽക്കുക. ഈ വിജയം എന്റെ ആത്മാവിന് എന്തെങ്കിലും അധികമായ ശക്തിയുള്ളതുകൊണ്ടല്ല. പ്രത്യുത അല്ലാഹു ആഗ്രഹിക്കുന്നത് അവന്റെ കലാമായ വിശുദ്ധ ഖുർആനിന്റെ പ്രബലശക്തിയും അവന്റെ റസൂൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ ആത്മീയ ശക്തിക്കും ഉന്നതമായ സ്ഥാനത്തിനും തെളിവ് നല്കണമെന്നുള്ളതാണ്. അവൻ തന്റെ അനുഗ്രഹം കൊണ്ട് മാത്രമാണ് ഈ അനുഗ്രഹം എനിക്ക് നൽകിയത്. അതല്ലാതെ എന്റെ കഴിവ് കൊണ്ടല്ല. ഞാൻ അവന്റെ മഹോന്നതനായ പ്രവാചകനെയും അവന്റെ പ്രബലമായ കലാമിനെയും പിന്തുടരുന്നു. അതിനെ സ്നേഹിക്കുന്നു. ആ ദൈവിക വചനത്തിന്റെ പേര് വിശുദ്ധ ഖുർആൻ എന്നാകുന്നു. അത് ദൈവിക ശക്തികളുടെ പ്രാതുർഭാവമാകുന്നു. ഞാൻ അതിൽ വിശ്വസിക്കുന്നു. വിശുദ്ധ ഖുർആൻ വാഗ്ദാനം ചെയ്യുന്നു, *ലഹുമുൽ ബുശ്റാ ഫിൽ ഹയാത്തിദ്ദുൻയാ.*(യൂനുസ്:65) അതിൽ ഇങ്ങനെ വാഗ്ദാനവുമുണ്ട്. *അയ്യദഹും ബിറൂഹിൻ മിൻഹു.*(അൽമുജാദല:23) ഇങ്ങനേയും വാഗ്ദാനമുണ്ട്, *യജ്അല്ലക്കും ഫുർഖാൻ.* (അൻഫാൽ:30) ഈ വാഗ്ദാനങ്ങൾക്കനുസരിച്ചാണ് അല്ലാഹു ഇതെല്ലം എനിക്ക് നൽകി അനുഗ്രഹിച്ചത്. ഈ ദൈവിക വചനങ്ങളുടെ അർഥം ഇപ്രകാരമാക്കുന്നു. വിശുദ്ധ ഖുർആനിൽ വിശ്വസിക്കുന്നവർക്ക് സുവാർത്തകൾ അടങ്ങിയ സ്വപ്നങ്ങളും വെളിപാടുകളും നല്കപ്പെടുന്നതാണ്. അതായത് അത് ധാരാളമായി നൽകപ്പെടും. അതല്ലാതെ എപ്പോഴെങ്കിലും കിട്ടുക എന്ന് പറയുകയാണെങ്കിൽ ആർക്കും എന്തെങ്കിലുമൊക്കെ സത്യസ്വപ്നങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ, ഒരു തുള്ളി വെള്ളത്തിനും സമുദ്രത്തിനും തമ്മിൽ എന്ത് ബന്ധമാണുള്ളത്. ഒരു പൈസക്കും ഖജനാവിനും തമ്മിൽ ഒരു സാദൃശ്യവുമില്ല." തുടർന്ന് പറയുന്നു: "പരിപൂർണമായി അനുസരിക്കുന്നവർക്ക് പരിശുദ്ധാത്മാവിനാൽ സഹായം നൽകപ്പെടുന്നതാണ്. അതായത് അയാളുടെ ബുദ്ധിക്കും വിവേകത്തിനും ഒരു പ്രകാശം നൽകപ്പെടുന്നതായിരിക്കും. അയാളുടെ ദർശനാവസ്ഥ വളരെ തെളിഞ്ഞതായിരിക്കും. അയാളുടെ വാക്കുകളിലും പ്രവർത്തനങ്ങളിലും പ്രഭാവമുണ്ടാകും. അയാളുടെ വിശ്വാസം വളരെയേറെ ദൃഢമായി തീരുന്നതാണ്."തുടർന്ന് പറയുന്നു: "അല്ലാഹു അയാൾക്കും അന്യർക്കുമിടയിൽ ഒരു വ്യത്യാസമുണ്ടാക്കും. അതായത് മറ്റുള്ളവരെ അപേക്ഷിച്ച് അതി സൂക്ഷ്മായ ദിവ്യജ്ഞാനങ്ങൾ അയാൾക്ക് നല്കപ്പെടുന്നതാണ്. മറ്റുള്ളവരെ അപേക്ഷിച്ച് അയാൾക്ക് നൽകപ്പെടുന്ന അത്ഭുതങ്ങൾക്കും അഭൗമികമായ ദൃഷ്ടാന്തങ്ങൾക്കും മുമ്പിൽ മറ്റു സമൂഹങ്ങൾ നിസ്സഹായരായിരിക്കും." പറയുന്നു: "ചിരപുരാതന കാലം മുതൽ തന്നെ അല്ലാഹുവിന്റെ ഈ വാഗ്ദാനം പൂർത്തിയായി വരുന്നത് നാം കാണുന്നു . ഈ കാലഘട്ടത്തിൽ നാം സ്വയം അതിന്റെ ദൃക്സാക്ഷിയാകുന്നു."

അഹോ കഷ്ടം! മുസ്‌ലിമീങ്ങളും ഇത് മനസ്സിലാക്കിയിരുന്നെങ്കിൽ. നമുക്കും അതിന്റെ ശരിയായ അറിവ് കരസ്ഥമായിരുന്നെങ്കിൽ!അതായത് അല്ലാഹു ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അടയാളങ്ങൾ കൊണ്ടാണ് അയച്ചിരിക്കുന്നത്. പ്രസ്തുത അടയാളങ്ങളുടെ പരമ്പര ഇന്നുവരെയും തുടരുന്നു. ആരെങ്കിലും അല്ലാഹുവിന്റെ കലാമിനെ ശരിയായ രീതിയിൽ പിൻപറ്റുകയാണെങ്കിൽ അല്ലാഹു അയാൾക്കും അൽപമൊക്കെ അതിന്റെ സ്വാദ് രുചിപ്പിച്ചുകൊണ്ടിരിക്കുന്നതാണ്.

തുടർന്ന് പറയുന്നു: നാം വിശുദ്ധ ഖുർആനിന്റെ പ്രബലശക്തികളെ കുറിച്ച് വിവരിക്കുകയാണ്. അത് അതിനെ അനുധാവനം ചെയ്യുന്നവർക്കുമേൽ പ്രഭാവം ചെലുത്തുന്നു. എന്നാൽ, അത് മറ്റു മുഅ്ജിസത്തുകളാലും നിറഞ്ഞിരിക്കുന്നുണ്ട്. അത് ഇസ്‌ലാമിന്റെ പുരോഗതിയെ കുറിച്ചും പ്രഭാവത്തെ കുറിച്ചും വിജയത്തെ കുറിച്ചും സുവാർത്ത നൽകിയിരുന്ന കാലത്ത് നബി(സ)തിരുമേനി മക്കയിലെ വനാന്തരങ്ങളിൽ ഏകാന്ത പഥികനായിരുന്നു. ആ മഹാത്മാവിനോടൊപ്പം ഏതാനും ദുർബലരും ഏഴകളുമായ മുസ്‌ലിമീങ്ങളല്ലാതെ മറ്റാരുമുണ്ടായിരുന്നില്ല. റോമൻ ചക്രവർത്തി ഖയ്സ്വർ ഇറാനികളുമായുള്ള യുദ്ധത്തിൽ പരാജയപ്പെടുകയും ഇറാനിലെ കിസ്റാ ചക്രവർത്തി അയാളുടെ രാജ്യത്തിന്റെ നല്ലൊരു ഭാഗം കൈവശപ്പെടുത്തുകയും ചെയ്ത സന്ദർഭത്തിൽ വിശുദ്ധ ഖുർആൻ പ്രവചനം എന്ന നിലക്ക് ഒൻപത് വർഷങ്ങൾക്കകം വീണ്ടും റോമൻ ചക്രവർത്തി ഖയ്സ്വർ വിജയിക്കുമെന്നും ഇറാനികൾ പരാജയപ്പെടുമെന്നും പ്രവചിക്കുകയുണ്ടായി. പിന്നീട് അങ്ങനെ തന്നെയാണ് സംഭവിച്ചതും. അതേപോലെതന്നെ ചന്ദ്രൻ പിളരുകയെന്ന മഹത്തായ ദിവാത്ഭുതവും ദൈവിക കാര്യങ്ങളെയാണ് വെളിപ്പെടുത്തിയത്. വിശുദ്ധ ഖുർആൻ പറയുന്നു, നബി(സ)തിരുമേനി വിരലു കൊണ്ട് ആംഗ്യം കാണിച്ചപ്പോൾ ചന്ദ്രൻ പിളരുകയുണ്ടായി. നിഷേധികൾ ആ അത്ഭുതം കണ്ടതാണ്."(ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ വാള്യം 23, പേജ് 409-–411)

ഇതിന്റെയെല്ലാം വിശദീകരണം അദ്ദേഹത്തിന്റെ ഗ്രന്ഥമായ ചശ്മയെ മഅ്രിഫത്തിലുണ്ട്. അത് ഞാൻ ചുരുക്കി പ്രതിപാദിച്ചതാണ്.

വിശുദ്ധ ഖുർആൻ പറയുന്ന സംഭവകഥകളെല്ലാം വാസ്തവത്തിൽ പ്രവചനങ്ങളാണെന്ന് വിശദീകരിച്ചുകൊണ്ട് അദ്ദേഹം ചശ്മയെ മഅ്രിഫത്ത് എന്ന ഗ്രന്ഥത്തിൽത്തന്നെ പറയുന്നു: "വിശുദ്ധ ഖുർആനിലുള്ള സംഭവകഥകൾ വാസ്തവത്തിൽ കഥകൾ എന്ന നിലയ്ക്കുള്ളതല്ല. പ്രത്യുത പ്രവചനങ്ങളാകുന്നു. അത് കഥാ രൂപത്തിൽ രേഖപ്പെടുത്തിയിരിക്കുകയാണെന്ന് മാത്രം. അതെ സമയം തൗറാത്തിൽ അത് തികച്ചും കഥകൾ എന്ന നിലയ്ക്കുതന്നെയാണ് കാണപ്പെടുന്നത്. വിശുദ്ധ ഖുർആൻ ഓരോ കഥയെയും നബി(സ) തിരുമേനിക്കും ഇസ്‌ലാമിനുംവേണ്ടി പ്രവചനമെന്ന നിലയ്ക്കാണ് പറയുന്നത്. ഈ സംഭവകഥകളുടെയെല്ലാം പ്രവചനങ്ങളും ഉന്നത തലത്തിൽ പൂർത്തീകരിക്കപ്പെടുകയുണ്ടായി. അതുകൊണ്ട് വിശുദ്ധ ഖുർആൻ ദിവ്യജ്ഞാനങ്ങളു ടെയും യാഥാർഥ്യങ്ങളുടെയും ഒരു നദിയാകുന്നു. പ്രവചനങ്ങളുടെ ഒരു സമുദ്രമാകുന്നു. ആർക്കുംതന്നെ വിശുദ്ധ ഖുർആൻ മുഖേനയല്ലാതെ അല്ലാഹുവിൽ പൂർണമായ ദൃഢവിശ്വാസം കരസ്ഥമാക്കാൻ സാധ്യമല്ല. കാരണം ഈ പ്രത്യേകത വിശുദ്ധ ഖുർആനുമാത്രം സവിശേഷമായിട്ടുള്ളതാകുന്നു. അതിനെ ശരിയായ രീതിയിൽ പിന്തുടരുകയാണെങ്കിൽ അല്ലാഹുവിനും മനുഷ്യനും ഇടയിലുള്ള എല്ലാ മറകളും നീക്കപ്പെടുന്നതായിരിക്കും. എല്ലാ മതസ്ഥരും കേവലം കഥ എന്ന രീതിയിലാണ് അല്ലാഹുവിന്റെ നാമം ഉച്ചരിക്കുന്നത്. എന്നാൽ, വിശുദ്ധ ഖുർആൻ ആ പ്രേമഭാജനത്തിന്റെ ശരിയായ മുഖം കാണിച്ചുതരുന്നു. ദൃഢവിശ്വാസത്തിന്റെ പ്രകാശം മനുഷ്യഹൃദയത്തിലേക്ക് കടത്തി വിടുന്നു. എല്ലാ ലോകത്തുനിന്നും അദൃശ്യനായ അല്ലാഹു ഖുർആൻ മുഖേന കാണപ്പെടുന്നു." (ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ വാള്യം 23, പേജ് 271–272)

പക്ഷേ, ഒരു നിബന്ധനയുണ്ട്. വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ അനുസരിച്ച് കർമ നിരതരാകണം.

വീണ്ടും അദ്ദേഹം പറയുന്നു: "വിശുദ്ധ ഖുർആനിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന് കഥാകഥന ശൈലിയുടെ ഭാഗമാകുന്നു. രണ്ടാമത്തേത് കൽപ്പനകളാകുന്നു." പറയുന്നു: "വിശുദ്ധ ഖുർആനിന് രണ്ടു ഭാഗങ്ങളുണ്ട്. ചില കാര്യങ്ങൾ കഥാ രൂപത്തിലുള്ളവയാണ്. ചിലത് കല്പനകൾ, നിർദേശങ്ങൾ എന്ന നിലയിലാണുള്ളത്. കഥകളെയും കൽപ്പനകളെയും വേർതിരിച്ചറിയാൻ കഴിയാത്തവർ വലിയ പ്രയാസങ്ങളെ അഭിമുഖീകരിക്കുന്നു. വിശുദ്ധ ഖുർആനിൽ വൈരുദ്ധ്യങ്ങളുണ്ടെന്ന് സ്ഥാപിക്കാൻ അത് നിദാനമായിത്തീരുന്നു. അതായത് കർമപരമായ രീതിയിൽ വിശുദ്ധ ഖുർആനിനെ കൈയൊഴിയുന്നു. കാരണം വിശുദ്ധ ഖുർആനിനെ കുറിച്ച് അല്ലാഹു പറയുന്നു: *'ലൗ കാന മിൻ യിൻദി ഗയ്‌രില്ലാഹി ലവജദൂ ഫീഹിഖ്തിലാഫൻ കഥീറൻ'*(4:83)അത് അല്ലാഹു അല്ലാത്ത (മറ്റു വല്ലവ)രിൽനിന്നുമുള്ളതായിരുന്നെങ്കിൽ തീർച്ചയായും അവർ അതിൽ വളരെയധികം വൈരുധ്യങ്ങൾ കണ്ടെത്തുമായിരുന്നു.

പറയുന്നു: വൈരുധ്യങ്ങൾ ഇല്ലെന്നത് അത് അല്ലാഹുവിൽ നിന്നുള്ളതാണെന്നുള്ളതിന് തെളിവാകുന്നു. അതായത് വൈരുധ്യങ്ങൾ ഇല്ലാത്തതുകൊണ്ട് ഇത് അല്ലാഹുവിൽ നിന്നുള്ളതാകുന്നു. എന്നാൽ, ദീർഘദർശിയല്ലാത്തവർ കഥകളെയും കൽപ്പനകളെയും വേർതിരിക്കാത്ത കാരണത്താൽ വൈരുധ്യങ്ങൾ ഉണ്ടാക്കിക്കൊണ്ട് *മിൻ യിൻദി ഗയ്‌രില്ലാഹി* അത് അല്ലാഹുവിൽ നിന്നല്ലെന്ന് സ്ഥാപിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. അവരുടെ ബുദ്ധിയെ സംബന്ധിച്ച് ഖേദിക്കുകയല്ലാതെ എന്ത് ചെയ്യാൻ!!!(മൽഫൂദാത്ത് വാള്യം 2, പേജ് 83, 1984 പതിപ്പ്)

ഞാൻ പറഞ്ഞു വന്നതുപോലെ ഇതിലുള്ള കഥകളെല്ലാം പ്രവചനങ്ങൾ ഉൾക്കൊള്ളുന്നതാണ്. രണ്ടാമത്തേത് കൽപനകളാണ്. അവയെ പരസ്പരംകൂട്ടിക്കലർത്തി ചിലർ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ അവർ അബദ്ധത്തിൽച്ചെന്ന് ചാടുന്നു. അവയെ മനസ്സിലാക്കാനുള്ള ദിവ്യബോധം അവർക്കില്ല. അതുകൊണ്ട് തഫ്സീർ ചെയ്യുന്നവർക്കുമേൽ മാറ്റത്തിരുത്തലുകൾ ചെയ്തു എന്ന ആരോപണം ഉന്നയിക്കുന്നു.

## ത്വാലിബെ ദുആ

"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."(അബൂദാവൂദ്, കിതാബുൽമനാസിക്)



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


## • ഹദീഥുന്നബ്വി(സ) •

'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'
(തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

വിശുദ്ധ ഖുർആനിന്റെ അധ്യാപനത്തിന്റെ ഉദാത്തമായ സവിശേഷഗുണങ്ങളെ കുറിച്ച് വിവരിച്ചു കൊണ്ട് ആ മഹാത്മാവ് പറയുന്നു: 'വിശുദ്ധ ഖുർആനിന്റെ ശ്രേഷ്ഠതകളിൽ അതിന്റെ അധ്യാപനങ്ങളും ഉൾപ്പെടുന്നു. കാരണം അത് മനുഷ്യ പ്രകൃതിക്കും മനുഷ്യ നന്മക്കും തികച്ചും അനുസൃതമാകുന്നു. ഉദാഹരണമായി, തൗറാത്തിന്റെ അധ്യാപനം പല്ലിനു പകരം പല്ലും കണ്ണിനു പകരം കണ്ണുമാണ്. ഇഞ്ചീൽ പറയുന്നത് തിന്മയെ ഒരിക്കലും എതിർക്കരുതെന്നും പ്രത്യുത ആരെങ്കിലും ഒരു കരണത്തടിച്ചാൽ മറ്റേ കരണവും കാണിച്ചു കൊടുക്കുക എന്നുമാണ്. എന്നാൽ, വിശുദ്ധ ഖുർആൻ പറയുന്നു: *ജസാഉ സയ്യിഅത്തിൻ സയ്യിഅത്തുൻമ്മിഥ്‌ലുഹാ ഫമൻ അഫാ വ അസ്‌ലഹ ഫഅജ്‌റുഹൂ അലല്ലാഹി*(അശ്ശൂറാ :41) അതായത് തിന്മക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ, വല്ലവനും മാപ്പു ചെയ്യുകയും (അതുമുഖേന) നന്മ വരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാണ്. കുറ്റവാളിയുടെ ശിക്ഷ മാപ്പാക്കുകയും തിന്മ പൊറുക്കുന്നതു കൊണ്ട് തിന്മ ചെയ്ത ആൾ നന്മയിലേക്ക് മാറുകയും മേലിൽ തിന്മയിൽ നിന്നു വിട്ടു നിൽക്കുകയുമാണെങ്കിൽ മാപ്പ് കൊടുക്കുന്നത് പ്രതികാരം ചെയ്യുന്നതിനേക്കാൾ ഉത്തമം. അല്ലാത്ത പക്ഷം ശിക്ഷ നൽകുകയാണ് നല്ലത്. കാരണം സ്വഭാവങ്ങൾ വ്യത്യസ്തമാകുന്നു. ചിലർ മാപ്പ് കൊടുക്കുമ്പോൾ പിന്നെ ആ തിന്മയുടെ പേരുപോലും ഉച്ചരിക്കുന്നില്ല. അതിൽനിന്ന് പിന്മാറുന്നു. പക്ഷേ, ചിലയാളുകൾ ജയിലിൽനിന്ന് പുറത്തു വന്നാലും വീണ്ടും അതേ പാപങ്ങൾ തന്നെ ചെയ്യുന്നു. ആകയാൽ, മനുഷ്യന്റെ സ്വഭാവങ്ങൾ വ്യത്യസ്തമായതുകൊണ്ട് വിശുദ്ധ ഖുർആൻ സമർപ്പിക്കുന്ന അധ്യാപനം തന്നെയാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളത്. ഇഞ്ചീലിന്റെയും തൗറാത്തിന്റെയും അധ്യാപനങ്ങൾ ഒരിക്കലും സമ്പൂർണമല്ല. പ്രത്യുത ആ അധ്യാപനം മാനുഷികമായ വൃക്ഷത്തിന്റെ ശാഖകളിൽ ഒരു ശാഖയുമായി മാത്രം ബന്ധം വെക്കുന്നവയാണ്. ആ രണ്ട് അധ്യാപനങ്ങളും പ്രത്യേക ജനതയ്ക്കും പ്രത്യേക നാട്ടിനുമുള്ള നിയമങ്ങളാണ്. എന്നാൽ, ഖുർആനിക അധ്യാപനങ്ങൾ എല്ലാ മനുഷ്യ വിഭാഗങ്ങളെയും പരിഗണിച്ചുകൊണ്ടുള്ളതാണ്.

ഈ ഉദാഹരണം മുമ്പേ കഴിഞ്ഞ ഖുത്ബയിലും വിവരിച്ചിരുന്നു. പക്ഷേ, അത് മറ്റൊരു വശത്തുടെയായിരുന്നു. ഇപ്പോൾ വിശുദ്ധ ഖുർആനിന്റെ ശ്രേഷ്ഠതകളുടെ അടിസ്ഥാനത്തിൽ ഈ ഉദ്ധരണി അവതരിപ്പിക്കുകയാണ്.

വീണ്ടും പറയുന്നു: ഇഞ്ചീലിന്റെ മറ്റൊരു അധ്യാപനമുണ്ട്. മറ്റൊരു ഉദാഹരണം നൽകുകയാണ്. ഈ ഒരു ഉദാഹരണം മാത്രമല്ല. മറിച്ച് ഉദാഹരണങ്ങളാണ് നൽകുന്നത്. അതായത് ഇഞ്ചീൽ കല്പിക്കുന്നു. നീ അന്യസ്ത്രീയെ ശൃംഗാര ദൃഷ്ടിയോടെ നോക്കരുത്. എന്നാൽ, ശൃംഗാര ദൃഷ്ടിയോടെയാണെങ്കിലും അല്ലാത്ത രീതിയിലാണെങ്കിലും അന്യസ്ത്രീയെ നീ നോക്കരുതെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. കാരണം അത് എപ്പോഴെങ്കിലും നിന്റെ കാലിടറുന്നതിന് കാരണമായേക്കാം. തങ്ങൾ പരിപാവന ദൃഷ്ടിയോടെയാണ് നോക്കുന്നതെന്ന് ചിലർ പറയാറുണ്ട്. അവിടന്ന് പറയുന്നു, പരിശുദ്ധ ദൃഷ്ടിയോടെയും നോക്കേണ്ട. കാരണം അത് നിങ്ങൾക്ക് കാലിടറാൻ കാരണമാകും. പ്രത്യുത ആവശ്യമായ ഘട്ടങ്ങളിൽ പാതിയടഞ്ഞ ദൃഷ്ടിയോടുകൂടി നോക്കുക. അതല്ലാതെ കണ്ണു തുറന്നു പിടിച്ച് തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റരുത്. അതായത് ആവശ്യം വരുമ്പോൾ പാതിയടഞ്ഞ കണ്ണുകൊണ്ട് നോക്കാവുന്നതാണ്. അവരെ പൂർണമായും കാണാൻ ഇടവരരുത്. കണ്ണ് തുറിച്ച് നോക്കരുത്. അത്യാവശ്യമെങ്കിൽ നോക്കാവുന്നതാണ്. വീണ്ടും പറയുന്നു: ഇഞ്ചീലിൽ പറയുന്നു, തന്റെ ഭാര്യയെ വ്യഭിചാര കുറ്റത്തിനല്ലാതെ ആരും ത്വലാഖ് ചൊല്ലരുത്. എന്നാൽ, വിശുദ്ധ ഖുർആൻ ത്വലാഖ് കേവലം വ്യഭിചാരത്തെ മാത്രമാക്കി ഒതുക്കി നിറുത്തുന്നില്ല. പ്രത്യുത സ്ത്രീയ്ക്കും പുരുഷനുമിടയിൽ ശത്രുത ഉണ്ടാകുകയാണെങ്കിൽ, ഒന്നിച്ച് പോകാൻ കഴിയുന്നില്ലെങ്കിൽ, അതല്ലെങ്കിൽ ജീവന് അപകടമുണ്ടെങ്കിൽ സ്ത്രീ വ്യഭിചാരിണി അല്ലെങ്കിൽപോലും വ്യഭിചാരത്തിന്റെ ചുവടുകൾ അവളിൽനിന്ന് ഉണ്ടാവുകയാണെങ്കിൽ അന്യപുരുഷന്മാരുമായി ഇടകലരുകയാണെങ്കിൽ ഈ എല്ലാ അവസ്ഥയിലും ആവശ്യമാണെന്ന് കണ്ടാൽ അവളെ ഒഴിവാക്കാമെന്ന ഭർത്താവിന്റെ അഭിപ്രായത്തെ മാനിക്കുന്നു. പക്ഷേ, എങ്കിലും അവിടെയും ശാസനയുണ്ട്. വളരെ കഠിനമായ ശാസനയാണുള്ളത്. അതായത് എടുത്തുചാടി ത്വലാഖ് കൊടുക്കരുത്. പറയുന്നു: ശാസനയുണ്ട്. വളരെ ശക്തമായ ശാസനയാണ്. ത്വലാഖ് കൊടുക്കുന്നതിൽ ധിറുതി കാണിക്കരുത്. ഇവിടെ പുരുഷന് ത്വലാഖ് കൊടുക്കാൻ പൂർണമായും അധികാരമുണ്ടെന്ന കാര്യത്തിലും മറുപടി നൽകിയിരിക്കുന്നു. ചില പുരുഷന്മാരുടെ വിചാരമാണ്, അവർ അതുപയോഗിക്കുകയും ചെയ്യുന്നു, സ്ത്രീയുടെമേൽ ബലാൽക്കാരവും ചെയ്യുന്നു. പറയുന്നു: 'കൃത്യമായ കാരണങ്ങളില്ലാതെ അങ്ങനെ ചെയ്യുന്നത് അനുവദനീയമല്ല. അപ്പോഴും ത്വലാഖ് കൊടുക്കാതിരിക്കാൻ ശ്രമിക്കേണ്ടതാണ്. വീണ്ടും പറയുന്നു: വിശുദ്ധഖുർആനിന്റെ അധ്യാപനങ്ങൾ മനുഷ്യന്റെ ആവശ്യങ്ങൾക്ക് അനുസൃതമാകുന്നു. അവയെ ഉപേക്ഷിക്കുകയാണെങ്കിൽ ഇടയ്ക്കിടെ പ്രശ്നങ്ങൾ ഉണ്ടാകുന്നതാണ്. അതുകൊണ്ടാണ് ചില യൂറോപ്യൻ ഭരണകൂടങ്ങൾക്ക് ത്വലാഖിനെ സംബന്ധിച്ച് നിയമങ്ങൾ പാസ്സാക്കേണ്ടി വന്നത്."(ചശ്മയെ മഅ്‌രിഫത്ത് റൂഹാനീ ഖസാഇൻ വാല്യം 23, പേജ് 413-414)

ഇപ്പോൾ നിയമത്തിലും ഇതെഴുതാറുണ്ട്, കാരണം എന്താണെന്ന് ചോദിക്കുന്നു. നിരവധി കേസുകളിൽ എന്താണ് ത്വലാഖിന് കാരണമെന്നും എന്തുകൊണ്ടു വേർപെടുന്നു എന്നതിനെല്ലാം തെളിവുകൾ നൽകേണ്ടി വരുന്നു. ഏതായാലും പറയുന്നു: ഇത് എളുപ്പത്തിൽ ചെയ്യാവുന്നതല്ല. അതുകൊണ്ട് അവർക്കും തങ്ങളുടെ നിയമങ്ങൾ ഉണ്ടാക്കേണ്ടി വന്നു. ഭൗതിക നിയമങ്ങൾ ഉണ്ടാകുകയും അത് ലംഘിക്കുകയും ചെയ്യുന്നു. അതിൽ കൂടുതൽ ശ്രേഷ്ഠതകൾ വരുത്താൻ അവർ ശ്രമിക്കുകയും ചെയ്യുന്നു. പക്ഷേ, എന്നിട്ടും അതിലെന്തെങ്കിലുമൊക്കെ ന്യൂനത അവശേഷിക്കുന്നു. എന്നാൽ, ദൈവിക നിയമങ്ങൾ മനുഷ്യപ്രകൃതിക്ക് തികച്ചും അനുഗുണമാകുന്നു. ഞാൻ ഇവിടെ വീണ്ടും വിശദീകരിക്കട്ടെ. പുരുഷന് മാത്രമല്ല ത്വലാഖ് ചെയ്യാനുള്ള അവകാശമുള്ളത്. മറിച്ച് സ്ത്രീക്കും അതൃപ്തി കാരണത്താലോ മറ്റെന്തെങ്കിലും കാരണത്താലോ ഖുലഅ് വാങ്ങാവുന്നതാണ്. പുരുഷൻ കുറ്റക്കാരനാണെന്ന് തെളിഞ്ഞാൽ അയാളുടെ അതിക്രമങ്ങൾ സ്ഥാപിക്കപ്പെടുകയാണെങ്കിൽ പുരുഷന്മാർക്ക് മഹർ തിരിച്ചു കൊടുക്കുന്നതല്ല. അയാൾ ആ മഹറും കൊടുക്കേണ്ടതായി വരും. അവകാശങ്ങളും നൽകേണ്ടതായി വരും. അതുകൊണ്ട് ഏതെങ്കിലും പുരുഷനോ സ്ത്രീക്കോ ഈ അവകാശം പുരുഷന് മാത്രമാണെന്നുള്ള ധാരണ ഉണ്ടാകേണ്ട കാര്യമില്ല. സ്ത്രീകളെ കുറിച്ച് പറയുമ്പോൾ അവിടെ ഇതിന്റെ വിശദീകരണവും നൽകുന്നതായിരിക്കും. ഏതായാലും ഈ വിഷയം തുടരുന്നതാണ്. ഇനിയും ആ മഹാത്മാവിന്റെ ഉദ്ധരണികളുണ്ട്. അതെല്ലാം സന്ദർഭമനുസരിച്ച് ഇതു സംബന്ധമായി വിവരിക്കുന്നതായിരിക്കും. അല്ലാഹു നമുക്ക് വിശുദ്ധ ഖുർആനിന്റെ ശരിയായ അധ്യാപനങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യാൻ തൗഫീഖ് നൽകുമാറാകട്ടെ.

---

(പേജ് 1ൽനിന്ന്)

രണ്ടിന്റേയും അടിത്തറ ഇളകുന്നതാണ്. ശരീഅത്ത് നിയമത്തിന്റെ ബന്ധമാണെങ്കിൽ വ്യക്തം തന്നെയാണ്. എന്നാൽ, പ്രകൃതിനിയമത്തിന്റെ എല്ലാ പുരോഗതികളും ശാസ്ത്രത്തിന്റെ എല്ലാ അടിത്തറയും തൗഹീദിൽത്തന്നെയാണുള്ളത്. കാരണം വിവിധദൈവങ്ങളെ വിശ്വസിക്കുകയാണെങ്കിൽ അവരുടേത് വിവിധ നിയമങ്ങളായിരിക്കേണ്ടതാണ്. ഇല്ലെങ്കിൽ കുറഞ്ഞപക്ഷം അതിൽ വിവിധ മാറ്റങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ അതായത് പ്രകൃതിനിയമത്തിന്റെ സുസ്ഥിരമായിട്ടുള്ള പരമ്പര ലോകത്ത് നടക്കുന്നില്ലെങ്കിൽ എല്ലാ ജ്ഞാനപരമായ പുരോഗതികളും ക്ഷണത്തിൽ നിലച്ചു പോകുന്നതായിരിക്കും. എന്തുകൊണ്ടെന്നാൽ ശാസ്ത്രത്തിന്റെ പുരോഗതിയുടേയും വിശാലമായ കണ്ടുപിടിത്തങ്ങളുടെ അടിത്തറയും നിലകൊള്ളുന്നത് ലോകത്ത് ഒരു ചിട്ടയോടുകൂടിയതും മാറ്റമില്ലാത്തതുമായ നിയമം നടന്നുകൊണ്ടിരിക്കുന്നു എന്നതിലാണ്. പ്രപഞ്ചത്തിൽ ഒരു വ്യവസ്ഥിതിയും ഇല്ലെന്നും അല്ലെങ്കിൽ നിയമം മാറിക്കൊണ്ടിരിക്കുന്നുവെന്നുമാണ് മനുഷ്യൻ ധരിക്കുന്നതെങ്കിൽ അവനൊരിക്കലും പ്രകൃതിനിയമത്തിന്റെ സൂക്ഷ്മമായ കാര്യങ്ങൾ കണ്ടുപിടിക്കുന്നതിലേക്ക് ശ്രദ്ധിക്കുമായിരുന്നില്ല.

തൗഹീദിൽ വിശ്വസിക്കണമെന്ന് കല്പിച്ചതിനുശേഷം മാതാപിതാക്കളോടു നല്ല രീതിയിൽ പെരുമാറണമെന്ന കല്പനും നല്കി. കാരണം അവരും അല്ലാഹുവിലേക്കു തന്നെയാണ് ശ്രദ്ധ നല്കുന്നത്. അവർ പ്രകൃതിപരമായ നിയമത്തിന്റെ എങ്ങനെയുള്ള വെളിപ്പെടലാണെന്നാൽ അവർ ശരീഅത്ത് അഥവാ മതനിയമത്തിലേക്ക് കൊണ്ടുപോകുന്നു. കാരണം അവർ ജനിപ്പിക്കുന്ന സത്തയിലധിഷ്ഠിതമാണ്. മാതാപിതാക്കൾ മുഖേനയുള്ള ജനനം വിളിച്ചോതുന്നത് മനുഷ്യൻ യാച്ഛികമായി ജനിച്ചതല്ലെന്നാണ്. അതിനുമുമ്പേ മറ്റൊന്നായിരുന്നു. അതിനുംമുമ്പേ മറ്റൊന്നായിരുന്നു! ചുരുക്കത്തിൽ ദീർഘമായൊരു പരമ്പരയിൽനിന്നാണ് അല്ലാഹുവിന്റെ അസ്തിത്വത്തിന് തെളിവു കിട്ടുന്നത്. സന്താനോല്പാദനത്തിന്റെ തത്ത്വം കൂടാതെ മാനുഷികമായ ബുദ്ധി ഉല്പത്തിയിലേക്ക് പോകുകയേ ഇല്ലായിരുന്നു. ഈ വ്യവസ്ഥിതി ഇല്ലായിരുന്നുവെങ്കിൽ മനുഷ്യനു ഈ സുദീർഘമായ കണ്ണിയിലേക്ക് ഒരിക്കലും ശ്രദ്ധയെ ഉണ്ടാകുമായിരുന്നില്ല. പക്ഷേ, അതിനോടൊപ്പംതന്നെ സന്താനോല്പാദന പരമ്പര മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം അതിന്റെ ലക്ഷ്യം വളരെ വലുതാണെന്നും പറയുന്നു. അതിനാൽ തൗഹീദിന്റെ കല്പനയ്ക്കുശേഷം മാതാപിതാക്കളെ സംബന്ധിച്ച് അവരോടു നന്മ പുലർത്തണമെന്ന കല്പന നല്കി. കാരണം ഒരു നന്മയോടുള്ള ആദരവ് മറ്റൊരു നന്മയുടെ ആദരവിലേക്ക് ശ്രദ്ധതിരിച്ചുവിടുന്നു.(തഫ്സീറെ കബീർ, വാല്യം 4, പേജ് 320 - 321 പ്രസാധനം ഖാദിയാൻ 2010)

● കലാമുൽ ഇമാം ●

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

**(മൽഫൂദാത്ത് വാല്യം 1, പേജ് 220)**

ത്വാലിബെ ദുആ: NEWTECH. INTERNATIONAL(P)LTD SRINGILS AND GLASS WORK ,ERNAKULAM. CONT: 79025 95215

● കലാമുൽ ഇമാം ●

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

ത്വാലിബെ ദുആ: BYZANTINE BUILDERS CONSTRUCT ANY WHERE IN KERALA CONT: 80752 22792

# ഖുത്ബ ജുമുഅ

“അത്ഭുതശക്തിയുടേയും ഔദാര്യത്തിന്റേയും സായൂജ്യത്തിന്റേയും അടയാളം നിനക്കു നല്കുന്നു. വരപ്രസാദത്തിന്റേയും അനുഗ്രഹവായ്പിന്റേയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്ക് കരസ്ഥമാകുകയാണ്. അല്ലയോ ജയശാലീ! നിനക്കു സമാധാനം!”

**പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നല്കപ്പെടും. ഒരു പാവനപുത്രൻ നിനക്കു ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽനിന്നും നിന്റെ സന്തതിയിൽനിന്നുമുള്ളവൻ തന്നെയായിരിക്കും.**

അല്ലാഹു ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന് നല്കിയ അറിവിനേയും വിജ്ഞാനത്തേയും നേരിടാൻ ഏറ്റവും വലിയ ആലിമിനുപോലും സാധ്യമല്ല. അദ്ദേഹം നല്കിയ ലിറ്ററേച്ചർ ജമാഅത്തുപരമായ ഒരു ഖജനാവാണ്.

ഈ മകനെ കുറിച്ച് അല്ലാഹു ആത്മീയവും ഭൗതികവുമായ വിജ്ഞാനങ്ങളാൽ നിറയ്ക്കപ്പെടുമെന്നും വലിയ ബുദ്ധിശാലിയും കാര്യജ്ഞനുമായിരിക്കുമെന്നും അതുപോലെ മറ്റു പല സവിശേഷതകൾക്കും ഉടമയായിരിക്കുമെന്നും പരസ്യമായി പറഞ്ഞിരുന്നു. അതെ കുറിച്ച് സ്വന്തക്കാർ മാത്രമല്ല അന്യരായ ആളുകളും സമ്മതിക്കുന്നു.

“മിർസാ മഹ്മൂദിന്റെ തഫ്സീറിന് സമാനമായ ഒരു തഫ്സീറും ഒരു ഭാഷയിലുമില്ല. മിസ്റിലെയും ശാമിലെയും പുതിയ തഫ്സീറുകൾ വാങ്ങുക. ഏതാനും മാസങ്ങൾക്കുശേഷം എന്നോട് സംസാരിക്കുക.(അഖ്തർ ഔറേനവി)

അഹ്റാരികളേ! ചെവി തുറന്നു കേട്ടുകൊള്ളുവിൻ! നിങ്ങൾക്കൊരിക്കലും മിർസാ മഹ്മൂദിനെ നേരിടാൻ കഴിയുകയില്ല. മിർസാ മഹ്മൂദിന്റെ കൈയിൽ ഖുആനികജ്ഞാനമുണ്ട്.(മൗലവി സഫർ അലി ഖാൻ)

**എന്റെ അഭിപ്രായത്തിൽ ഇതുവരെ എത്രമാത്രം ഖുർആൻ തർജമ പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ടോ അതിലൊന്നിലും തഫ്സീർ സഗീറിൽ ആശയതർജമ ചെയ്തിട്ടുള്ളതുപോലെ ചെയ്തിട്ടില്ല.(ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്)**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)എന്തെല്ലാം കാര്യങ്ങൾ പ്രവചനത്തിൽ പറഞ്ഞിട്ടുണ്ടോ അതെല്ലാം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിൽ(റ) പൂർത്തിയായി.**

## മുസ്‌ലിഹ് മൗഊദ് ദിനത്തിന് ചേർന്നവിധം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വൈജ്ഞാനിക കാര്യങ്ങളുടെ മനോഹരമായ ചർച്ച

**ഖുത്ബ ജുമുഅ ഖുത്ബ ജുമുഅ 2023 ഫെബ്രുവരി 17/1401 തബ്‌ലീഗ് 17 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഓരോ അഹ്മദിക്കും അറിയുന്നതുപോലെ ഫെബ്രുവരി 20-ാം തിയതി ജമാഅത്തിൽ മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനത്തിന്റെ ഓർമ പുതുക്കാറുണ്ട്. ഈ അവസരത്തിൽ ജമാഅത്തുകളിൽ യോഗങ്ങളും സംഘടിപ്പിക്കാറുണ്ട്. ഫെബ്രുവരി 20 ഇനിയും മൂന്ന് ദിവസങ്ങൾക്കുശേഷമാണ് വരാൻ പോകുന്നത്. എന്നാൽ, ഇന്നത്തെ ഖുത്ബയിൽ ഈ വിഷയത്തെ കുറിച്ച് കുറച്ചു കാര്യങ്ങൾ വിവരിക്കാമെന്ന് ഞാൻ കരുതി.

ഈ പ്രവചനം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീട്ടിൽ വളരെയധികം സവിശേഷഗുണങ്ങളോടുകൂടിയ ഒരു മകൻ ജനിക്കുമെന്നും അല്ലാഹുവിന്റെ പ്രത്യേക സഹായവും പിന്തുണയും ആ മകന് ലഭിക്കുമെന്നുമുള്ളതിനെയെല്ലാം കുറിച്ചാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യത്തെ, ഈ പ്രവചനത്തെ ഇങ്ങനെ വിവരിച്ചിരിക്കുന്നു. പറഞ്ഞു: “*ബി ഇൽഹാമില്ലാഹി തആലാ വ ഇഅ്‌ലാമിഹി അസ്സവജല്ല റഹീമും കരീമും* വലിയവനും അതിശ്രേഷ്ഠനും അവൻ എല്ലാ വസ്തുക്കളുടെമേലും സർവശക്തനാണ്(ജല്ല ശാനുഹൂ വ അസ്സ്മുഹൂ) എന്നെ തന്റെ ഇൽഹാമുകൊണ്ട് സംബോധന ചെയ്ത് പറഞ്ഞു: “ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നല്കുന്നു. നീ എന്നോടു ചോദിച്ച പ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർഥനകൾക്ക് സ്വീകാരം നല്കുകയും നിന്റെ യാത്ര(ലുധിയാന, ഹോശിയാർപൂർ യാത്ര)അനുഗ്രഹകരമാക്കുകയും ചെയ്തിരിക്കുന്നു. അത്ഭുതശക്തിയുടേയും ഔദാര്യത്തിന്റേയും സായൂജ്യത്തിന്റേയും അടയാളം നിനക്കു നല്കുന്നു. വരപ്രസാദത്തിന്റേയും അനുഗ്രഹവായ്പിന്റേയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്ക് കരസ്ഥമാകുകയാണ്. അല്ലയോ ജയശാലീ! നിനക്കു സമാധാനം! ജീവിതത്തെ ആഗ്രഹിക്കുന്നവർക്ക് മരണത്തിന്റെ പിടിയിൽനിന്ന് രക്ഷലഭിക്കാനും ഖബ്റുകളിൽ മറവു ചെയ്യപ്പെട്ടവർ പുറത്തുവരുമാറാകാനും ഇസ്‌ലാം മതത്തിന്റെ മേന്മയും ദൈവ വചനത്തിന്റെ പെരിമയും ജനങ്ങൾക്കു വെളിപ്പെടുന്നതിനും ഞാൻ സർവശക്തനും ഇച്ഛിക്കുന്നത് ചെയ്യുന്നവനുമാണെന്ന് ലോകത്തിന് മനസ്സിലാകുന്നതിനും ഞാൻ നിന്നോടൊപ്പമാണെന്ന് അവർക്കു ദൃഢബോധ്യം വരുന്നതിനും ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തേയും ഗ്രന്ഥത്തേയും പരിശുദ്ധ പ്രവാചകൻ മുഹമ്മദു മുസ്തഫാ(സ)യേയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനും കുറ്റവാളികളുടെ മാർഗം വെളിപ്പെടുമാറാകുന്നതിനുംവേണ്ടിയത്രെ ഇപ്രകാരം പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് നിനക്കു സുവിശേഷമായിരിക്കട്ടെ!

പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നല്കപ്പെടും. ഒരു പാവനപുത്രൻ നിനക്കു ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽനിന്നും നിന്റെ സന്തതിയിൽ നിന്നുമുള്ളവൻ തന്നെയായിരിക്കും.

സുന്ദരനായ പരിശുദ്ധ സുതൻ. നിന്റെ വിരുന്നുകാരൻ ഇതാ വരുന്നു. അവന്റെ പേര് അൻമവാഈൽ എന്നും ബശീർ എന്നുമാണ്. അവന് പാവനമായ ആത്മാവും നല്കപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽനിന്നെല്ലാം അതീതനായിരിക്കും. അവൻ നൂറുല്ലാഹ്(ദൈവത്തിന്റെ പ്രഭ) ആയിരിക്കും. ആകാശത്തുനിന്ന് വരുന്നവൻ അനുഗൃഹീതൻ.

അവന്റെ വരവോടുകൂടി വരുന്നവനോടൊപ്പം അനുഗ്രഹമുണ്ട്. അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യമുള്ളവനുമായിരിക്കും. അവൻ ലോകത്തുവന്ന് തന്റെ മസീഹിഗുണവും റൂഹുൽഹഖിന്റെ (സത്യത്തിന്റെ ആത്മാവ്) അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ്(അല്ലാഹുവിന്റെ വചനം) ആകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹം അവനെ മഹത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും.(ഇതിന്റെ അർഥം മനസ്സിലായിട്ടില്ല). തിങ്കളാഴ്ച അനുഗ്രഹപൂർണമായ തിങ്കളാഴ്ച. വാത്സല്യപുത്രൻ. മഹാഭാഗ്യവാനായുള്ളവൻ. *മള്ഹറുൽ അവ്വലി വൽആഖിരി-മള്ഹറുൽ ഹഖ്ഖി വൽ അലാഇ-കഅന്നല്ലാഹ നസല മിനസ്സമാഇ* ആദ്യന്തരഹിതനായ അല്ലാഹു പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റേയും ഔന്നത്യത്തിന്റേയും നിലയനവുമായുള്ളവൻ; അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിയതുപോലെ. അവന്റെ ആവിർഭാവം എത്രയും അനുഗൃഹീതവും ദൈവത്തിന്റെ പ്രതാപം വെളിപ്പെടുന്നതിന്

കാരണവുമായിരിക്കും. ഏതൊരുവനെ അല്ലാഹു തന്റെ അഭീഷ്ടമാകുന്ന പരിമളംകൊണ്ട് പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രതാപശാലി വരുന്നു. നാം നമ്മുടെ വചനം അവനിൽ ആക്കും. അവന്റെ തലയ്ക്കുമീതെ അല്ലാഹുവിന്റെ നിഴലുണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നു വരികയും ബന്ധനസ്ഥരുടെ മോചനത്തിന് കാരണമാകുകയും ചെയ്യും. ഭൂമിയുടെ മുക്കിലും മൂലയിലും അവൻ കീർത്തി പ്രാപിക്കും. ജാതികൾ അവനിൽനിന്ന് അനുഗ്രഹം കൈക്കൊള്ളും. അനന്തരം അവൻ സ്വർഗത്തിൽ തനിയ്ക്കുള്ള സ്ഥാനത്തേക്ക് കരേറ്റപ്പെടും. വകാന അംറൻമ്മഖ്ളിയ്യൻ ഇതു വിധിച്ചുപോയ കാര്യമാകുന്നു." (ആഇനയെ കമാലാത്തെഇസ്‌ലാം, റൂഹാനീ ഖസാഇൻ വാള്യം 5, പേജ് 647)

ഈ പ്രവചനപ്രകാരം നിശ്ചിത കാലത്തിനുള്ളിൽ ആ മകൻ ജനിച്ചതായി അദ്ദേഹം വിളംബരപ്പെടുത്തി. ഇവന്റെ പേര് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് എന്നാകുന്നു. അദ്ദേഹത്തെ അല്ലാഹു ഖലീഫത്തുൽ മസീഹ് ഥാനിയുടെ പദവിയിലും ഉപവിഷ്ഠനാക്കി. പിന്നെ ഒരു നീണ്ട കാലത്തിനുശേഷം അദ്ദേഹം അല്ലാഹുവിൽ നിന്നുള്ള അറിയിപ്പനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രവചിച്ച മുസ്‌ലിഹ് മൗഊദ്(വാഗ്ദത്ത പരിവർത്തനകാരി) ആകേണ്ട പുത്രൻ താൻ തന്നെയാണെന്ന് വിളംബരപ്പെടുത്തി.

ഈ മകനെ കുറിച്ച് അല്ലാഹു ആത്മീയവും ഭൗതികവുമായ വിജ്ഞാനങ്ങളാൽ നിറയ്ക്കപ്പെടുമെന്നും വലിയ ബുദ്ധിശാലിയും കാര്യജ്ഞനുമായിരിക്കുമെന്നും അതുപോലെ മറ്റു പല സവിശേഷതകൾക്കും ഉടമയായിരിക്കുമെന്നും പരസ്യമായി പറഞ്ഞിരുന്നു. അതെ കുറിച്ച് സ്വന്തക്കാർ മാത്രമല്ല അന്യരായ ആളുകളും സമ്മതിക്കുന്നു. അവർ അത് നല്ലതുപോലെ അറിയുകയും അന്യരായ ആളുകൾ അത് വ്യക്തമായും പ്രകടിപ്പിക്കുകയും ചെയ്തു.

ഈ സമയത്ത് ഞാൻ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ വിജ്ഞാനപരവും വിവിധ പ്രവർത്തനങ്ങളിൽനിന്ന് ചിലതും സമർപിക്കുന്നതായിരിക്കും.

ഇക്കാര്യങ്ങൾ കേൾക്കുന്നതിനുമുമ്പേ, ഞാൻ കേൾപ്പിക്കാൻ പോകുന്ന കാര്യങ്ങൾ മുമ്പിൽ വെക്കേണ്ടതാണ്. ആ മഹാത്മാവിന്റെ കുട്ടിക്കാലം ആരോഗ്യപരമായി വളരെ ക്ഷയിച്ചതായിരുന്നു. രോഗങ്ങളിലൂടെയാണ് കഴിഞ്ഞു പോയത്. കണ്ണുകൾക്കും ബുദ്ധിമുട്ടുകളുണ്ടായിരുന്നു. ഒരു കണ്ണിന്റെ കാഴ്ചയും ഒരു ഘട്ടത്തിൽ നഷ്ടപ്പെട്ടു തുടങ്ങിയിരുന്നു.

പിന്നെ ഭൗതിക വിദ്യാഭാസപരമായും അദ്ദേഹത്തിന്റെ വിജ്ഞാനം ഇല്ലാത്തതിനു തുല്യമായിരുന്നു. അദ്ദേഹം പറയുന്നതുപോലെ തന്റെ വിദ്യാഭ്യാസം പ്രൈമറിവരെ മാത്രമേ ഉണ്ടായിരുന്നുള്ളു. പക്ഷേ, അല്ലാഹുവിന്റെ വാഗ്ദാനം അദ്ദേഹം ആത്മീയവും ഭൗതികവുമായ വിജ്ഞാനങ്ങളാൽ നിറയ്ക്കപെടും എന്നായിരുന്നു. അതുകൊണ്ട് ശക്തവും ബുദ്ധിയെ അന്ധാളിപ്പിക്കുന്നതുമായ പ്രഭാഷണങ്ങൾ അല്ലാഹു അദ്ദേഹത്തെ കൊണ്ട് ചെയ്യിച്ചു. പകരം വെക്കാനില്ലാത്ത ലേഖനങ്ങൾ അദ്ദേഹം എഴുതി. അതിനെ അന്യരും അംഗീകരിക്കുകയുണ്ടായി.

ഇന്ന് ഞാൻ ചില ഉദ്ധരണികൾ കേൾപ്പിക്കാം. അതിന് മുമ്പേ അദ്ദേഹത്തിന്റെ സാഹിത്യപരമായ രചനകളുടെയും പ്രഭാഷണങ്ങളുടെയും ലേഖനങ്ങളുടെയുംവൈജ്ഞാനികസദസ്സുകളുടെയും എണ്ണത്തെയും അതിന്റെ വലുപ്പത്തെയും കുറിച്ച് ഒരു അവലോകനം സമർപ്പിക്കാം. ഗ്രന്ഥങ്ങളും പ്രഭാഷണങ്ങളും ലേഖനങ്ങളും സന്ദേശങ്ങളുമൊക്കെയായി ഏറെക്കുറെ മുഴുവനും പ്രസിദ്ധീകരിച്ച് കഴിഞ്ഞിരിക്കുന്നു. അഥവാ പ്രസിദ്ധീകരിക്കാൻ തയ്യാറായിട്ടുണ്ട്. അൻവാറുൽ ഉലൂം എന്ന പേരിൽ പ്രഭാഷണങ്ങളും മറ്റുമുണ്ട്. അത് 38 വാള്യമായിത്തീരും. അതിന്റെ എണ്ണം 1424 ആകുന്നു. അതിന്റെ മൊത്തം പേജുകളുടെ എണ്ണം 20340 ആകുന്നു. ഏദേശം ഇത്രയുമായിത്തീരും. ഇതാണ് കണക്ക്. തഫ്സീർ കബീർ തഫ്സീർ സ്വഗീർ സഹിതം മറ്റു തഫ്സീർ നോട്ടുകളും അടക്കം 28735 പേജുണ്ട്. 1808 ജുമുഅ ഖുത്ബകളുണ്ട്. അതിന്റെ പേജുകളുടെ എണ്ണം 18705 ആകുന്നു. 51 ചെറിയ പെരുനാൾ ഖുത്ബയുണ്ട്. അതിൽ 503 പേജുണ്ട്. 42 വലിയ പെരുന്നാൾ ഖുത്ബകളുണ്ട്. 405 പേജുകളാണ് അതിലുള്ളത്. 150 നിക്കാഹ് ഖുത്ബകളുടെ പേജുകളുടെ എണ്ണം 684 ആകുന്നു. ശൂറാ പ്രഭാഷണങ്ങൾ ഒന്ന് മുതൽ മൂന്ന് വാള്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിലെ പേജുകളുടെ എണ്ണം 2131 ആണ്. ഇതുകൂടാതെയും പലതുമുണ്ട്. അതെല്ലാം കൂട്ടുകയാണെങ്കിൽ 75000 പേജുകൾ വരും. റിസർച് സെൽ 1913 മുതൽ 1970 വരെയുള്ള അൽഹക്കമിന്റെയും അൽഫള്‌ലിന്റെയും ലക്കങ്ങൾ നോക്കിയതിനുശേഷം വീണ്ടും കുറെ കാര്യങ്ങൾ കിട്ടിയിട്ടുണ്ടെന്ന് പറയുന്നു. അത് അൻവാറുൽ ഉലൂമിലെ ഒരു ഗ്രന്ഥത്തിലും ഇതുവരെ ചേർത്തിട്ടില്ല. അതിന്റെ വിശദീകരണ പ്രകാരം. 55 ലേഖനങ്ങളും 27 പ്രസംഗങ്ങളും 143 വൈജ്ഞാനിക സദസ്സുകളും (മജാലിസെ യിർഫാൻ), 222 ശീർഷകത്തിൽ മൽഫൂദാാത്തും 131 കത്തുകളും കിട്ടിഴിഞ്ഞിട്ടുണ്ട്. ഒരു വൻ വൈജ്ഞാനിക ശേഖരമാണിത്.

ഈ സമയത്ത് ഞാൻ ആദ്യമായി അദ്ദേഹത്തിന്റെ വൈജ്ഞാനിക പ്രവർത്തനങ്ങൾ വിശുദ്ധ ഖുർആനിന്റെ തർജമയും തഫ്സീറും സംബന്ധിച്ച കുറച്ചു സ്ഥിതിവിവരകണക്കുകളും അന്യരായിട്ടുള്ളവർ അതെ കുറിച്ച് പറഞ്ഞ അഭിപ്രായങ്ങളും സമർപ്പിക്കാം. തഫ്സീർ കബീറിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) 59 സൂറത്തുകളുടെ വ്യാഖ്യാനമാണ് ചെയ്തിട്ടുള്ളത്. അതു പത്ത് വാള്യങ്ങളിൽ 5907 പേജുകൾ അടങ്ങുന്നതാണ്. അത് കൂടാതെ അദ്ദേഹത്തിന്റെ നിരവധി തഫ്സീർ നോട്ടുകളും കിട്ടിയിട്ടുണ്ട്. അത് ആയിരത്തോളം പേജുകളുണ്ട്. എപ്പോഴെങ്കിലും അത് പ്രസിദ്ധീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിശുദ്ധ ഖുർആനിന്റെ ആശയത്തർജമ(ബാമുഹാവറ)തഫ്സീർ സ്വഗീർ എന്ന പേരിൽ അദ്ദേഹം ചെയ്തിട്ടുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദി(റ)ന് തന്റെ ആയുസ്സിന്റെ അവസാന ഘട്ടത്തിലുണ്ടായിരുന്ന ഒരു വലിയ ആഗ്രഹം അദ്ദേഹത്തിന്റെ ജീവിതത്തിൽത്തന്നെ അദ്ദേഹം മുഖേന മുഴുവൻ വിശുദ്ധ ഖുർആനിന്റേയും നിലവാരമുള്ള ഉർദു ആശയത്തർജമയും ഹ്രസ്വമായ നോട്ട്സോടുകൂടി പ്രസിദ്ധീകരിക്കണം എന്നായിരുന്നു.

1955-ൽ യൂറോപ്യൻ യാത്രക്കുശേഷം തിരിച്ചു വന്നപ്പോൾ അദ്ദേഹത്തിന്റെ ആരോഗ്യം ഏറെ ദുർബലമായിരുന്നു. പക്ഷേ, അല്ലാഹു തന്റെ വാഗ്ദത്ത ഖലീഫയെ റൂഹുൽ ഖുദ്സ് മുഖേന ശക്തമായി പിന്തുണക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം 1956 ജൂൺ മാസത്തിൽ വേനൽക്കാലത്ത് മെരി പർവ്വതത്തിലേക്ക് പോയി. അവിടെ വിശുദ്ധ ഖുർആനിന്റെ തർജമ എഴുതിപ്പിക്കാൻ തുടങ്ങി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത് 1956 ആഗസ്റ്റ് 25-ാം തിയതി അസ്ർ നേരമാകുമ്പോഴേക്കും പൂർത്തിയായി. അവിടെ നഖ്‌ല എന്ന ഒരു സ്ഥലമുണ്ട്. അവിടെ ഒരു ചെറിയ സുഖപ്രദമായ ഒരു പ്രദേശമുണ്ട്. ഇത് കല്ലർ കഹ്ഹാറിന്റെ അടുത്തുള്ള ഒരു ചെറിയ സ്ഥലമാണ്. അവിടെയാണ് ഈ ജോലി നിർവഹിച്ചത്. തുടർന്ന് അത് രണ്ടും മൂന്നും തവണ പുനഃപരിശോധിക്കുകയും എഴുതിപ്പിക്കുകയും പ്രൂഫ് റീഡിംങ് മുതലായ കാര്യങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. തഫ്സീർ സ്വഗീർ 1957 നവംബർ 15-ാം തിയതി പ്രസിദ്ധീകരിക്കുകയുണ്ടായി.(താരീഖെ അഹ്മദിയ്യത്ത് വാള്യം 19,പേജ് 522-531)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തഫ്സീർ സ്വഗീറിനെ കുറിച്ച് ഒരിടത്ത് പറയുന്നു: "എന്റെ അഭിപ്രായത്തിൽ ഈ സമയംവരെയും ഇറങ്ങിയിട്ടുള്ള വിശുദ്ധ ഖുർആൻ തർജമകളിൽ ഒന്നും തന്നെ ഇതിലുള്ളതുപോലെ അറബി ഉർദുഭാഷയിൽ ബാമുഹാവറ തർജമകൾ(ആശയ തർജമകൾ) ഇത്രമാത്രം ശ്രദ്ധയോടെ ചെയ്തിട്ടുണ്ടാവില്ല."

പൊതുവെ നോക്കുകയാണെങ്കിൽ നോട്സുകളിലും അത് കാണാൻ കഴിയുന്നുണ്ട്. അദ്ദേഹം തർജമയിൽ ആശയങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. "ഇത്രയും കുറഞ്ഞ സമയത്തിനുള്ളിൽ ഇത്രയും മഹത്തായ ഒരു സേവനം ചെയ്യാൻ തൗഫീഖ് നൽകിയത് അല്ലാഹുവിന്റെ ഔദാര്യമാകുന്നു. അല്ലാഹു ഈ വൃദ്ധനും ദുർബലനുമായ വ്യക്തിയിലൂടെ ചെയ്ത മഹത്തായ പ്രവർത്തനങ്ങൾ വലിയ വലിയ ശക്തന്മാർക്ക് പോലും ചെയ്യാൻ കഴിഞ്ഞിട്ടില്ല." അദ്ദേഹം പറയുന്നു: "കഴിഞ്ഞ ആയിരത്തി മുന്നൂറു വർഷത്തിൽ വലിയ വലിയ ശക്തരായ യുവാക്കൾ കടന്നു കഴിഞ്ഞിട്ടുണ്ട്. പക്ഷേ, അല്ലാഹു എനിക്ക് ചെയ്യാൻ തൗഫീഖ് നൽകിയതുപോലെ മറ്റാർക്കുംതന്നെ തൗഫീഖ് ലഭിച്ചിട്ടില്ല. വാസ്തവത്തിൽ ഈ പ്രവർത്തനം അല്ലാഹുവിന്റേതാകുന്നു. അവൻ താനിഷ്ടപ്പെടുന്നവരെക്കൊണ്ട് അത് ചെയ്യിക്കുന്നു."(താരീഖെ അഹ്മദിയ്യത്ത് വാള്യം 19, പേജ് 525-526)

മറ്റൊരു സ്ഥലത്ത് അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ അനുഗ്രഹവും കരുണയുംകൊണ്ട് വിശുദ്ധ ഖുർആനിന്റെ തർജമ പൂർത്തിയായിരിക്കുന്നു. അതായത് അൽഹംദുലില്ലാഹ് മുതൽ വന്നാസ് വരെയുമുള്ള തഫ്സീർ സ്വഗീറിന്റെയും തഫ്സീർ കബീറിന്റെയും താരതമ്യം ചെയ്യുകയാണെങ്കിൽ പല വിഷയങ്ങളും തഫ്സീർ കബീറിൽ ഇല്ലാത്തത് ഹ്രസ്വമായി ഇതിലുണ്ടെന്നു മനസ്സിലാകുന്നതാണ്. (താരീഖെ അഹ്മദിയ്യത്ത് വാള്യം 19, പേജ് 530)

ഇംഗ്ലീഷ് തഫ്സീറുൽഖുർആനിന്റെയും ഒരു പ്രധാന ജോലി പൂർത്തിയായി. അതിനെ നമ്മൾ ഫൈവ് വോള്യം കമന്ററി(Five Volume Commentary)എന്നാണ് പറയുന്നത്. ഈ തഫ്സീറിന്റെ

## • അല്ലാഹുവിന്റെ കലാം: •

"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."

(വിശുദ്ധ ഖുർആൻ 14:36)

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## • ഹദീഥുന്നബ്‌വി(സ): •

"സ്വർഗത്തിന്റെ കവാടങ്ങളിൽ ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക."

(സ്വഹീഹ് മുസ്‌ലിം)

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

ആരംഭത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദി(റ)ന്റെ തൂലികകൊണ്ട് വളരെ വിസ്മയകരമായ ഒരു ആമുഖവും ചേർത്തിട്ടുണ്ട്. അതിൽ മുൻകാല ദൈവിക ഗ്രന്ഥങ്ങളുടെ സാനിധ്യത്തിൽ വിശുദ്ധ ഖുർആനിന്റെ ആവശ്യകതയെയും നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതത്തെയും ഖുർആൻ ക്രോഡീകരണത്തെയും ഖുർആൻ അധ്യാപനങ്ങളെയും കുറിച്ച് തികച്ചും ആരും പരാമർശിക്കാത്ത രീതിയിലും ഹൃദയഹാരിയായ നിലയിലും വെളിച്ചം വീശിയിട്ടുണ്ട്. ഈ ആമുഖത്തിന്റെ അവസാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നന്ദിപ്രകടനം എന്ന ശീർഷകത്തിൽ എഴുതുന്നു: 'ഞാൻ ഈ മുഖവുരയുടെ അവസാനത്തിൽ മൗലവി ശേർ അലി സാഹിബിന്റെ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നിട്ടും ഇംഗ്ലീഷ് തർജമയുടെ കാര്യത്തിൽ അദ്ദേഹത്തിന്റെ അനുപമമായ സേവനത്തെ വിലമതിക്കുന്നു. അതുപോലെതന്നെ മലിക് ഗുലാം ഫരീദ് സാഹിബ്, പരേതനായ ഖാൻ ബഹാദൂർ ചൗദ്ദരി അബുൽഹാശിം ഖാൻ സാഹിബ്, മിർസാ ബശീർ അഹ്മദ് സാഹിബ് എന്നിവരും നന്ദി അർഹിക്കുന്നു. അവർ തർജമയിൽ എന്റെ വിവിധ പ്രസംഗങ്ങളിൽനിന്നും ഗ്രന്ഥങ്ങളിൽനിന്നും ദർസുകളിൽ നിന്നും ചുരുങ്ങിയ രീതിയിൽ വ്യാഖ്യാന കുറിപ്പുകൾ തർജമയിൽ ചേർത്തിട്ടുണ്ട്." തുടർന്ന് അദ്ദേഹം എഴുതുന്നു: 'ഞാൻ ഇത്രയും കൂടി പറയാൻ ആഗ്രഹിക്കുകയാണ്., ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ശിഷ്യനായതുകൊണ്ട് വിവിധ വിഷയങ്ങളിൽ എന്റെ തഫ്സീറിലും തീർച്ചയായും അദ്ദേഹത്തിൽനിന്ന് പഠിച്ച പല കാര്യങ്ങളും വന്നിട്ടുണ്ടാകാം. അതുകൊണ്ട് ഈ തഫ്സീറിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വ്യാഖ്യാനവും ഹദ്റത്ത് ഖലീഫ അവ്വലിന്റെ വ്യാഖ്യാനവും എന്റെ വ്യാഖ്യാനവും വന്നിട്ടുണ്ട്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തന്റെ ആത്മാവിന്റെ പരിമളത്താൽ ഈ വിജ്ഞാനങ്ങളിൽ ഉപവിഷ്ടനാക്കിയിരിക്കുന്നു. അത് ഈ കാലഘട്ടത്തിന്റെ ആവശ്യമാകുന്നു. അതുകൊണ്ട് ഞാൻ പ്രതീക്ഷിക്കുന്നത്, ഈ തഫ്സീർ അഥവാ വ്യാഖ്യാനം നിരവധി ആളുകൾക്ക് രോഗശാന്തിക്ക് നിമിത്തമാകുമെന്നാണ്.

നിരവധി കുരുടന്മാർ ഇത് മുഖേന കാഴ്ചയുള്ളവരായി മാറും. ബധിരന്മാർ കേൾക്കുമാറാകും. ഊമകൾ സംസാരിച്ചുതുടങ്ങും. മുടന്തുള്ളവരും വികലാംഗരും നടന്നു തുടങ്ങും. അല്ലാഹുവും മലക്കുകളും അതിന്റെ വിഷയങ്ങളിൽ അനുഗ്രഹം വർഷിക്കും. എന്തൊരു ഉദ്ദേശ്യത്തിനാണോ ഇത് ഇറക്കിയത് അത് പൂർത്തീകരിക്കപ്പെടുമാറാകട്ടെ. അല്ലാഹുമ്മ ആമീൻ.(ദീബാച്ച് തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം, വാല്യം 20, പേജ് 507–508)

ഇന്നേവരെ ഇതു വായിച്ചിട്ടുള്ള ആളുകളും അന്യരും ക്രിസ്തീയരുംവരെ അതിനെ വളരെയധികം ശ്ലാഘിച്ചിട്ടുണ്ട്.

അല്ലാമാ നിയാസ് ഫത്തഹെപൂരി സാഹിബ് വളരെ പ്രസിദ്ധനായ എഴുത്തുകാരനും സാഹിത്യകാരനുമാണ്. 'നിഗാർ' മാസികയുടെ പത്രാധിപരുമായിരുന്നു. ഇദ്ദേഹം അഹ്മദി അല്ല. അദ്ദേഹം തഫ്സീർ കബീർ വായിച്ചതിനുശേഷം ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനു ഒരു കത്തെഴുതിയിരുന്നു. അതിൽ അദ്ദേഹം പറയുന്നു: "എന്റെ മുന്നിൽ തഫ്സീർ കബീറിന്റെ മൂന്നാമത്തെ വാല്യമാണ് ഇപ്പോഴുള്ളത്. ഞാൻ അത് വളരെ ആഴത്തിൽ നോക്കുന്നു. വിശുദ്ധ ഖുർആനിന്റെ വായനക്ക് ഒരു പുതിയ ചിന്താധാര അതുണ്ടാക്കി എന്നത് അവിതർക്കിതമാണ്. ഈ തഫ്സീർ അതിന്റെ തലത്തിൽ തികച്ചും ആദ്യത്തെ തഫ്സീറാണ്. അതിൽ ബുദ്ധിയെയും പ്രമാണത്തെയും വളരെ നല്ല രീതിയിൽ സംയോജിപ്പിച്ചിട്ടുള്ളതായി കാണാൻ കഴിയും. അങ്ങയുടെ സമുദ്രസമാനമായ വിജ്ഞാനവും വിശാലമായ കാഴ്ചപ്പാടും അനിതരസാധാരണമായ ചിന്താധാരയും മനോഹരമായ വിശദീകരണങ്ങളും അതിന്റെ ഓരോ പദത്തിലും പ്രകടമാണ്. ഈ സമയംവരെയും ഞാനെന്തുകൊണ്ട് ഇതേ കുറിച്ച് അജ്ഞനായിരുന്നു എന്നതിൽ എനിക്ക് ഖേദമുണ്ട്." ഈ കാര്യങ്ങൾ പറയുന്ന ആൾ വളരെ വിദ്യാഭ്യാസമുള്ള പണ്ഡിതനാണ്. തുടർന്ന് അദ്ദേഹം പറയുന്നു: "ഇന്നലെ സൂറ ഹൂദിന്റെ തഫ്സീറിൽ ഹദ്റത്ത് ലൂത്വ്(അ)നെ കുറിച്ച് അങ്ങയുടെ ചിന്താഗതികൾ മനസ്സിലായപ്പോൾ എന്റെ മനസ്സ് സന്തോഷഭരിതമായി. അനിയന്ത്രിതമായി അങ്ങയ്ക്ക് ഈ കത്തെഴുതാൻ ഞാൻ നിർബന്ധിതനാകുകയും ചെയ്തു. അങ്ങ് 'ഹാ ഉലാഇ ബനാത്തീ' എന്നതിന്റെ വ്യാഖ്യാനത്തിൽ മറ്റു വ്യാഖ്യാതാക്കളിൽനിന്ന് വ്യത്യസ്തമായ സംവാദ ശൈലിയാണ് സ്വീകരിച്ചിട്ടുള്ളത്. അതിനെ ശ്ലാഘിക്കാതിരിക്കാൻ എനിക്ക് നിർവാഹമില്ല."(താരീഖെ അഹ്മദിയ്യത്ത്, വാല്യം 8, പേജ് 157–158)

മറ്റൊരു കത്തിൽ അദ്ദേഹം എഴുതുന്നു: "രാത്രി കൃത്യമായും ഞാൻ അതു പാരായണം ചെയ്യുന്നുണ്ട്. എന്റെ വീക്ഷണത്തിൽ ഇതു ഉർദു ഭാഷയിൽ ഒരു പരിധിവരെ മനുഷ്യ മസ്തിഷ്കത്തിന് സമാധാനം പകരാൻ കഴിവുള്ള പ്രഥമ തഫ്സീറാകുന്നു." തുടർന്ന് പറയുന്നു: "ഈ തഫ്സീർ മുഖേന ഇസ്‌ലാമിക സേവനം എത്രമാത്രം ഉന്നതമാണെന്നാൽ അങ്ങയുടെ എതിരാളികൾക്കും അതിനെ നിരാകരിക്കാൻ കഴിയില്ല. വ ദാലിക്ക ഫള്‌ലുല്ലാഹി യുഅ്തീഹി മൻയ്യശാഉ"(തഫ്സീറെ കബീർ, വാല്യം 7, പ്രസാധകക്കുറിപ്പ്)

സേട്ട് മുഹമ്മദു അഅ്‌ളം സാഹിബ് ഹൈദ്രാബാദി പറയുന്നു: ഇദ്ദേഹം അഹ്മദിയാണ്. ഇദ്ദേഹം വിവരിക്കുന്നു. "ഇൻഡോ പാക്ക് ഉപഭൂഖണ്ഡത്തിലെ പ്രസിദ്ധനായ വ്യക്തിത്വമാണ് നവാബ് ബഹാദൂർ യാർ ജംഗ് സാഹിബ്. അദ്ദേഹവുമായി സേട്ട് സാഹിബിനു വലിയ സൗഹാർദമുണ്ടായിരുന്നു. ഈ നവാബ് ബഹാദൂർ ജംഗ് സാഹിബ് അഹ്മദി അല്ലായിരുന്നു. ഇദ്ദേഹവുമായി സേട്ട് സാഹിബിനു ബന്ധമുണ്ടായിരുന്നു. സേട്ട് സാഹിബ് പറയുന്നു, 'നവാബ് ബഹാദൂർ യാർജംഗ് സാഹിബ് തന്റെ കൂടിക്കാഴ്ചയിൽ തഫ്സീർ സ്വഗീറിനെ കുറിച്ച് പരാമർശിക്കുമായിരുന്നു. അതിന്റെ മാഹാത്മ്യത്തെ അംഗീകരിക്കുമായിരുന്നു. അദ്ദേഹം അതിലെ വൈജ്ഞാനിക കാര്യങ്ങളെ പ്രയോജനപ്പെടുത്തുന്നതിനെ കുറിച്ചും പറയുമായിരുന്നു." (താരീഖെ അഹ്മദിയ്യത്ത്, വാല്യം 8, പേജ് 158)

പട്ന university ഉർദു വിഭാഗം തലവനായ ജനാബ് അഖ്തർ ഔറേനവി സാഹിബ് എം.എ തന്റെ ഒരു സംഭവം വിവരിച്ചുകൊണ്ട് പറയുന്നു: "ഞാൻ ഒന്നിന് പിറകെ മറ്റൊന്നായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ തഫ്സീർ കബീറിന്റെ ഏതാനും വാല്യങ്ങൾ പട്ന കോളേജിലെ ഫാർസി വിഭാഗം മുൻതലവനും പട്നയിലെ ശബീന കോളേജിലെ ഇപ്പോഴത്തെ പ്രിൻസിപ്പാളുമായ പ്രൊഫസ്സർ അബ്ദുൽ മന്നാൻ ബീദൽ(ബീദൽ അല്ലെങ്കിൽ ബേദൽ) സാഹിബിന് കൊടുത്തപ്പോൾ അദ്ദേഹം ആ തഫ്സീറുകൾ വായിക്കുകയും വളരെയധികം പ്രഭാവിതനാവുകയും ചെയ്തു. അദ്ദേഹം ശംസുൽ ഹുദാ അറബി മദ്രസയിലെ പണ്ഡിതന്മാർക്കും തഫ്സീറിന്റെ ചില ഭാഗങ്ങൾ വായിക്കുന്നതിനു വേണ്ടി കൊടുത്തു. ഒരു ദിവസം പല പണ്ഡിതന്മാരെയും വിളിച്ചുകൊണ്ട് തത്സംബന്ധമായി അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞു. ഒരു സേട്ട് ശെയ്ഖ് പറഞ്ഞു: "ഫാർസി തഫ്സീറുകളിൽ ഇത്തരം തഫ്സീർ കിട്ടാനില്ല." പ്രൊഫസ്സർ അബ്ദുൽ മന്നാൻ സാഹിബ് ചോദിച്ചു: "അറബി തഫ്സീറുകളെ കുറിച്ച് എന്താണ് അഭിപ്രായം? ശെയ്ഖുമാർ നിശബ്ദരായി ഇരുന്നു. കുറച്ചുനേരം കഴിഞ്ഞ് അവരിലൊരാൾ പറഞ്ഞു: 'പട്നയിൽ എല്ലാ അറബി തഫ്സീറുകളും കിട്ടാനില്ല. മിസ്റിലെയും ശാമിലെയും എല്ലാ തഫ്സീറുകളും വായിച്ചതിനുശേഷം ശരിയായ അഭിപ്രായം ഉണ്ടാകുന്നതായിരിക്കും."

പ്രൊഫസ്സർ സാഹിബ് പുരാതന അറബി തഫ്സീറുകളെ കുറിച്ച് പരാമർശിച്ചുകൊണ്ട് പറഞ്ഞു: "മിർസാ മഹ്മൂദിന്റെ തഫ്സീറിന് സമാനമായ ഒരു തഫ്സീറും ഒരു ഭാഷയിലുമില്ല. മിസ്റിലെയും ശാമിലെയും പുതിയ തഫ്സീറുകൾ വാങ്ങുക. ഏതാനും മാസങ്ങൾക്കുശേഷം എന്നോട് പറയുക. അറബി–ഫാർസി പണ്ഡിതന്മാർ ഉണ്ടായിരുന്നുവെങ്കിലും എല്ലാവരും 'അന്തം വിട്ടിരുന്നുപോയി.' (താരീഖെ അഹ്മദിയ്യത്ത്, വാല്യം 8, പേജ് 158–159)

നിരവധി ഗ്രന്ഥങ്ങളുടെ കർത്താവും ലഖ്നൗവിലെ സിദ്ഖെ ജദീദ് പത്രത്തിന്റെ എഡിറ്ററുമായ മൗലാനാ അബ്ദുൽ മജീദ് ദരിയാബാദി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വിയോഗത്തിൽ എഴുതുന്നു: 'ഖാദിയാനി ജമാഅത്തിന്റെ ഇമാം മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് റബ്‌വയിൽ നവംബർ എട്ടിന് മരണപ്പെട്ട വിവരം കറാച്ചിയിൽനിന്ന് പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം പറയുന്നു: 'അദ്ദേഹത്തിന്റെ മറ്റു വിശ്വാസങ്ങൾ എന്തുമാകട്ടെ, ഖുർആനിന്റേയും ഖുർആനിക ജ്ഞാനങ്ങളുടേയും ആഗോള തലത്തിലുള്ള പ്രചാരണവും ഇസ്‌ലാമിന്റെ ഉന്നമനത്തിനുംവേണ്ടി അദ്ദേഹത്തിന്റെ സജീവപ്രവർത്തനങ്ങൾ തന്റെ നീണ്ട കാല ജീവിതത്തിൽ അദ്ദേഹം തുടർന്നു വന്നതാണ്. അതിനു അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. മാത്രമല്ല അദ്ദേഹത്തിന്റെ സേവനത്തിന്റെ ഫലമായി അദ്ദേഹത്തിന്റെ പൊതുവായ കാര്യങ്ങളിൽ അവൻ പൊറുത്തു കൊടുക്കുമാറാകട്ടെ. വൈജ്ഞാനികമായി പറയുകയാണെങ്കിൽ ഖുർആനിക ജ്ഞാനങ്ങളുടെ വിശദമായ വ്യാഖ്യാനവും വിവരണവും അദ്ദേഹം നൽകിയത് തീർച്ചയായും ഉന്നതതലത്തിൽ വളരെ വ്യതിരിക്തമായ സ്ഥാനത്താണുള്ളത്."(സിദ്ഖെ ജദീദ് ലഖ്നൗ, വാല്യം 15, നമ്പർ 51, 1965 നവംബർ 18, എടുത്തത് അൽഫള്ൽ റബ്‌വ, 1966 മാർച്ച് 22, പേജ് 8)

ഒരു സുപ്രസിദ്ധ അഹ്റാരി നേതാവായിരുന്ന മൗലവി മള്ഹർ അലി സാഹിബ് അള്ഹർ തന്റെ ഗ്രന്ഥമായ 'ഭയാനകമായൊരു ഗൂഢാലോചന' എന്ന പുസ്തകത്തിൽ എഴുതുന്നു: 'മൗലവി ളഫർ അലി ഖാൻ' പറഞ്ഞു: 'അഹ്മദികളെ എതിർക്കുന്നു എന്ന് വരുത്തിക്കൊണ്ട് അഹ്റാർ നല്ലവണ്ണം മുതലെടുത്തു. അഹ്മദികൾക്കെതിരിൽ അഹ്റാർ വളരെ ശക്തമായി പ്രവർത്തിക്കുന്നു. പണം സ്വരൂപിക്കുന്നതിനു വേണ്ടി മാത്രമാണത്. ഖാദിയാനികളുടെ പേരിൽ ദരിദ്രരായ മുസ്‌ലിമീങ്ങളുടെ ചർക്ക തിരിച്ചുകിട്ടുന്ന വേതനത്തിൽ കൈയിട്ടുവാരുകയാണ്. ആരെങ്കിലും ഈ അഹ്റാരികളോടു ചോദിച്ചുനോക്കട്ടെ! ശുദ്ധഗതിക്കാരായ മനുഷ്യരേ! നിങ്ങൾ മുസ്‌ലിമീങ്ങൾക്ക് എന്ത് നന്മയാണ് ചെയ്തിട്ടുള്ളത്? എന്ത് ഇസ്‌ലാമിക സേവനമാണ് നിങ്ങൾ ചെയ്തത്? നിങ്ങൾ മറന്നിട്ടെങ്കിലും ഇസ്‌ലാമിന്റെ തബ്‌ലീഗ് ചെയ്തിട്ടുണ്ടോ? അഹ്റാരികളേ! ഇദ്ദേഹം പറയുകയാണ്. അഹ്റാരികളേ! കാതു തുറന്നു കേൾക്കുവിൻ! ഇദ്ദേഹവും അഹ്റാരിയാണെന്ന് ഓർക്കുക! പറയുന്നു: അഹ്റാരികളേ! കാതു തുറന്നു കേൾക്കുവിൻ! നിങ്ങൾക്കും നിങ്ങളുടെ സിൽബന്തികൾക്കും ഖിയാമത്തുവരെ മിർസാ മഹ്മൂദിനെ നേരിടാൻ കഴിയില്ല. മിർസാ മഹ്മൂദിന്റെ കൈയിൽ വിശുദ്ധ ഖുർആനിന്റെ വിജ്ഞാനമുണ്ട്. നിങ്ങളുടെ കൈയിൽ എന്ത് മണ്ണാങ്കട്ടയാണുള്ളത്? നിങ്ങളിലാരെങ്കിലും ഖുർആനിന്റെ സാധാരണ അക്ഷരങ്ങളെങ്കിലും വായിച്ചിട്ടുണ്ടോ? നിങ്ങളൊരിക്കലും സ്വപ്നത്തിൽ പോലും ഖുർആൻ പാരായണം ചെയ്തിട്ടില്ല. ഒന്നും അറിയാത്ത നിങ്ങൾ ജനങ്ങൾക്ക് എന്ത് പഠിപ്പിക്കാനാണ്? മിർസാ മഹ്മൂദിനെ എതിർക്കാൻ

നിങ്ങളുടെ മലക്കുകൾക്കുപോലും കഴിയില്ല. മിർസ മഹ്മൂദിന്റെ കൂടെയുള്ള ജമാഅത്ത് ദേഹം കൊണ്ടും ധനം കൊണ്ടും അദ്ദേഹത്തിന്റെ ഒരു സൂചന കിട്ടുന്ന മാത്രയിൽ അദ്ദേഹത്തിന്റെ കാൽക്കീഴിൽ സർവ്വതും ത്യജിക്കാൻ തയ്യാറാണ്. നിങ്ങളുടെ പക്കൽ ശകാരങ്ങളും തെറിവാക്കുകളും മാത്രമേയുള്ളു. നിങ്ങളുടെ എതിർപ്പിൽ നിങ്ങൾക്കുമേൽ ശാപം! തുടർന്നെഴുതുന്നു: മിർസാ മഹ്മൂദിന്റെ പക്കൽ മുബല്ലിഗുമാരുണ്ട്. വിവിധ വിഷയങ്ങളിൽ പ്രാവീണ്യം നേടിയവരുണ്ട്. ലോകത്തിലെ സകല രാജ്യങ്ങളിലും അവർ കൊടി നാട്ടിയിരിക്കുന്നു. എനിക്ക് സത്യം പറയുന്നതിൽനിന്ന് പിന്മാറാൻ സാധ്യമല്ല. ഞാനിത്രയും കൂടി പറയട്ടെ! നിങ്ങൾക്ക് മിർസാ മഹ്മൂദിനെ എതിർക്കണമെങ്കിൽ നിങ്ങൾ ആദ്യം വിശുദ്ധ ഖുർആൻ പഠിക്കണം. മുബല്ലിഗുമാരെ തയ്യാറാക്കണം. അറബി മദ്രസ ആരംഭിക്കണം. എതിർക്കണമെങ്കിൽ ആദ്യം മുബല്ലിഗുമാരെ തയ്യാറാക്കൂ. അന്യദേശങ്ങളിൽ അവർക്കെതിരിൽ ഇസ്‌ലാമിന്റെ സേവനം ചെയ്യുവിൻ. മിർസായികളെ തെറി പറയുന്നത് എന്ത് മാന്യതയാണ്? ഇതാണോ ഇസ്‌ലാമിന്റെ പ്രബോധനം. ഇത് ഇസ്‌ലാമിന്റെ അടിത്തറ ഇളക്കലാണ്."(താരീഖെ അഹ്മദിയ്യത്ത് വാല്യം 6, പേജ് 513)

ലാഹോറിൽ നിന്നു പുറപ്പെടുന്ന ഇംറോസ് പത്രം 1966 മെയ് മുപ്പതാം തിയതിയിലെ പത്രത്തിൽ തഫ്സീർ കബീറിന്റെ നിരൂപണത്തിൽ എഴുതുന്നു: "വിശുദ്ധ ഖുർആൻ മുഴുവൻ മനുഷ്യരാശിക്കും സന്മാർഗ്ഗത്തിനുള്ള സ്രോതസ്സും നീരുറവയുമാകുന്നു. പ്രാരംഭകാലം മുതൽ ലോകം നിലനിൽക്കുന്നതു വരെയും ഈ പ്രകാശമാനമായ ഗ്രന്ഥം മനുഷ്യകുലത്തിനു ദീനീപരവും ഭൗതികപരവുമായ കാര്യങ്ങളിൽ നീതിയുടെ മാർഗം കാണിച്ചു കൊടുക്കുന്നതാണ്. വഴി തെറ്റിയവരെ ശരിയായ മാർഗത്തിൽ കൊണ്ടു വരുന്നതാണ്. ഇക്കാലഘട്ടത്തിൽ പണ്ഡിതന്മാരും ഇതറിഞ്ഞിരുന്നുവെങ്കിൽ എത്ര നന്നായേനെ! വിശുദ്ധ ഖുർആൻ ഒരു സമ്പൂർണ ജീവിതപദ്ധതിയാകുന്നു. ജീവിതത്തിന്റെ ഒരു മേഖലയും ഒരു ഭാഗവും ഒരു ഘട്ടവും വിശുദ്ധ ഖുർആനിൽനിന്ന് സഹായം ലഭിക്കാത്തതായിട്ടില്ല. പക്ഷേ, വിശുദ്ധ ഖുർആനിന്റെ അർഥങ്ങളെ കുറിച്ചു നല്ലപോലെ അറിവുണ്ടാകേണ്ടത് അനിവാര്യമാണ്. വിശുദ്ധ ഖുർആനിലുള്ള ദൈവിക കല്പനകളുടെ വിവക്ഷിതങ്ങൾ ശരിയായി അറിയാത്തിടത്തോളം എങ്ങനെയാണു സന്മാർഗത്തിന്റെ ശൃംഖല ആരംഭിക്കുക? അത് മനസ്സിലാക്കേണ്ടത് അനിവാര്യമാകുന്നു. എന്നാൽ, മാത്രമേ എന്താണ് എഴുതിയതെന്ന് അറിയുകയുള്ളു. ഈ ആവശ്യത്തെ മുൻനിറുത്തിക്കൊണ്ടാണ് ഖുർആനിക അർഥങ്ങളുടെ വിശദീകരണങ്ങളുടെയും വ്യാഖ്യാനങ്ങളുടെയും ശൃംഖല തുടങ്ങിയത്. വിശുദ്ധ ഖുർആനിന്റെ അവതരണം മുതൽ ഇതുവരെയും ഇനി അന്ത്യനാൾവരെയും ഈ പരമ്പര തുടർന്ന് പോകുന്നതാണ്. ഖുർആനിന്റെ അർഥങ്ങളുടെ കാര്യത്തിൽ ഏതെങ്കിലും രീതിയിൽ സഹായിച്ചവർ തീർച്ചയായും നന്ദി അർഹിക്കുന്നു. അവരോടു നന്ദിയുള്ളവരായിരിക്കേണ്ടതാണ്. മുഫസ്സിരീങ്ങൾ താന്താങ്ങളുടെ കാലത്ത് ഖുർആനിക ജ്ഞാനങ്ങളെ പ്രസിദ്ധമാക്കാൻ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളും ഈ നിലക്ക് ശ്ലാഘനീയമാണ്. അങ്ങനെ ഖുർആൻ തഫ്സീർ ഒരു പ്രത്യേക പദ്ധതിയായി രൂപപ്പെട്ടു. ഖുർആനികഅർഥങ്ങളും പാഠങ്ങളും പ്രചരിപ്പിക്കുന്ന കാര്യത്തിൽ ഒരു ശാശ്വതമായ ഒരു പരമ്പര സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അൽഹംദുലില്ലാഹ്. ഈ ശൃംഖല തുടരുന്നതുമാണ്. ഈ സമയത്ത് തഫ്സീർ സ്വഗീറിനെ കുറിച്ചാണ് ഞാൻ പറയുന്നത്. ഈ തഫ്സീർ അഹ്മദിയ്യ ജമാഅത്തിന്റെ നേതാവായ അൽഹാജ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് മാർഹൂമിന്റെ ധിഷണാപരമായ പ്രവർത്തനങ്ങളുടെ പരിണിതിയാണ്. ഖുർആനിന്റെ അറബിയോടൊപ്പം ഉർദു തർജമയും കൂടെ നൽകിയിട്ടുണ്ട്.പല ഭാഗങ്ങളിലും വിശദീകരണങ്ങൾ അടിക്കുറിപ്പായി ചേർത്തിട്ടുണ്ട്. തർജമയുടെയും അടിക്കുറിപ്പുകളുടെയും ഭാഷ വളരെ ലളിതവും സുഗ്രാഹ്യവുമാണ്.(താരീഖെ അഹ്മദിയ്യത്ത് വാല്യം 19, പേജ് 541–542)

ഖന്ദീൽ എന്ന പേരിൽ ഒരു ആഴ്ചപ്പതിപ്പുണ്ടായിരുന്നു. അവരെഴുതുന്നു: 1966 ജൂൺ 19–നു അഞ്ചുമൻ ഹിമായാത്തെ ഇസ്‌ലാം ലാഹോറും താജ് കമ്പനി ലിമിറ്റഡും ചേർന്ന് വിശുദ്ധ ഖുർആനിന്റെ പ്രസിദ്ധീകരണത്തിൽ കാണിച്ചിട്ടുള്ള ശുഷ്കാന്തി ഏറെ പ്രശംസനീയമാണ്. തുടർന്ന് തഫ്സീർ സ്വഗീറിനെ കുറിച്ച് പറയുന്നു: "തഫ്സീർ സ്വഗീറിന്റെ പ്രസിദ്ധീകരണം ഈ ഹൃദയഹാരിയായ പ്രവർത്തനത്തിൽ ഒരു വർധനയാണ്. തഫ്സീർ സ്വഗീറിലുള്ള തർജമയും വ്യാഖ്യാനവും അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ പ്രയത്നങ്ങളുടെ ഫലമാകുന്നു. തർജമയും അടിക്കുറിപ്പും വളരെ സരളമായ ഭാഷയിലാണുള്ളത്. ഏത് വിജ്ഞാന തലത്തിലുള്ള വ്യക്തിക്കും അത് പ്രയോജനപ്പെടുത്താൻ കഴിയും. തർജമയിലും തഫ്സീറിലും കഴിഞ്ഞുപോയ എല്ലാ തഫ്സീറുകളെയും പരിഹരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്......... വിശുദ്ധ ഖുർആനിനെ ഇത്രയും ഭംഗിയായി അച്ചടിച്ച് പ്രസിദ്ധീകരിച്ചത് വളരെ വലിയ ഒരു ഇസ്‌ലാമിക സേവനമാകുന്നു."(അൽഫള്ൽ, 1966 ജൂൺ 23, പേജ് 5)

ഇക്കാലത്തെ പാകിസ്താനിലെ ഉലമാ പറയുന്നു: ഇതിൽ തിരുത്തലുകൾ വരുത്തിയിരിക്കുന്നുവെന്ന്. അതുകൊണ്ട് ഇതിവിടെ ബാൻ ചെയ്യുകയാണെന്ന്! തഫ്സീർ സ്വഗീർ പാകിസ്താനിൽ ബാൻ ചെയ്തിട്ടുണ്ട്. ഇത് ആർക്കും വീട്ടിൽ പോലും വെക്കാൻ സാധ്യമല്ല. എന്നാൽ, ഇവരുടെ പൂർവികരായ നീതിബോധമുള്ള ആളുകൾ പറയുന്നു: "ശ്ലാഘനീയമാണ്, ഇതുപോലെ മറ്റൊന്നുമില്ലെന്ന്. മാത്രമല്ല അതിൽനിന്ന് വളരെയേറെ പഠിക്കാൻ കഴിയുമെന്നും പറയുന്നു.

അല്ലാഹു ഇക്കാലഘട്ടത്തിലെ പണ്ഡിതന്മാർക്കും നീതിപൂർവം കാര്യങ്ങളെ കാണാൻ തൗഫീഖ് നൽകുമാറാകട്ടെ.

ഇംഗ്ലീഷ് തഫ്സീറിന്റെ ദീനിപരവും സാഹിത്യപരവുമായ മേന്മ യൂറപ്പിലെയും അമേരിക്കയിലെയും ഉന്നതരായ വിദ്യാസമ്പന്നരെ സ്വാധീനിക്കുകയുണ്ടായി. അവർ അതെ കുറിച്ച് നല്ല നിരൂപണങ്ങളെഴുതിയിട്ടുണ്ട്.

ഉദാഹരണത്തിന് സുപ്രസിദ്ധ സ്കോളറായ എ.ജെ.ആർബറി(A.J.Arberry) പറയുന്നു? വിശുദ്ധ ഖുർആനിന്റെ ഈ പുതിയ തർജമയും വ്യാഖ്യാനവും ഒരു മഹത്പ്രവർത്തനമാകുന്നു. ഇപ്പോൾ വന്നിട്ടുള്ള ഭാഗം ഈ പ്രവർത്തനത്തിന്റെ ആദ്യപടിയാകുന്നു. അവർക്ക് ഒരു വാല്യമാണ് കിട്ടിയിരുന്നത്. തുടരുന്നു: ഖാദിയാനിലെ അഹ്മദിയ്യ ജമാഅത്തിന്റെ ഗവേഷകരായ പണ്ഡിതന്മാർ ഈ മഹത്തായ ജോലി ആരംഭിച്ചിട്ട് പതിനഞ്ചു വർഷമായി. ഇത് ഹദ്റത്ത് മിർസ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ ശ്ലാഘനീയ നേതൃത്വത്തിലാണ് നടന്നു വരുന്നത്. വിശുദ്ധ ഖുർആനിന്റെ ടെക്സ്റ്റിനോടൊപ്പം വളരെ ശരിയായ ഇംഗ്ലീഷ് തർജമയോടൊപ്പം ആയത്തുകൾക്ക് വ്യാഖ്യാനവും പ്രസിദ്ധീകരിക്കുക എന്നത് വളരെ ശ്രമകരമായൊരു ജോലിയാണ്. ആരംഭത്തിൽത്തന്നെ നീണ്ട ഒരു മുഖവുരയുണ്ട്. അത് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ തന്നെയാണ് എഴുതിയിട്ടുള്ളത്. തുടർന്ന് നിരൂപകൻ മുഖവരയിലുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് എഴുതിയതിനുശേഷം പറയുന്നു: 'ഈ പ്രവർത്തനത്തെ വൈജ്ഞാനിക ഗവേഷണ രംഗത്തുള്ള ഒരു മഹത്തായ സ്മരണികയെന്ന് പറയുകയാണെങ്കിൽ അതൊരിക്കലും അതിശയോക്തിയാകുകയില്ല. അതിന്റെ തയ്യാറെടുപ്പിന്റെ എല്ലാ ഘട്ടത്തിലും പ്രാമാണ്യയോഗ്യമായ തഫ്സീർ ഗ്രന്ഥങ്ങളും നിഘണ്ടുക്കളും ചരിത്രവും മറ്റും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഈ ഗ്രന്ഥങ്ങളുടെ നീണ്ട പട്ടിക അനുവാചകരെ സ്വാധീനിക്കുന്നതാണ്. അതിൽനിന്ന് ഈ തർജമയും തഫ്സീറും തയ്യാറാക്കിയവർ കേവലം സുപ്രസിദ്ധമായ അറബി തഫ്സീറുകൾ മാത്രമല്ല വായിച്ചതെന്നും മറിച്ച് അതോടൊപ്പം യൂറോപ്യൻ വിമർശകർ എഴുതിയിട്ടുള കാര്യങ്ങളെയും പരിഗണിച്ചിട്ടുണ്ടെന്നും മനസ്സിലാകുന്നതാണ്. തർജമയിൽ മാത്രം നോക്കുകയാണെങ്കിൽ തർജമ ഇംഗ്ലീഷ് ഭാഷാപരമായ തെറ്റുകൾക്കെല്ലാം അതീതവും വളരെ അന്തസ്സാർന്നതുമാണെന്ന് പറയാൻ കഴിയും. അമുസ്‌ലിമീങ്ങളായ ആക്ഷേപകരുടെ ആക്ഷേപങ്ങളെയും നിരാകരിച്ചിട്ടുണ്ട്. മറ്റു മതങ്ങളെ കുറിച്ച് ഉചിതമായ വിമർശനവുമുണ്ട്. അമുസ്‌ലിം വായനക്കാർക്ക് പല ഭാഗങ്ങളും ഏകപക്ഷീയവും ആക്ഷേപർഹവുമായി തോന്നുമായിരിക്കാം. പക്ഷേ, ഓർക്കുക, ഈ ഭാഗവും സദുദ്ദേശ്യത്തോടെയാണ് എഴുതിയിട്ടുള്ളത്. അത് ശ്രദ്ധാപൂർവമുള്ള വായന അർഹിക്കുന്നു. ഇതിൽനിന്ന് ദൈവഭയമുള്ളവനും വിജ്ഞാനിയുമായ മുസ്‌ലിം മറ്റു മതങ്ങളുടെ പാരമ്പര്യ അധ്യാപനങ്ങളുടെമേൽ ആക്ഷേപം ഉന്നയിക്കുമ്പോൾ, അതെന്തിനാണെന്ന് മനസ്സിലാകുന്നു."(താരീഖെ അഹ്മദിയ്യത്ത് വാല്യം 10, പേജ് 672–673)

അമേരിക്കയിലെ ആംസ്റ്റർഡാം നോർത്ത് വെസ്റ്റേൺ യൂണിവേഴ്സിറ്റി എവാൻസ്റ്റൺ(Evanston) ണി ലെ ചരിത്ര–മതസാഹിത്യവകുപ്പിന്റെ തലവനായ ഡോക്ടർ ചാൾസ് എസ് ബ്രെഡൻ(Dr.Charles S Braden) എഴുതുന്നു: "പുസ്തകം വളരെ മനോഹരമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അച്ചടിയും വളരെ നല്ലതാണ്. എളുപ്പത്തിൽ വായിക്കാൻ കഴിയും. പൊതുവായി ഇംഗ്ലീഷ് ഭാഷയിലുള്ള ഇസ്‌ലാമിക സാഹിത്യത്തിൽ ഇതു വളരെ വിലപ്പെട്ട ഒരു വജ്രമാണ്. ലോകം ഇക്കാര്യത്തിൽ അഹ്മദിയ്യ ജമാഅത്തിനോട് കടപ്പെട്ടിരിക്കുന്നു."(താരീഖെ അഹ്മദിയ്യത്ത് വാല്യം 10, പേജ് 674)

സുപ്രസിദ്ധ ക്രിസ്തീയ പത്രമായ അന്നസ്ർ എഴുതുന്നു: അഹ്മദിയ്യ ജമാഅത്ത് അമേരിക്ക, യൂറോപ്പ് തുടങ്ങിയ വൻകരകളിൽ ഇസ്‌ലാമിക സംസ്കാരത്തിന്റെ പ്രചാരണത്തിൽ വലിയ ജോലിയാണ് നിർവഹിച്ചിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾ നിരന്തരം മുബല്ലിഗുമാരെ അയച്ചുകൊണ്ടാണ് ചെയ്യുന്നത്. വിവിധ ഗ്രന്ഥങ്ങളിലൂടെയും പ്രസിദ്ധീകരണങ്ങളിലൂടെയും ഇസ്‌ലാമിന്റെ ശ്രേഷ്ഠതകളും ഹദ്റത്ത് റസൂൽ കരീം(സ)ന്റെ സത്യസാക്ഷ്യവും വിവരിക്കുന്നു. വിശുദ്ധ ഖുർആൻ ഇംഗ്ലീഷ് തർജമ കണ്ടപ്പോൾ ഞങ്ങൾക്ക് വളരെയേറെ സന്തോഷമുണ്ടായി. ഈ തർജമ അഹ്മ

## ത്വാലിബെ ദുആ

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

**(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**


## തൊഴിലാളികളെ ആവശ്യമുണ്ടോ?

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

**KHAIRUL ISLAM JAYGAM-WEST-BENGAL Phone: 97348 44732**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 23 March 2023 Issue-12

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ദിയ്യാ ജമാഅത്തിന്റെ ഇമാം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ മേൽനോട്ടത്തിലാണ് ചെയ്തിട്ടുള്ളത്. ഖുർആനിന്റെ ഈ തർജമ ആകർഷണീയവും പഠിതാക്കളുടെ കണ്ണുകൾക്കു കുളിർമ പകരുന്നതുമാണ്. ഈ തർജമ ഉന്നത ചിന്താഗതിയുടെ പ്രതിഫലനമാണ്. ഖുർആനിക ആയത്തുകൾ ഒരു കോളത്തിലും അതിനു നേരെ മറുകോളത്തിൽ തർജമയും കൊടുത്തിട്ടുണ്ട്. തുടർന്ന് വിശദമായ വ്യാഖ്യാനവും നൽകിയിട്ടുണ്ട്. അനുവാചകരിൽ ഈ വ്യാഖ്യാനത്തിൽ പാശ്ചാത്യരുടെയും യുറോപ്പിലെ എതിരാളികളുടെയും ആക്ഷേപകങ്ങൾക്കുള്ള മറുപടിയും കാണുന്നതാണ്. മറ്റൊരു ശ്രദ്ധേയമായ കാര്യമെന്തെന്നാൽ. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹമൂദ് അഹ്മദ് സാഹിബ് ഈ തർജമയോടൊപ്പം ഹദ്റത്ത് റസൂൽ(സ)ന്റെ ചരിത്രവും എഴുതിയിട്ടുണ്ട്. ഈ ചരിത്രവും തർജമയും അനുപമമാകുന്നു. (താരീഖെ അഹ്മദിയ്യത്ത് വാള്യം 9, പേജ് 675–676)

ഏതായിരുന്നാലും തഫ്സീർ കബീർ, തഫ്സീർ സ്വഗീർ, ഫൈവ് വാള്യം കമന്ററി(Five Volume Commentary) എന്നിവയെ കുറിച്ചുള്ള നിരൂപണങ്ങളാണ് ഇതെല്ലാം. ഇനി ഞാൻ ചില പ്രഭാഷണങ്ങളെ കുറിച്ച് പറയാം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ വൈജ്ഞാനിക ഖജനാവ് അദ്ദേഹം പ്രഭാഷണങ്ങളിലൂടെയും മറ്റും നമുക്ക് മുന്നിൽ സമർപ്പിച്ചു. അതിനെ അന്യരായ ആളുകളും പ്രശംസിച്ചിട്ടുമുണ്ട്. അവർ എങ്ങനെയാണ് അതിനെ കണ്ടതെന്നും ഞാൻ വിവരിക്കാം. അദ്ദേഹത്തിന്റെ ഒരു പ്രഭാഷണമാണ് നിളാമേനൗ, അഥവാ നവലോകക്രമം. അത് അദ്ദേഹം അന്യരായ ആളുകൾക്ക് മുന്നിലാണ് ചെയ്തത്. ഈ മഹത്തായ പ്രഭാഷണത്തിന്റെ ഇംഗ്ലീഷ് തർജമ പ്രസിദ്ധീകരിച്ചപ്പോൾ ഈജിപ്തിലെ അറിയപ്പെടുന്ന സാഹിത്യകാരൻ ഉസ്താദ് അബ്ബാസ് മഹ്മൂദുൽ അഖ്ഖാദ് അവിടുത്തെ സുപ്രസിദ്ധ സാഹിത്യമാസികയായ അർരിസാലയിൽ ഇങ്ങനെ നിരൂപണം എഴുതി:

“ഈ പ്രഭാഷണം വായിച്ചപ്പോൾ എനിക്ക് മനസ്സിലായതെന്തെന്നാൽ പണ്ഡിതനായ പ്രഭാഷകൻ (മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്) ലോക വ്യവസ്ഥിതിയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറയുന്നു: ‘ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും കഷ്ടതകൾ അകറ്റേണ്ടിയിരിക്കുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ ശേഖരിച്ചു വെച്ചിരിക്കുന്ന ധനം ലോകത്തുള്ള എല്ലാ സമൂഹങ്ങളിലേക്കും ജനങ്ങളിലേക്കും കൃത്യമായി വിതരണം ചെയ്യപ്പെടണം. തീർച്ചയായും പ്രഭാഷകനായ മിർസാ ബശീറുദ്ദീൻ മഹ്മൂദ് ലോകത്തിലെ സകലവ്യവസ്ഥകളിലുമുള്ള ഈ പ്രയാസത്തേയും ബുദ്ധിമുട്ടിനേയും അകറ്റാനാണ് ശ്രമിക്കുന്നത്. അതായത് ഫാഷിസവും നാസിസവും കമ്മ്യൂണിസവും മറ്റു ജനാധിപത്യ വ്യവസ്ഥിതികളും സംബന്ധിച്ച് അദ്ദേഹത്തിന് പൂർണമായ അറിവും ജ്ഞാനവുമുണ്ട്. ഇതു വെറുതെ എഴുതിയതല്ല. ഈ എല്ലാ പുതിയ ഇസങ്ങളെ കുറിച്ചും അദ്ദേഹത്തിന്നറിയാം. വളരെ ഗഹനമായ ജ്ഞാനമുണ്ട്. അതോടൊപ്പം അദ്ദേഹം വിശ്വസിക്കുന്നത് അത് ശരിയായ നിഗമനവുമാണ്. അതായത് രാഷ്ട്രീയക്കാർക്കും പാർട്ടി നേതാക്കന്മാർക്കും ഭരണകൂടങ്ങൾക്കും ഈ ദുരിതം പരിഹരിക്കാൻ കഴിയില്ല. അതുകൊണ്ട് ഈ പ്രയാസങ്ങളെ നിർധാരണം ചെയ്യാൻ ആത്മീയ ശക്തി അനിവാര്യമാകുന്നു. കാരണം ലോകത്തുള്ള എല്ലാ മനുഷ്യരുമായി ബന്ധപ്പെട്ട പ്രയാസങ്ങളുടെ ശരിയായ പരിഹാരം അല്ലെങ്കിൽ ചികിത്സ എല്ലാ ജനങ്ങളും ഒരുമിച്ചുകൂടിയാൽ മാത്രമേ ചെയ്യാൻ കഴിയുകയുള്ളു. അതുകൊണ്ടുതന്നെ സമാധാനമുണ്ടാക്കുന്ന ഏറ്റവും വലിയ കാര്യത്തിനും സൽകർമങ്ങൾക്കും പരിഷ്കരണത്തിനും ധൈര്യമുണ്ടാക്കുന്നു. അതായത് അദൃശ്യത്തെയും വിശ്വാസത്തെയും അവഗണിക്കാൻ സാധ്യമല്ല. അതിനു ശേഷം അദ്ദേഹം ഇന്ത്യയിലെ നിലവിലുള്ള വലിയ വലിയ മതങ്ങളെ കുറിച്ച് പ്രത്യേകിച്ചും ലോകത്തുള്ള ഇതര മതങ്ങളെ കുറിച്ച് പൊതുവായും ഒരു ഗവേഷണാത്മകമായ വീക്ഷണം സമർപ്പിക്കുന്നുണ്ട്. അതിലൂടെ പരിഹാരങ്ങൾ കണ്ടെത്തണം. അതയത് പ്രയാസഘട്ടത്തെ അകറ്റുന്നതിന് ഭൗതിക ലോകം അതിനെ വെറുപ്പോടെയാണ് കാണുന്നത്. അത് സമർപിച്ചുകൊണ്ട് അതിനേക്കാളും പുതിയ ഒരു വ്യവസ്ഥിതി കണ്ടെത്തണമെന്നും അത് ഇന്നത്തെ വ്യവസ്ഥിതിക്ക് പകരമായി സമർപ്പിക്കാവുന്നതുമാണ്. കാരണം ഈ ഭൗതിക ലോകവും, അതിനെ നിർധാരണം ചെയ്യാനും ഈ പ്രയാസത്തെ അകറ്റാനും ബാധ്യസ്ഥരാണ്.”

അതിന് ശേഷം എഴുതുന്നു: തുടർന്ന് അദ്ദേഹം വളരെയേറെ തെളിവുകൾ മുഖേന പറയുന്നതെന്തെന്നാൽ ഈ മതങ്ങൾ തങ്ങളുടെ പക്കലുള്ള വ്യവസ്ഥിത സമർപ്പിക്കണമെന്നത് ശരിതന്നെ. പക്ഷേ, അവർക്കത് കഴിയില്ല. തുടർന്ന് അദ്ദേഹം നിരവധി തെളിവുകൾ നൽകികൊണ്ട് ഈ മതങ്ങളിൽ ഇസ്‌ലാം മതത്തിന് മാത്രമാണ് ഈ പ്രശ്നങ്ങളെ നിർധാരണം ചെയ്യുന്നതിനുള്ള കഴിവുള്ളൂ എന്ന് സമർപ്പിക്കുന്നുണ്ട്. എല്ലാ സമൂഹങ്ങൾക്കും ജനങ്ങൾക്കും അതനുസരിച്ച് പ്രവർത്തിക്കാവുന്നതാണ്.. ഈ കാലഘട്ടത്തിലും അത് പ്രാവർത്തികമാക്കാൻ കഴിയുന്നതാണ്.”

തുടർന്ന് (മഹ്മൂദുൽഅൽഖാദ് സാഹിബ് നിളാമെനൗവിലുള്ള പ്രസ്തുത ഭാഗത്തിന്റെ സംക്ഷേപം സ്വന്തം വാക്കുകളിൽ ചേർത്തിട്ടുണ്ട്). അദ്ദേഹം പറയുന്നു:....... “മറ്റു പണ്ഡിതരായ പ്രഭാഷകരുടെ വാക്കുകളിൽ പറഞ്ഞാൽ, കേവലം ഈ മതങ്ങളുടെ വിശ്വാസത്തെ മാത്രം മേൽവരികളിൽ വളരെ ചുരുങ്ങിയ രീതിയിൽ സൂചനയെന്നോണം പരാമർശിച്ചിട്ടുണ്ട്. അവയെ പരസ്പരം താരതമ്യം ചെയ്യുന്നതിൽ ഒട്ടും കുറവ് വരുത്തിയിട്ടില്ല.” അവരാണെങ്കിൽ നീണ്ട വിശദീകരണം നൽകിയിട്ടുണ്ട്. ഏതായാലും ഞാൻ അത് വായിച്ചില്ല. എന്തായാലും പറയുന്നു: “അദ്ദേഹം സവിശേഷമായും ആ പാഠങ്ങളിൽ ആഴത്തിൽ ദൃഷ്ടി പായിച്ചിരിക്കുന്നു. വളരെ അവധാനതയോടെയാണ് കാര്യങ്ങൾ ചെയ്തിട്ടുള്ളത്. കാരണം അദ്ദേഹം പറഞ്ഞതുപോലെ ആദർശത്തിൽ മാത്രമേ പ്രതീക്ഷയർപ്പിക്കാൻ കഴിയുകയുള്ളു. തുടർന്ന് അദ്ദേഹം ആദർശങ്ങളുടെ താരതമ്യവും കൂടാതെ രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങളുടെയും താരതമ്യവും വെച്ചുകൊണ്ട് അവയെല്ലാം കർമപരമായും ആത്മീയപരമായും ലക്ഷ്യബോധത്തിൽ പരാജയമാണെന്ന് സ്ഥാപിക്കുന്നുണ്ട്. അതിനു ശേഷം നിളാമേ നൗ(നവലോകക്രമം) എന്ന പുസ്തകത്തിലുള്ള ഈ ഭാഗത്തിന്റെ സംക്ഷേപം നൽകിയിട്ടുണ്ട്. അത് രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങളെ കുറിച്ചുള്ളതാണ്. തുടർന്ന് പറയുന്നു: “ഈ ശബ്ദം യൂറോപ്പിലും അമേരിക്കയിലുമുള്ള ഇംഗ്ലീഷ് വിദ്യാസമ്പന്നർക്കിടയിൽ പരത്തുകയാണെങ്കിൽ, മാത്രമല്ല ഇന്ത്യക്കാർക്കും പാശ്ചാത്യർക്കും ഇടയിൽ പരത്തുകയാണെങ്കിലും തീർച്ചയായും അത് പ്രഭാവമുണ്ടാക്കുന്നതായിരിക്കും.” (താരീഖെ അഹ്മദിയ്യത്ത് വാള്യം 9, പേജ് 369–370)

‘ഇസ്‌ലാമിൽ ഭിന്നിപ്പിന്റെ തുടക്കം’ എന്നതും അദ്ദേഹത്തിന്റെ ഒരു പ്രഭാഷണമാകുന്നു. ഇത് ഇസ്‌ലാമിയ കോളേജ് ലാഹോറിലെ മാർട്ടിൻ ഹിസ്റ്റോറിക്കൽ സൊസൈറ്റിയുടെ (Martin Historical Society) സംഘടിപ്പിച്ച ഒരു യോഗത്തിലാണ് അവതരിപ്പിച്ചത്. ഇസ്‌ലാമിക ചരിത്രത്തിൽ പൂർണമായും പ്രാവീണ്യം നേടിയിട്ടുള്ള വൈജ്ഞാനികമായ ഈ പ്രഭാഷണം അവതരിപ്പിച്ചപ്പോൾ വലിയ വലിയ ചരിത്ര പണ്ഡിതന്മാർപോലും ആ മഹാത്മാവിന് മുന്നിൽ തങ്ങളെ ശിശുക്കളാണെന്നു മനസ്സിലാക്കി. ഇവിടെ ഞാൻ ഹുദൂറിന്റെ ഗവേഷണത്തിന്റെ സംക്ഷിപ്തം കേൾപ്പിക്കാം. അതിൽനിന്ന് ഹദ്റത്ത് ഉഥ്മാനും(റ) മറ്റു സ്വഹാബാക്കളും എല്ലാ ഫിത്നയിൽനിന്നും മാറിനിന്നവരും പരിശുദ്ധരുമാണെന്ന് വ്യക്തമാകുന്നതാണ്. മാത്രമല്ല അവരുടെ നിലപാടുകൾ ഉന്നത ധാർമികതയുടെ പ്രതിഫലനവുമായിരുന്നു അവരുടെ ചുവടുകൾ നന്മയുടെ ഉയർന്ന തലത്തിലാണ് ഉണ്ടായിരുന്നത്. ഹദ്റത്ത് ഉഥ്മാനെയോ സ്വഹാബാക്കളെയോ ആരെയും നമുക്ക് ആക്ഷേപിക്കാൻ കഴയില്ല. തുടർന്ന് പറയുന്നു: സ്വഹാബാക്കൾക്ക് ഹദ്റത്ത് ഉഥ്മാനിന്റെ ഖിലാഫത്തിൽ ഒരു ആക്ഷേപവുമില്ലായിരുന്നു. അവർ അവസാന ശ്വാസംവരെ കൂറ് പുലർത്തുകയുണ്ടായി. സ്വഹാബാക്കൾ കലാപമുയർത്തി എന്നത് തെറ്റായ ആരോപണമായിരുന്നു എന്ന് അദ്ദേഹം സമർഥിച്ചു. ഹദ്റത്ത് അലി(റ) ഹദ്റത്ത് ത്വൽഹ(റ) ഹദ്റത്ത് സുബയ്ർ(റ) തുടങ്ങിയവർ ഗൂഢാലോചന ചെയ്തു എന്ന ആരോപണവും തികച്ചും തെറ്റാകുന്നു. കൂടാതെ അൻസ്വാർ ഹദ്റത്ത് ഉഥ്മാനോട് നീരസമുള്ളവരായിരുന്നു എന്ന ആരോപണവും അദ്ദേഹം തെറ്റാണെന്ന് തെളിയിച്ചു. കാരണം അൻസ്വാറിന്റെ എല്ലാ നേതാക്കന്മാരും ഫിത്ന ഇല്ലാതാക്കാൻ ശ്രമിച്ചവരാണെന്ന് നാം കണ്ടതാണ്. ഏതായിരുന്നാലും ഇതിനെ കുറിച്ചുള്ള നിരൂപണങ്ങളും മറ്റും ഇങ്ങനെയാണ്:

ഇസ്‌ലാമിയ കോളേജിലെ പ്രൊഫസ്സർ സയ്യിദ് അബ്ദുൽ ഖാദിർ എം.എ എഴുതുന്നു: ജ്ഞാനിയായ പിതാവിന്റെ ജ്ഞാനിയായ പുത്രൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റെ പേരു തന്നെ ഈ പ്രഭാഷണത്തിന്റെ വൈജ്ഞാനികതയെ പ്രഘോഷിക്കുന്നുണ്ട്. എനിക്ക് ഇസ്‌ലാമിക ചരിത്രത്തിൽ അവഗാഹമുണ്ട്. ഹദ്റത്ത് ഉഥ്മാനിന്റെ ഖിലാഫത്ത് കാലത്തുണ്ടായ ഭിന്നിപ്പുകളുടെ അകത്തളങ്ങളിലേക്ക് കയറിച്ചെന്ന് ആ നശീകരണപരമായ ആഭ്യന്തര കലഹങ്ങളുടെ യഥാർഥ കാരണങ്ങൾ കണ്ടുപിടിക്കുന്നതിൽ വിജയിച്ച മുസ്‌ലിം അമുസ്‌ലിം ചരിത്രകാരന്മാർ ദുർലഭമാണെന്ന് എനിക്ക് ഖണ്ഡനാഭയമന്യേ പറയാൻ കഴിയും. ഹദ്റത്ത് മിർസാ സാഹിബിന് ആ ആഭ്യന്തരകലഹത്തിന്റെ യഥാർഥ കാരണം കണ്ടു പിടിക്കാൻ കഴിഞ്ഞുവെന്ന് മാത്രമല്ല കാര്യകാരണസഹിതം അത് അദ്ദേഹം വിശദീകരിക്കുകയും ചെയ്തിരിക്കുന്നു. ഈ കലഹങ്ങൾ കാരണം കുറെ കാലത്തോളം ഖിലാഫത്ത് സ്ഥാപനംതന്നെ ഇളകിക്കൊണ്ടിരുന്നു.

ഞാൻ വിചാരിക്കുന്നത് ഇത്രയും യുക്തിഭദ്രമായ പ്രഭാഷണം ഇസ്‌ലാമിക ചരിത്രത്തിൽ താൽപര്യമുള്ളവരുടെ മുന്നിൽ ഇതിന് മുമ്പേയൊരിക്കലും ഉണ്ടായിട്ടില്ല.

(തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin